# വിഷവൈദ്യം

(പ്രഥമ ചികിത്സകളും പ്രത്യൗഷധങ്ങളും)

ഗ്രന്ഥകർത്താവ്

**ബ്രദർ സൈമൺ സി. എം. ഐ.**

DHARMARAM COLLEGE
LIBRARY
BANGALORE-29

264
T 53

...വ. ...ted at the St. Joseph's Press, Mannanam.
1967.

വിഷവൈദ്യം:— പ്രഥമ ചികിത്സകളും പ്രത്യൗഷധങ്ങളും.
ഗ്രന്ഥകർത്താ— ബ്രദർ സൈമൺ സി. എം. ഐ.
ഒന്നാം പതിപ്പ്
1967 മാർച്ച്.
കോപ്പി 1000.

വില 75 പൈസ.

DHARMARAM COLLEGE LIBRARY
Ac. No 72580
Call No Q64/SI53

പകർപ്പവകാശം
ഗ്രന്ഥകർത്താവിന്.

അച്ചടി
സെൻറ് ജോസഫ്സ് പ്രസ്സ് മാന്നാനം.

# സമർപ്പണം.

**പരേതരായ**
**ബ. വില്യമച്ചന്റെയും**
**ബ. ഷാബോറച്ചന്റെയും ബ. വിൽഫ്റിഡച്ചന്റെ**
**യും പാവനസ്മരണക്കായി ഈ ലഘുഗ്രന്ഥം**
**ഞാൻ സമർപ്പിച്ചുകൊള്ളുന്നു.**

# പ്രസ്താവന

എന്റെ "വിഷവൈദ്യാമൃതം" എന്ന ചികിത്സാസഹായിയിൽ പ്രതിപാദിച്ചിരിക്കുന്ന "ഗരളഭേദി" "വിഷകുഠാരം," "വിഷസംഹാരി," "മൃതസഞ്ജീവനി" എന്നീ നാലൌഷധങ്ങൾ മാത്രം ഉപയോഗിച്ചു് ചികിത്സിച്ചിട്ടുള്ള വൈദ്യന്മാരുടെയും ബഹുജനങ്ങളുടെയും അഭ്യർത്ഥനയും മൺമറഞ്ഞ വന്ദ്യപിതാക്കന്മാരായ വില്യമച്ചൻ, ഷാബോറച്ചൻ, വിൽഫ്രിഡച്ചൻ എന്നിവരുടെ പ്രേരണയും പ്രോത്സാഹനവുമാണു് എന്റെ വ്രതവാഗ്ദാന സുവർണ്ണജൂബിലി സ്മാരകമായി ഈ ലഘുഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനു് എന്നെ പ്രേരിപ്പിച്ചതു്.

വിഷം ജംഗമമെന്നും സ്ഥാവരമെന്നും രണ്ടു വിധത്തിലാണു്. സ്ഥാവരവിഷബാധ അപൂർവ്വമായും യാദൃച്ഛികമായും മാത്രം ഏല്ക്കാറുള്ള ഒന്നാണു്. ഏതു വിഷബാധയും മനുഷ്യജീവനെ ക്ഷണനേരംകൊണ്ടു് അപകടത്തിലാക്കുന്നു. ഇങ്ങനെ മനുഷ്യനെ ക്ഷണത്തിൽ മരണവക്ത്രത്തിലെത്തിക്കുന്ന വിഷം ബാധിച്ചിട്ടുള്ള രോഗികളെ ശുശ്രൂഷിക്കുന്നതിനു് ഇന്നു് വേണ്ടത്ര സൗകര്യങ്ങൾ നമ്മുടെ നാട്ടിലില്ല. "ചാൺ ഭൂമിക്കു് മുഴം പാമ്പു്" എന്ന ചൊല്ലു കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താണു്. അതിനാൽ വൈദ്യപരിചരണം ലഭിക്കുന്നതിനു മുമ്പു് വിഷബാധയേല്ക്കുന്ന രോഗികൾക്കു് വേണ്ട പ്രഥമ ചികിത്സകൾ ചെയ്യുന്നതിനു് സാധാരണക്കാർക്കും വൈദ്യന്മാർക്കും പ്രയോജനപ്പെടണമെന്നുള്ള ഉദ്ദേശത്തിലാണു് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നതു്. അപൂർവ്വമായും യാദൃച്ഛികമായും സംഭവിക്കാറുള്ള സ്ഥാവരവിഷങ്ങളും സർപ്പാദിവിഷങ്ങൾപോലെ പെട്ടെന്നു് ജീവനെ അപഹരിച്ചുകളയുന്നവതന്നെ. എന്നാൽ സ്ഥാവര വിഷങ്ങൾക്കു തയ്യാറാക്കപ്പെട്ട ഔഷധങ്ങൾ വൈദ്യന്മാരുടെ കൈവശവും സാധാരണ കാണാറില്ല. അതിനാൽ അങ്ങനെയുള്ള സാഹചര്യങ്ങളിൽ ആർക്കും പ്രയോഗിക്കത്തക്ക പ്രത്യൗഷധവിധികളും അവയുടെ സാമാന്യചികിത്സകളും ഇതിൽ അടങ്ങിയിരി

ക്കുന്നു. പല അപൂർവ്വ ഓല ഗ്രന്ഥങ്ങളും പരിശോധിച്ച് അവയിൽനിന്നും ദിവ്യവും ശ്രദ്ധവുമായ പല യോഗങ്ങളും ഇതിൽ ചേർത്തിട്ടുള്ളതു് വൈദ്യന്മാർക്കും വിഷബാധയാൽ കഷ്ടപ്പെടുന്ന ഗ്രാമീണർക്കും പ്രയോജകീഭവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. സാധാരണക്കാരായ നാട്ടുകാർക്ക് എൻെറ ഈ ലഘുഗ്രന്ഥം ഏതെങ്കിലും വിധത്തിൽ ഫലപ്രദമായി ഭവിക്കുന്നെങ്കിൽ ഞാൻ കൃതകൃത്യനായി.

ഇതിൻെറ കൈയെഴുത്തുപ്രതി വായിച്ചുനോക്കി വിലയേറിയ അഭിപ്രായങ്ങൾ എഴുതി അയച്ചുതന്ന റിട്ടയേർഡ് സിവിൽ സർജ്ജൻ ഡോക്ടർ ററി. സി. തോമ്മസ്സ്, ആലപ്പുഴ സെൻറ് ജോർജ്ജ് മെഡിക്കൽ മിഷനിലെ ഡോക്ടർ സി. സി. അലക്സാണ്ടർ എം. ബി. ബി. എസ്സ്., കല്ലൂക്കുന്നേൽ കെ. എം. മാത്യു വൈദ്യൻ, കുമ്മനം വിഷവൈദ്യൻ കെ. പരമു പിള്ള എന്നിവരോടും, കൂടാതെ ഈ ഗ്രന്ഥരചനയിൽ എന്നെ സഹായിച്ചിട്ടുള്ള സുഹൃത്തുക്കളോടും മുദ്രാലയാധികൃതരോടും എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

എന്നു് ഗ്രന്ഥകർത്താവു്

ബ്രദർ സൈമൺ സി. എം. ഐ.

പുമ്മററം, പുതുപ്പള്ളി.

പുതുപ്പള്ളി
25–3–1967.

# അഭിപ്രായങ്ങൾ

## I

കുമ്മനം
14–2–'67

ബ. ബ്രദർ സൈമൺ സി. എം. ഐ. അവർകൾക്ക്,

അങ്ങ് അയച്ചുതന്ന "വിഷവൈദ്യം— പ്രഥമ ചികിത്സയും പ്രത്യൗഷധങ്ങളും" എന്ന പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി ഞാൻ ആദ്യന്തം പരിശോധിച്ചു. അതു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തേണ്ട ഒരമൂല്യ ഗ്രന്ഥമാണെന്നു നിസ്സംശയം പറയാം.

വിഷത്തിനു ഇന്നു് അലോപ്പതിയിൽ ചില ചികിത്സകളുണ്ടു്. എന്നാൽ അവയുടെ വിലയുടെ ആധിക്യംനിമിത്തം സാധാരണക്കാർക്ക് അതു സഹായകരമല്ല. വിഷബാധപോലെ മനുഷ്യജീവനെ ഇത്രപെട്ടെന്നു് അപകടത്തിലാക്കുന്ന വേറൊരു രോഗമില്ല. ആയതിനാൽ വിഷബാധ ഏററവും വേഗം ചികിത്സിച്ചു നീക്കേണ്ടതാണെന്നു സിദ്ധം. ഒരു നല്ല വൈദ്യന്റെ സമീപമെത്തുന്നതിനുമുമ്പുതന്നെ വിഷബാധ ഏററവർ മരണമടയുക സാധാരണ സംഭവമായി തീർന്നിരിക്കുന്നു. ഇവയ്ക്കെല്ലാമുള്ള തക്ക പ്രതിവിധികളാണു് ബ്രദർ സൈമൺ എഴുതിയിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥം ഉൾക്കൊള്ളുന്നതു്. സാധാരണക്കാരനുപോലും എളുപ്പം വായിച്ചു മനസ്സിലാക്കത്തക്കവിധം, വലുതും ചെറുതുമായ എല്ലാത്തരത്തിലുമുള്ള വിഷബാധയുണ്ടായാൽ, ഉടനേ ചെയ്യേണ്ടതെന്തെന്നു് ഈ വിശിഷ്ടഗ്രന്ഥത്തിൽ ബ്രദർ സൈമൺ വിവരിക്കുന്നു. എന്നല്ല, സാധാരണ വിഷവൈദ്യഗ്രന്ഥങ്ങളിൽ കാണാറില്ലാത്ത അനേകം ശ്രദ്ധോപദേശങ്ങളും സിദ്ധയോഗങ്ങളും ഇതിലടങ്ങിയിട്ടുള്ളതിനാൽ വൈദ്യന്മാർക്കും ഇതു വളരെ ഉപകാരപ്രദമാണു്. ഒരു വൈദ്യന്റെ സഹായംകൂടാതെ സാധാരണക്കാരായ ഗ്രാമീണർക്കും സ്വയം ഫലപ്രദമായി ചികിത്സകൾ നിശ്ചയിക്കുവാൻ ഈ അമൂല്യഗ്രന്ഥം സഹായകരമാണു്.

"പല വിഷവൈദ്യപുസ്തകങ്ങളിലും "സ്ഥാവരവിഷ" ത്തെപ്പററി പ്രതിപാദിക്കുന്നുണ്ടെങ്കിലും അതിലെല്ലാം ഉപരിയായി വളരെ പ്രായോഗികവിജ്ഞാനം പ്രദാനം ചെയ്യുന്നവിധത്തിൽ ഈ ഗ്രന്ഥത്തിൽ അവയെപ്പററി പ്രതിപാദിക്കുന്നുണ്ട്.

പഴയ താളിയോല ഗ്രന്ഥങ്ങൾ തപ്പിയെടുത്ത് അവയിൽ എഴുതപ്പെട്ടിട്ടുള്ള അപൂർവ്വ ഔഷധയോഗങ്ങൾ ഈ ഗ്രന്ഥത്തിൽ ധാരാളം കാണുന്നുണ്ട്. ബ്രദർ സൈമൻെറ ഈ വിഷയത്തിലുള്ള വിജ്ഞാനം എത്രകണ്ട് അഗാധമാണെന്നു ഇതു തെളിയിക്കുന്നു.

ഗ്രന്ഥകർത്താവിൻെറ സന്യാസ വ്രതവാഗ്ദാനത്തിൻെറ സുവർണ്ണജൂബിലസ്മാരകമായിട്ടു ഈ വിശിഷ്ടഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നറിയുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. മനുഷ്യരാശിക്കായി അർപ്പിതമായിരിക്കുന്ന അങ്ങയുടെ മഹത്തായ സേവനം ഇനിയും അനേകകൊല്ലങ്ങൾ തുടരുന്നതിനു് ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ. എൻെറ എളിയ അഭിനന്ദനങ്ങൾ അർപ്പിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

കെ. പരമുപിള്ള, വിഷവൈദ്യൻ
കുമ്മനം.

## II

വെള്ളിയേപ്പള്ളി
8–2–'67.

റവ. ബ്രദർ സൈമൺ സി. എം. ഐ. അവർകൾക്കു്,

സദയം, അങ്ങു് അയച്ചുതന്ന "വിഷവൈദ്യം– പ്രഥമ ചികിത്സയും പ്രത്യൗഷധങ്ങളും" എന്ന പുസ്തകത്തിൻെറ കയ്യെഴുത്തുപ്രതി വായിച്ചുകണ്ടു. സാധാരണക്കാർക്കും, പ്രത്യേകിച്ചു് വൈദ്യന്മാർക്കും ഉപകരിക്കത്തക്കവിധം ഈ ഗ്രന്ഥം വിരചിച്ച അങ്ങു് കേരളീയരുടെ കൃതജ്ഞത അർഹിക്കുന്നുയെന്നു നിസ്സം

ശയം പറയാവുന്നതാണ്. അങ്ങ് ഇതിനുമുമ്പും ഈ വിഷയത്തിൽ ഗ്രന്ഥരചന നടത്തിയും ചികിത്സിച്ചും അപമൃത്യുവശഗരായവരുൾപടെ അനേകായിരം രോഗികൾക്ക് രോഗവിമുക്തിയും മൃത്യുവിമുക്തിയും നൽകിയിട്ടുള്ളതു് കേരളീയർക്ക് പ്രത്യേകിച്ചു് മദ്ധ്യകേരളീയർക്ക് വിസ്മരിക്കാവതല്ല. ആയതിൽ അങ്ങ് പൊതുജനങ്ങളുടെ നിസ്സീമമായ കൃതജ്ഞതയും അഭിനന്ദനവും അർഹിക്കുന്നുണ്ട്.

അങ്ങേ വ്രതവാഗ്ദാനത്തിൻെറ സുവർണ്ണജൂബിലി വർഷം പൂർത്തിയാവുന്ന ഈ ശുഭാവസരത്തിൽ ഇത്തരം ഒരു ഗ്രന്ഥം പുറത്തുവരാൻ ഇടയാകുന്നതു് തികച്ചും ആഹ്ലാദകരമാണ്. ഗ്രന്ഥകാരനും വിഷവൈദ്യനുമായ അങ്ങ് ആതുരസേവനവും ഈ വിഷയത്തിൽ ഉപരി ഗ്രന്ഥനിർമ്മാണവും നടത്തി കേരളീയർക്കും നാട്ടാർക്കും വിഷബാധിതരായ ആതുരർക്കും ഉപകർത്താവായി ഇനിയും ദീർഘായുഷ്മാനായിരിപ്പാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

വിനീതവിധേയൻ

വൈദ്യൻ, കെ. എം. മാത്യു കല്ലുക്കളന്നേൽ.

## III

പുതുപ്പള്ളി, കോട്ടയം.
21–2–'67.

ബഹുമാനപ്പെട്ട ബ്രദർ സൈമൺ സി. എം. ഐ. എഴുതിയ "വിഷവൈദ്യം—പ്രഥമ ചികിത്സകളും പ്രത്യൗഷധങ്ങളും" എന്ന കയ്യെഴുത്തുപ്രതി ഞാൻ വളരെ താല്പര്യത്തോടുകൂടെ വായിച്ചു. ആധുനിക അലോപ്പതി ചികിത്സാസമ്പ്രദായത്തിൽ വിഷബാധയ്ക്കു് പുതിയ മരുന്നുകളും കുത്തിവെപ്പുകളുംമൂലം വളരെ ഫലപ്രദമായ നേട്ടങ്ങൾ കൈവന്നിട്ടുണ്ട്. എന്നാൽ ഈ കാലഘട്ടത്തിനു മുമ്പ് ഭാരതത്തിൻേറതു മാത്രമായ വളരെ ഫലപ്രദങ്ങളായ വിഷചികിത്സകൾ ഉണ്ടായിരുന്നു എന്നുള്ളതു് എവ

ക്കം അറിയാവുന്ന ഒരു വാസ്തവമാണ്. ഒരുപക്ഷേ ശാസ്ത്രീയമായ ഒരു സമീപനം ഈ തരം ചികിത്സകൾക്ക് പിന്നീട് ലഭിച്ചിട്ടില്ല എന്നുള്ളതുകൊണ്ടായിരിക്കാം അതിനു് അതർഹിക്കുന്ന പ്രോത്സാഹനവും പുരോഗതിയും കൈവരാൻ സാധിക്കാതെ പോയിട്ടുള്ളതു്. അപൂർവ്വവും പുരാതനവുമായ ചില ചെമ്പുതകിടുകളിൽനിന്നും താളിയോലകളിൽനിന്നും തിരഞ്ഞെടുത്ത ചില ശ്രേഷ്ഠതരങ്ങളായ യോഗങ്ങൾ ശാസ്ത്രത്തിൻെറ നവീന വെളിച്ചത്തിൽ പ്രായോഗികമാക്കിത്തീർത്തിട്ടുള്ളതിനെ നമുക്ക് പരിചയപ്പെടുത്തുകയാണു് ബ്രദർ സൈമൺ ഈ പുസ്തകംമൂലം ചെയ്തിട്ടുള്ളതു്. പഴയ ഗ്രന്ഥങ്ങൾ ലഭിക്കാൻ പ്രയാസവും അതു് ലഭിച്ചാൽതന്നെ അവ പഠിച്ചു പ്രയോഗത്തിൽ വരുത്താൻ കഴിവും ആഗ്രഹവും ഒത്തൊരുമിച്ചുള്ളവർ വിരളവുമാണ്. ഈ കാര്യത്തിൽ ബ്രദർ സൈമൺ ചെയ്തിട്ടുള്ള ശ്രമങ്ങൾ ശ്ലാഘനീയമാണ്. അദ്ദേഹം ഇപ്പോൾ പുതുപ്പള്ളിയിൽ പുമ്മററത്തു് നടത്തിക്കൊണ്ടിരിക്കുന്ന വിഷചികിത്സ വളരെ ഫലപ്രദമായിട്ടുള്ളതാണെന്നു് അദ്ദേഹത്തെ ദിനംപ്രതി ചികിത്സക്കായി സമീപിക്കുന്ന അനേകം ആളുകൾ തന്നെ സാക്ഷ്യം വഹിക്കുന്നുണ്ടു്. മാന്നാനം കാർമ്മലൈററ മോണസ്റ്ററിയോടു അനുബന്ധിച്ചുള്ള വിഷചികിത്സാകേന്ദ്രത്തിലും അദ്ദേഹം തല്പരനാണ്. അവിടെ പോകുന്നതിനും അതിൻെറ പ്രവർത്തനം കാണുന്നതിനും എനിക്ക് സന്ദർഭം ലഭിച്ചിട്ടുണ്ടു്. അലോപ്പതിചികിത്സയിൽ വിഷത്തിനു് കുത്തിവെയ്ക്കാൻ ഉപയോഗിച്ചുവരുന്ന ആൻറിവെനിൻ (Anti-venin) കൂടെ അവിടെ സജ്ജീകരിച്ചിട്ടുണ്ടു്.

ഇങ്ങനെയുള്ള വിഷചികിത്സാകേന്ദ്രങ്ങൾ വളരെ ആവശ്യവും ഉപയോഗപ്രദവുമാണ്. പ്രതിഫലം പററാതെയുള്ള ഈദൃശ സേവനം സ്തുത്യർഹവുമാണ്. ബ്രദർ സൈമൻെറ ഈ പ്രവർത്തനങ്ങൾക്കു് സകലവിധ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

ഡോക്ടർ ററി. സി. തോമസ്,

റിട്ടയേഡ്ഡ് സിവിൽ സർജ്ജൻ, ചെമ്പകനല്ലൂർ.

## IV

ആലപ്പുഴ
2--2-'67.

ആയുർവേദ വിഷചികിത്സയെ സംബന്ധിച്ച് ബഹു: ബ്രദർ സൈമൺ എഴുതിയ "വിഷവൈദ്യം— പ്രഥമ ചികിത്സകളും പ്രത്യൗഷധങ്ങളും" എന്ന പുസ്തകത്തിന്റെ കൈയെഴുത്തു പ്രതി എനിക്കു വായിക്കുന്നതിനവസരം കിട്ടി. അതിൽ വിഷജന്തുക്കളെപ്പററിയും അവ ഓരോന്നിൽനിന്നുണ്ടാകുന്ന വിഷത്തെപ്പററിയും സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. ആയുർവേദവിധിപ്രകാരം അവയ്ക്കു ചെയ്യേണ്ടുന്ന പ്രതിവിധികളും സാധാരണക്കാരനു ഫലപ്രദമാകുന്ന വിധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നമുക്കു പുരാതനമായി സിദ്ധിച്ചിട്ടുള്ള ഒററമൂലി പ്രയോഗങ്ങളും മററും അറിയാവുന്നവർ ഇന്നു വിരളമാണ്. അതു് അറിയാവുന്നവർ മററാരേയും അറിയിക്കാതെ സ്വന്തം ലാഭത്തിനുവേണ്ടി മാത്രം കൈകാര്യം ചെയ്തുവരുന്നതായിട്ടാണ് കണ്ടുവരുന്നതു്. അതിന്റെ ഫലമോ അവർ മൺമറയുമ്പോൾ ആ അറിവും അതോടുകൂടി നമുക്ക് നഷ്ടപ്പെടുകയാണ്. ബഹു. ബ്രദർ സൈമണെപ്പോലെ വിശാലമനസ്കരായുള്ള ആളുകളുടെ ഈ വിധത്തിലുള്ള സകല സംരംഭങ്ങൾക്കും നാം പൂർണ്ണ പിൻതുണയും പ്രോത്സാഹനങ്ങളും നൽകേണ്ടതു് വളരെ അത്യാവശ്യമാണ്. അദ്ദേഹം ഈ ലഘു പുസ്തകത്തിന്റെ കർത്താവു മാത്രമല്ല സകല സൗകര്യങ്ങളോടുംകൂടിയ വിഷചികിത്സാ കേന്ദ്രത്തിന്റെ മേൽനോട്ടക്കാരൻകൂടിയാണ്. ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള മരുന്നുകൾ അദ്ദേഹം പ്രയോഗിച്ചുനോക്കി വളരെ അധികം ആളുകൾക്ക് ഫലപ്രദമായിട്ടുള്ളതാണ്. ആ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളതു്.

ബഹു. ബ്രദർ സൈമൺ സി. എം. ഐ. യുടെ ഈ സംരംഭം വളരെ അഭിനന്ദനാർഹമാണ്. എന്റെ സകലവിധ ഭാവുകാശംസകളും നേന്നുകൊള്ളുന്നു.

ഡോക്ടർ സി. സി. അലക്സാണ്ടർ M. B. B. S.
St. George Medical Mission, Alleppey.

# ഉള്ളടക്കം

പേജ്.

| | | |
|---|---|---|
| 1 | പാമ്പുകളെപ്പററി ചുരുങ്ങിയ ഒരു വിവരണം | 1 |
| 2 | വിഷലക്ഷണം | 1 |
| 3 | പാമ്പു കടിക്കുവാൻ കാരണങ്ങൾ | 2 |
| 4 | വിഷമുണ്ടോ എന്നറിയുവാൻ | 3 |
| 5 | ധാതുക്കൾ | 4 |
| 6 | ത്രിദോഷം | 4 |
| 7 | മൂർഖവിഷ ധാതുവേഗവും ചികിത്സയും | 4 |
| 8 | മണ്ഡലിവിഷധാതുവേഗവും ചികിത്സയും | 6 |
| 9 | രാജിലവിഷധാതുവേഗവും ചികിത്സയും | 7 |
| 10 | വിഷം ഭിന്നിച്ചാലുള്ള ലക്ഷണം | 9 |
| 11 | അസാദ്ധ്യലക്ഷണങ്ങൾ | 9 |
| 12 | മരണപരീക്ഷ | 10 |
| 13 | പത്ഥ്യാചരണം | 10 |
| 14 | പ്രഥമ ശുശ്രൂഷാചികിത്സകൾ | 11 |
| 15 | വിയന്തിര (സങ്കരജാതി) ചികിത്സ | 12 |
| 16 | പേപ്പട്ടിവിഷലക്ഷണവും ചികിത്സയും | 12 |
| 17 | എലിവിഷം | 14 |
| 18 | തേൾവിഷം | 15 |
| 19 | ചിലന്തി (എട്ടുകാലി) വിഷം | 18 |
| 20 | അരണവിഷം | 19 |
| 21 | ഗൗളി (പല്ലി) വിഷം | 19 |
| 22 | പൂച്ചവിഷം | 19 |
| 23 | കീരിവിഷം | 20 |
| 24 | കുരങ്ങുവിഷം | 20 |
| 25 | കുതിരവിഷം | 21 |
| 26 | മത്സ്യവിഷം | 21 |
| 27 | അട്ടവിഷം | 22 |
| 28 | തേരട്ടവിഷം | 22 |
| 29 | കടന്നൽ, വണ്ടു്, തേനീച്ചവിഷങ്ങൾ | 22 |

| | | പേജ് |
|---|---|---|
| 30 | പഴുതാരവിഷം | 23 |
| 31 | ചൊറിയൻപുഴുവിഷം | 23 |
| 32 | വെററിലപ്പാമ്പുവിഷം | 24 |
| 33 | പുലിവിഷം | 24 |
| 34 | ചെവിപ്പാമ്പുവിഷം | 24 |
| 35 | പട്ടികടിച്ചാൽ പഴുക്കാതിരിക്കുന്നതിനു് | 24 |
| 36 | മൃഗങ്ങൾക്കു വിഷമേററാൽ ലക്ഷണവും ചികിത്സയും | 25 |
| 37 | കൈവിഷം | 26 |
| 38 | മനുഷ്യവിഷം | 27 |
| 39 | സ്ഥാവരവിഷചികിത്സ | 28 |

## I ധാതുവർഗ്ഗം

| | |
|---|---|
| രസംഭക്ഷിച്ചാൽ | 31 |
| പാഷാണം | 31 |
| ഗന്ധകം | 32 |
| ചുണ്ണാമ്പു് | 32 |
| അരിതാരത്തിൻെറ വികാരശാന്തിക്കു് | 32 |
| ചായില്യം | 32 |
| മനയോലയ്ക്കു് | 32 |
| ഇരുമ്പിൻെറ വികാരത്തിനു് | 32 |
| കാരീയത്തിനു് | 32 |
| വെള്ളത്തീയത്തിനു് | 32 |
| അഭ്രവികാരത്തിനു് | 33 |
| അന്നഭേദി | 33 |
| നവരത്നങ്ങളുടെ വികാരത്തിനു് | 33 |

## II മൂലവർഗ്ഗം

| | |
|---|---|
| ഉപവിഷങ്ങൾക്കു് | 33 |
| വത്സനാഭി | 33 |
| മേന്തോന്നി | 33 |
| മരോട്ടിക്കുരു തിന്നാൽ | 34 |

| | | പേജ് |
|---|---|---|
| | ചേരു പൊള്ളിയാൽ | 34 |
| | നായ്ക്കുരുണ | 34 |
| | ഉമ്മത്തിൻകുരു | 34 |
| | കാട്ടുചേന | 34 |
| | ഗഞ്ചാവ് | 35 |
| | കുന്നിക്കുരു തിന്നാൽ | 35 |
| | നീർവാളക്കുരു തിന്നാൽ | 35 |
| | ഒതളങ്ങാ ഭക്ഷിച്ചാൽ | 35 |
| | പുകയില തിന്നാൽ | 35 |
| | നഞ്ചിൻകുരു ഭക്ഷിച്ചാൽ | 36 |
| | പാമ്പിൻകൂൺ ഭക്ഷിച്ചാൽ | 36 |
| | അടയ്ക്കായുടെ ലഹരിയ്ക്ക് | 36 |
| | കള്ളിപ്പാൽ കുടിച്ചാൽ | 36 |
| | കൊട്ടുവേലിക്കിഴങ്ങ് ഭക്ഷിച്ചാൽ | 36 |
| | കാഞ്ഞിരക്കുരു ഭക്ഷിച്ചാൽ | 36 |
| | ആവണക്കിൻകുരു തിന്നാൽ | 37 |
| | ചക്കപ്പഴം ഭക്ഷിച്ചാൽ | 37 |
| | പന്നിയിറച്ചി ദഹിക്കാഞ്ഞാൽ | 37 |
| | മദ്യം സേവിച്ചാൽ | 37 |
| | കറപ്പിൻെറ ലഹരിക്ക് | 37 |
| | കറപ്പുതീററി മാററുവാൻ | 38 |
| | വിഷസാധനം ഉള്ളിൽപെട്ടാൽ | 38 |
| | വിഷമുള്ളു കൊണ്ടാൽ | 38 |
| | വിഷക്കല്ലു ചവുട്ടിയാൽ | 38 |
| | വെറുംതോന്നൽ | 38 |
| 40 | യോഗവിഷം | 39 |
| 41 | എല്ലാവിഷത്തിനും കിഴിക്ക് | 41 |
| 42 | വിഷനീരുകൾക്കു കുഴമ്പ് | 41 |
| 43 | എല്ലാ വിഷങ്ങൾക്കും പററിയ എരിക്കിലക്കിഴി | 42 |
| 44 | എല്ലാ വിഷങ്ങൾക്കും പററിയ സിദ്ധയോഗങ്ങൾ | 42 |
| 45 | ദിവ്യൗഷധങ്ങൾ | 44 |
| 46 | വിഷത്തിനു പുക ഏല്പിക്കാൻ | 46 |

| | | പേജ് |
|---|---|---|
| 47 | അണലികടിച്ച നീരിന് | 47 |
| 48 | മണ്ഡലിവിഷത്തിന് പ്രത്യേകചികിത്സ | 47 |


## അനുബന്ധം


| | | |
|---|---|---|
| 1 | പാമ്പിനെ ഓടിക്കുവാൻ | 51 |
| 2 | വിഷരോഗികൾക്കു ഭക്ഷണം | 52 |
| 3 | ശസ്ത്രപ്രയോഗം | 52 |
| 4 | ഔഷധങ്ങൾ ഉപയോഗിക്കേണ്ടും ക്രമം | 53 |
| 5 | കുളിക്കുന്നതിന് | 53 |
| 6 | വിഷരോഗിയെ തേപ്പിക്കാനുള്ള തൈലയോഗങ്ങൾ | 53 |
| 7 | ഘൃതയോഗങ്ങൾ | 54 |
| 8 | വിഷംകലന്ന ഭക്ഷണലക്ഷണങ്ങൾ | 54 |

# വിഷവൈദ്യം

## പ്രഥമചികിത്സകളും പ്രത്യൗഷധങ്ങളും

### പാമ്പുകളെപ്പററി ഒരു ചുരുങ്ങിയ വിവരണം

ഇൻഡ്യയിൽ ഒട്ടാകെ 330 ഇനം പാമ്പുകളുണ്ടെന്നാണ് അഗസ്ത്യമതം. ഇവയിൽ 29 ഇനം പാമ്പുകൾ വെള്ളത്തിൽ ജീവിക്കുന്നു. അവയ്ക്കു് കടൽമൂർഖൻ, ഓലപ്പാമ്പ്, എന്നെല്ലാം പേരുകൾ പറയുന്നു. അവയിൽ ചുരുക്കം ചിലതെല്ലാം ഭയങ്കര വിഷമുള്ളതും, ചിലതെല്ലാം കുറേശ്ശെ വിഷമുള്ളതും മററു ചിലതു് ഒട്ടും വിഷമില്ലാത്തവയുമാണ്.

കരയിൽ ജീവിക്കുന്ന പാമ്പുകളിൽ 76 ഇനം പാമ്പുകൾക്കാണ് വിഷമുള്ളതു്. ബാക്കിയുള്ളവയ്ക്കു് പല്ലിനു മാത്രമേ ഒരു തരം വിഷമുള്ളു. ആയതു് അത്ര സാരമുള്ളതല്ല.

വിഷമുള്ള പാമ്പുകളെ 4 തരമായി തിരിച്ചിരിക്കുന്നു. i. സപ്പം അഥവാ മൂർഖൻ 26 ഇനം. ii. മണ്ഡലി 16. iii. രാജിലം 13. iv. സങ്കരങ്ങൾ 21.

പാമ്പുകൾ സാധാരണയായി 125 വഷം ജീവിക്കും. എന്നാൽ അനന്തൻ, ഗുളികൻ, ശംഖപാലൻ, എന്നീ സപ്പങ്ങൾ 1008 വയസ്സുവരെ ജീവിക്കും എന്നാണു പറയുന്നതു്. അവയുടെ വിഷം ഉറച്ചുണ്ടാകുന്നതാണ് മാണിക്യക്കല്ലെന്നാണ് അഗസ്ത്യമതം.

### വിഷലക്ഷണം

വിഷഭയമേററാൽ സാധാരണക്കാർ വല്ലാതെ ഭയപ്പെടുകയും തന്മൂലം ബോധക്ഷയംതന്നെ സംഭവിക്കുകയും ചെയ്യുന്നു. എന്നാൽ വിഷം ഹേതുവാൽ ബോധം പോകുന്നതു് ഒടുവിലത്തെ ധാതുവിൽ വിഷം കയറുമ്പോഴാണ്. ആയതിനു കുറഞ്ഞതു് അരമണിക്കൂറെങ്കിലും സമയം വേണ്ടിവരും. ആ സ്ഥിതിയിൽ എത്തിയാൽ രക്ഷപെടുക അസാദ്ധ്യമാണ്. വിഷമില്ലാത്ത പാ

നുകൾ കടിച്ചാലും ചിലക്ക് ഭയം നിമിത്തം ബോധക്ഷയം അനുഭവപ്പെട്ടിട്ടുണ്ട്. ചിലപ്പോൾ മരണംപോലും സംഭവിക്കാം.

പാമ്പുകളുടെ വിഷത്തിൽ വെച്ച് ഉഗ്രത കൂടിയതു് മൂർഖൻേറതാണ്. കടിയേററ ഉടൻ തക്ക പ്രതിവിധികൾ ചെയ്യാൽ രക്ഷപെടും. മൂർഖവിഷമേററാൽ ദേഹത്തിനു ഘനം, വായുകോപം, ദേഹത്തളർച്ച, ഉറക്കം, രോമാഞ്ചം, ഈ ലക്ഷണങ്ങൾ ഉണ്ടാകും. കടിയേററ സ്ഥലത്തു് സ്നിഗ്ദ്ധത, കറത്തും വരണ്ടും കാണുക, കടിസ്ഥലത്തു് കൈതപ്പൂവിൻെറ മണം ഉണ്ടായിരിക്കുക ഇവയും മൂർഖൻെറ ലക്ഷണമാണ്.

മണ്ഡലിവിഷം ഒരു സ്ഥലത്തുതന്നെ നിൽക്കാതെ മാറിക്കൊണ്ടിരിക്കും. നീരും വേദനയും വളരെ ദിവസത്തേയ്ക്കു് അനുഭവപ്പെടും. കടിയേററ സ്ഥലം മഞ്ഞനിറമായിരിക്കും. ചൂട്, വീക്കം, പനി, കുളിർ, ശരീരം ആസകലം വേദന, പിത്തകോപം ഇവ ഉണ്ടാകും. ദംശത്തിൽ പാതിരിപ്പൂവിൻെറ മണം അനുഭവപ്പെടുന്നതാണ്.

രാജിലം കടിച്ചാൽ കഫം കോപിക്കും. തൊണ്ടയും മൂക്കും കഫത്താൽ അടയുകയും തന്മൂലം മരുന്നു് ഇറക്കാൻ അസാദ്ധ്യമാകയും ചെയ്യും. കടിസ്ഥലത്തു് തണുപ്പും നൊമ്പരവും വഴുക്കലോടുകൂടി കൊഴുത്ത ചോരയൊലിക്കലും അനുഭവപ്പെടും. കടിസ്ഥലത്തു് മുല്ലപ്പൂവിൻെറ മണം ആയിരിക്കും.

സങ്കരങ്ങൾ കടിച്ചാൽ മുൻപറഞ്ഞ മൂന്നിനം പാമ്പുകളുടേയും ലക്ഷണങ്ങൾ കാണും. കടിയ്ക്കു് കണവീരപ്പൂവിൻെറ മണമായിരിക്കും.

## പാമ്പു കടിക്കുവാൻ കാരണങ്ങൾ

ഭയം, ചിത്തഭ്രമം, വൈരാഗ്യം, ഉപദ്രവം, വിശപ്പ്, ഗർവ്വം, മുട്ടയിട്ടടയിരിക്കുക, കാലപ്രേരണ, എന്നിങ്ങനെ എട്ടു കാരണങ്ങളാൽ പാമ്പുകൾ കടിക്കാം.

പുൺവായ് വിളത്തു് കറുത്ത ചോരപുരണ്ടു് ഉമിനീരോടുകൂടി കണ്ടാൽ ചവുട്ടേററതുകൊണ്ടാണ് കടിച്ചതെന്നനുമാനിക്കാം. അതു കൃച്ഛ്രസാദ്ധ്യമാണ്. കടിച്ച സ്ഥലം വരണ്ടും കുഴിഞ്ഞും കണ്ടാൽ വിശപ്പും ദാഹവുംകൊണ്ടാണ്. അതിനു ശക്തിയുണ്ടു്. പാമ്പിനെ നൊമ്പരമേൽപ്പിച്ചിട്ടാണ് കടിക്കുവാൻ കാരണമെങ്കിൽ ചോര കറുത്തും വെളുത്തും ഒഴുകും. അതിനു

ശക്തിയുണ്ടെന്നു് ഓക്കണം. പാമ്പിൻെറ വായിലെ വെള്ളവും ചോരയും കടിച്ച പാട്ടു് ധാരാളവും കണ്ടാൽ അതു് കാലകടിയാണു്; അതിന്നു് ഒന്നും ചെയ്യണ്ട. മൂന്നു പല്ലുകൊണ്ടു് കടിച്ചു് വിസ്താരവും ചോരയും ഒലിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ദേഷ്യം സഹിക്കാതെ കടിച്ചതാണു്; അതിന്നു മരണം ഉണ്ടു് എന്നോക്കണം (പരിശ്രമിക്കണം). ചോരവാനീരോടുകൂടി പല നിറത്തിൽ കടിച്ച സ്ഥലത്തു തുറിച്ച വ്രണങ്ങൾ വളരെ കണ്ടാൽ സ്ഥാനഭ്രംശംകൊണ്ടു കടിച്ചതാണു്. അതിന്നു വളരെ യത്നിച്ചാൽ വിഷം മാറും. അല്ലെങ്കിൽ മരണം. വളഞ്ഞ മുറിവോടുകൂടി കാണുന്ന കടി ഭയംകൊണ്ടു കടിച്ചതാണു്. അതിന്നു പറയത്തക്ക വിഷമില്ല.

എന്നാൽ വാവിന്നും കറുത്തപക്ഷത്തിലും വശംനോക്കിയും മനസ്സിലാക്കണം. ഈ സന്ദർഭങ്ങളിൽ എല്ലാത്തിന്നും വിഷംകൂടും. പാമ്പിൻെറ വായിലെ വെള്ളവും, രണ്ടു പാടും ഉണ്ടെങ്കിൽ മദംകൊണ്ടു കടിച്ചതാണു്. അതിന്നു കുറച്ചു വിഷം ഉണ്ടു്. ഗർവ്വംകൊണ്ടു കടിച്ചാൽ ചോര ഒഴുകും, വായിലെ വെള്ളം ഒലിക്കും; അതിന്നും വിഷം കുറച്ചുണ്ടു്. പുൺവായ് രണ്ടിൽ കൂടുതലാണെങ്കിൽ കടിസ്ഥലം വെള്ളം നിറഞ്ഞിരിക്കും. അതു കാലകടിയിൽപെട്ടതുപോലെയിരിക്കും. അതിന്നു വളരെ ബുദ്ധിമുട്ടി പരിശ്രമിക്കണം.

പാമ്പുകൾക്കു് ഏഴു ദിവസം കൂടുമ്പോൾ വിഷപ്പല്ലിൽ വിഷം നിറയും. ആ സമയങ്ങളിൽ കല്ലിൽ, പുല്ലിൽ, മുള്ളിൽ, മരത്തിൽ, എന്നിവയിൽ കടിച്ചു വിഷം തീക്കുന്നു. ഈ സമയത്തു് മനുഷ്യനു് കടി പററിയാൽ അതു് അസാദ്ധ്യമാണു്. കുട്ടിപ്പാമ്പിന്നു കാലത്തും യുവാവിന്നു് ഉച്ചനേരത്തും വൃദ്ധന്നു സന്ധ്യനേരത്തും ആകുന്നു വിഷം കൂടുതൽ. അതു കടിച്ച സമയം ചോദിച്ചു മനസ്സിലാക്കണം. എന്നാൽ വിയന്തിരത്തിന്നു എല്ലാ നേരവും ഒരുപോലെയാകുന്നു.

## വിഷമുണ്ടോ എന്നറിയുവാൻ

ചുവന്നുള്ളി വട്ടംമുറിച്ചു് കോളുവായിൽ ഉരസിനോക്കിയാൽ വിഷം ഉണ്ടെങ്കിൽ ഉള്ളിയിന്മേൽ എന്തെങ്കിലും ഒരു വ്യത്യാസം കാണും. ഉള്ളി മുറിക്കുമ്പോൾ വട്ടം പിടിച്ചു് ഉള്ളിയേ

നോക്കിയാൽ ഉള്ളിയുടെ നിറം മനസ്സിലാകും. അതിന്റെ ശേഷമേ കോളവായിൽ ഉരസാവൂ.

## ധാതുക്കാം

(1) തൊലി (2) രക്തം (3) മാംസം (4) മേദസ്സ് (5) അസ്ഥി (6) മജ്ജ (7) ശുക്ലം.

ഒരു ധാതുവിൽനിന്ന് മറെറാന്നിലേക്ക് വിഷം വ്യാപിക്കുന്നതിനു "ധാതുവേഗം" എന്നാണ് വിഷവൈദ്യത്തിൽ പറയാറുള്ളതു്.

സപ്പദംശനമുണ്ടായാൽ വിഷം നൂറു മാത്രനേരം പുൺവായിൽത്തന്നെ നിൽക്കുമെന്നു പറയപ്പെടുന്നു. അതിനുശേഷം വിവിധ ധാതുക്കളിലേയ്ക്കു് വ്യാപിക്കുന്നു.

## ത്രിദോഷം.

ദേഹത്തിൽ വിഷം കയറിയാൽ ത്രിദോഷങ്ങൾ കോപിക്കും.

മൂർഖജാതി കടിച്ചാൽ വാതവും രാജിലജാതി കടിച്ചാൽ കഫവും മണ്ഡലിജാതി കടിച്ചാൽ പിത്തവും സങ്കരജാതി കടിച്ചാൽ വാതം, പിത്തം, കഫം ഇവ മൂന്നിൽ ഒന്നോ രണ്ടോ മൂന്നുംകൂടിയോ കോപിക്കും.

## മൂർഖവിഷധാതുവേഗം

1) തൊലിയിൽ വിഷം നില്ക്കുമ്പോൾ കടിച്ച സ്ഥലത്തു് ചുട്ടെരിച്ചിൽ, പുകച്ചിൽ ഇവ ഉണ്ടാകും.

2) രക്തത്തിൽ വിഷം നില്ക്കുമ്പോൾ പുൺവാ കറുക്കും. വിങ്ങിപ്പുകച്ചിലും ഉണ്ടാകും.

3) മാംസത്തിൽ വിഷം നില്ക്കുമ്പോൾ ചൂടും ഉറക്കവും പാടേ തളർച്ചയും ഉണ്ടാകും.

4) മേദസ്സിൽ വിഷം നില്ക്കുമ്പോൾ അംഗങ്ങൾ കോച്ചും, നൊമ്പരിക്കും, ഛർദ്ദിയുമുണ്ടാകും.

5) അസ്ഥിയിൽ വിഷം നില്ക്കുമ്പോൾ ചെവി ഊതും, കൊട്ടിയടസ്സും, (ഹൃദ്രോഗം, ബധിരത) നെഞ്ച്യ വല്ലാതെ നൊമ്പരിക്കും, പരവേശം, നെഞ്ചിൽ അഗ്നിപോലെ പുകച്ചിൽ ഇവയും കാണപ്പെട്ടും.

6) മജ്ജയിൽ വിഷം എത്തുമ്പോൾ നെഞ്ചുവേദന ശ്വാസംമുട്ടൽ, ബോധക്കേട്, എക്കിട്ടം, ഇവ പ്രത്യക്ഷപ്പെട്ടും.

7) ശുക്ലത്തിൽ വിഷം എത്തിയാൽ മരണം. എന്നാലും നല്ലശക്തിയുള്ള മരുന്നുകൊണ്ട് കണ്ണിലും മൂക്കിലും ചെവിയിലും തലയിലും ഉടനേ നസ്യാഞ്ജനങ്ങൾ ചെയ്താൽ രക്ഷപെടുത്താം.

## മൂർഖവിഷചികിത്സ

1) മുരിക്കിൻെറ തളിരു് കുത്തിപ്പിഴിഞ്ഞ നീരിൽ കായം, കുരുമുളകു്, വയമ്പു് ഇവ അരച്ചു് വിഷപ്പെട്ടവൻെറ ദേഹത്തു പൂശുക.

2) പൊൻകാരം, പുകയിറ (ഇല്ലറക്കരി) ഇവ ഗോമൂത്രത്തിലരച്ചുപുരട്ടുക.

3) അഘോരിവേരു്, ഉങ്ങിൻതൊലി (വിഷനാറിയെന്നും പറയും), ഇലഞ്ഞിക്കുരുവു്, വെളുത്ത കുന്നിക്കുരു, അമരിവേരു്, എന്നിവ ഒററയ്ക്കോ ഒന്നിച്ചോ അരച്ചു ലേപനം ചെയ്യുക. (4) മേൽപ്പറഞ്ഞ മരുന്നു് പാലിലോ മൂത്രത്തിലോ അരച്ചു കുടിക്കുക.

5) മൂർഖവിഷത്താൽ ബോധംകെട്ടവനു് വെററില, ഉമ്മത്തില ഇവയുടെ ചാറിൽ ഇന്തുപ്പു പൊടിച്ചിട്ടു് മൂക്കിൽ നസ്യം ചെയ്താൽ ബോധം തെളിയും; വിഷവും ശമിക്കും.

6) വെളുത്ത കുന്നിക്കുരു, കുരുമുളകു്, ഇലഞ്ഞിക്കുരു, ഇവ തുമ്പനീരിലരച്ചു് മൂക്കിൽ നസ്യം ചെയ്യുന്നതും നന്നു്.

7) ചുവന്നുള്ളി, വയമ്പു്, കായം ഇവ മൂത്രത്തിലരച്ചു് നസ്യം ചെയ്താൽ മോഹിച്ചു് കിടക്കുന്നവൻ എണീറേറാട്ടും.

8) അമുക്കുരം ശുദ്ധജലത്തിലരച്ചു് ഉടനേ കുടിച്ചാൽ വിഷഹരം.

9) പഴുത്ത എരിക്കില മൂത്രത്തിലരച്ചു കുടിക്കുക.

10) കരളകം, അമുക്കുരം ഇവ മൂത്രത്തിലരച്ചു കുടിക്കുക.

11) കറവുചാണകം (പശുക്കുട്ടി ആദ്യമിടുന്ന ചാണകം) മൂത്രത്തിലരച്ചു കുടിക്കുക.

## മണ്ഡലിവിഷധാതുവേഗം

1) തൊലിയിൽ വിഷം നിന്നാൽ ദേഹം മഞ്ഞനിറമാകും.

2) ചോരയിൽ വിഷം നിന്നാൽ വിളർച്ച, വിറയൽ, ഇവയുണ്ടാകും.

3) മാംസത്തിൽ വിഷമെത്തിയാൽ ഉറക്കം, ദാഹം എന്നിവ കാണും.

4) മേദസ്സിൽ വിഷമെത്തിയാൽ ദേഹനൊമ്പരം, വിങ്ങൽ, പനി, മിണ്ടാൻമടി ഇവകാണും.

5) അസ്ഥിയിൽ വിഷം എത്തിയാൽ കടിച്ചസ്ഥലം ചുട്ടെരിച്ചിൽ, മോഹാലസ്യം, കണ്ണിനുമങ്ങൽ ഈ ലക്ഷണങ്ങളുണ്ടാകും.

6) മജ്ജയിൽ വിഷം എത്തിയാൽ അവയവങ്ങൾക്ക് തളർച്ച, മൂക്കടപ്പ് ഈവക ലക്ഷണങ്ങൾ കാണും.

7) ശുക്ലത്തിൽ വിഷം എത്തിയാൽ ശക്തികുറഞ്ഞു മിണ്ടുകയില്ല; അനക്കിയാൽ അനങ്ങുകയില്ല; മരണം. എന്നാലും കണ്ണിലും. മൂക്കിലും ചെവിയിലും ശിരസ്സിലും ശക്തിയേറിയ മരുന്നുകൾ പ്രയോഗിച്ച് രക്ഷപെടുത്താം.

## മണ്ഡലിവിഷചികിത്സ

1) കോളുവാ കീറി രക്തംകളഞ്ഞ് ചന്ദനം, രാമച്ചം ഇവയരച്ചു പുരട്ടുക. ദേഹത്തു പൂശുക.

2) ത്രിഫല ശുദ്ധജലത്തിലരച്ചു കുടിക്കുക.

3) ചന്ദനം അരച്ചുകുടിക്കുക.

4) കദളിവാഴമാണനീരു കുടിപ്പിക്കുക.

5) തഴുതാമവേരു് ശുദ്ധജലത്തിലരച്ചു കുടിക്കുക. ലേപനം ചെയ്യുക.

6) മുരിങ്ങത്തൊലി, നെന്മേനിവാകത്തൊലി, തഴുതാമവേരു്, അമുക്കുരം, ചുക്കു്, ഇവ കാടിയിലരച്ചു് സർവ്വാംഗം ലേപനം ചെയ്യുക.

7) അമരിവേരരച്ചു പാലിൽ കുടിക്കുക.

8) രക്തം ഛർദ്ദിച്ചാൽ പാലിൽ ആര്യവേപ്പിലയരച്ചു് കുടിപ്പിക്കുക.

9) ചുക്കു്, മുളകു്, കായം, ഇവ മുലപ്പാലിലരച്ചു് മൂക്കിൽ നസ്യം ചെയ്താൽ വിഷമൂർഛിതൻ എണീക്കും.

10) മേൽപ്പറഞ്ഞവതന്നെ വെററിലനീരിലരച്ചു് കണ്ണിലെഴുതുക. (അഞ്ജനം)

11) രക്തസ്രാവങ്ങൾക്കു് സഹസ്രവേധി പൊടിച്ചു് വെണ്ണയിലോ തേനിലോ കൊടുക്കുക.

12) രക്താതിസാരത്തിനു് കടമ്പിൻതോൽ വെള്ളത്തിലരച്ചു കുടിക്കുക.

13) ദാഹം, പരവേശം ഇവയ്ക്കു് കദളിവാഴമാണം പിഴിഞ്ഞ നീരു് പാലും ചേർത്തു കുടിക്കുക.

14) കുമ്പളങ്ങാക്കഷായത്തിൽ ത്രികടുകു് പൊടിച്ചിട്ടു് കൊടുത്താൽ മൂത്രതടസ്സം മാറുന്നതാണു്.

15) എല്ലാ രക്തദുഷ്യത്തിനും നാല്പാമരത്തൊലിക്കഷായത്തിൽ പാലു ചേർത്തു കുടിപ്പിക്കുക.

16) മുരിങ്ങത്തൊലി, തഴുതാമവേരു്, പാടക്കിഴങ്ങു്, മഞ്ഞൾ, ചന്ദനം, വയമ്പു്, ഇരട്ടിമധുരം, പുളിയുടെ തൊലി, അമ്പഴത്തൊലി, ഉങ്ങിൻതൊലി ഇവ കാടിയിലരച്ചു് ലേപനം ചെയ്താൽ എല്ലാ വിഷവീക്കങ്ങൾക്കും നല്ലതാണു്.

## രാജിലവിഷധാതുവേഗം

1) തൊലിയിൽ വിഷം നിന്നാൽ ദേഹം വിളറും.

2) രക്തത്തിൽ വിഷം നിന്നാൽ ശരീരം ചുമക്കുകയും കടിച്ചസ്ഥലത്തു് വഴുവഴുപ്പു് (സ്നിഗ്ദ്ധത) കാണുകയും ചെയ്യും.

3) മാംസത്തിൽ വിഷം നിന്നാൽ ശരീരത്തിൽ ചൂടു് കൂടുതൽ തോന്നും; വായിൽനിന്നും കണ്ണിൽനിന്നും വെള്ളം ഒഴുകുകയും ചെയ്യും.

4) മേദസ്സിൽ വിഷം നിന്നാൽ വാക്കുകൾക്കു തടസ്സം, വീക്കം, പനി, കുത്തികുത്തി നൊമ്പരം ഇവയുണ്ടായിരിക്കും.

5) അസ്ഥിയിൽ വിഷം നിന്നാൽ കഴുത്തിനു ശക്തി കുറയുകയും എക്കിട്ടം, കഫം, ഇവ തൊണ്ടയിൽ വദ്ധിക്കുകയും ചെയ്യും.

6) മജ്ജയിൽ വിഷം നിന്നാൽ ശ്വാസംമുട്ടൽ, ബോധം ഇല്ലായ്മ, ചങ്കിൽവേദന ഇവ ഉണ്ടാകും.

7) ശുക്ലത്തിൽ വിഷം നിന്നാൽ മരണം. അതിനു ശക്തികൂടിയ മരുന്നുകൾ ഉള്ളിൽ ചെലുത്തുകയും, കണ്ണിലും, മൂക്കിലും, ചെവിയിലും, ശിരസ്സിലും മരുന്നു് പ്രയോഗിക്കുകയും ചെയ്താൽ രക്ഷപെടും.

## രാജിലവിഷചികിത്സ

1) ചൂടുവെള്ളത്തിൽ ചുക്കു് അരച്ചു കുടിക്കുക.

2) അമൃതും ചുക്കുംകൂടി ചൂടുവെള്ളത്തിലരച്ചു കലക്കി കുടിപ്പിക്കുക.

3) ഇന്തുപ്പു്, തിപ്പലി, മുളകു്, പഞ്ചസാര ഇവ സമം പൊടിച്ചു് തേൻചേർത്തു സേവിച്ചാൽ ഉഷ്ണവും, കൊഴുത്ത വെള്ളം വായിൽക്കൂടി വരുന്നതും മാറും.

4) ത്രികടുകു്, ഇന്തുപ്പു് ഇവ തേൻചേർത്തു സേവിക്കുക.

5) ഇന്തുപ്പും ഉള്ളിയും കയ്യയിലനീരിലരച്ചു നസ്യം ചെയ്യുക.

6) അമരിവേരും അതിൻെറ നാലൊന്നു ചുക്കുംകൂടി ചൂടുവെള്ളത്തിലരച്ചു കുടിക്കുക.

7) നാരകത്തിലെ ഇത്തിക്കണ്ണിയും ചുക്കുംകൂടി വറുത്തു ചാരമാക്കി തേൻചേർത്തു നസ്യം ചെയ്യുക.

8) നാരകത്തിലെ ഇത്തിക്കണ്ണിയും ചുക്കുംകൂടിയരച്ചു് ചൂടുവെള്ളത്തിൽ കുടിച്ചാൽ കഫദോഷമൊക്കെ മാറും.

9) തകരം, വെളുത്തുള്ളി, ത്രികടുകു് ഇവ തുളസിനീരിലരച്ചു് പുരട്ടുന്നതു് രാജിലവിഷഹരമാകുന്നു.

## വിഷം ഭിന്നിച്ചാലുള്ള ലക്ഷണം

ഉഷ്ണം, തളർച്ച, വിറയൽ, ഇവ ഓരോ സന്ധികൾക്കും ഉണ്ടാകും. ചുട്ടുനീറൽ, പിച്ചുപറയുക, കൂടെക്കൂടെ വിയർക്കുക, ഇവയുണ്ടാകും. ശ്രദ്ധിച്ചില്ലങ്കിൽ ഉടനേ മരിക്കും. അതിനു ഞൊട്ടാഞൊടിയൻകഷായം പശുവിൻപാലുചേർത്തു കൊടുക്കുക.

നിലനാരകം സമൂലം രസം കൂട്ടിയരച്ചു ദേഹത്തിൽ പൂശുക. ജലധാര കഴിക്കുന്നതും വിഷസ്തംഭനമാകുന്നു.

## അസാദ്ധ്യലക്ഷണങ്ങൾ

ഇടയ്ക്കു വിയർക്കും, നുരയും പതയും കഫവും വരും. സന്ധികൾ നോവും, കിടന്നുരുളും, മുഖവും ദേഹവും വിറയ്ക്കും, ദീർഘശ്വാസംവിടും, നെഞ്ചുകനയ്ക്കും, പല്ല്, നഖങ്ങൾ ഇവയ്ക്കു നീലനിറം പകരും, കഫപിത്തങ്ങൾ ഛർദ്ദിക്കും, നാവും, ചുണ്ടും കറക്കും, കണ്ണിനും മനസ്സിനും ഭ്രമംവരും, കഫം തുപ്പും, മൂക്കു കിണിങ്ങി പറയും, കണ്ണ് ചുവന്നുകാണും, മുഖത്തിനു വിളർച്ച, ചെവിക്കു കീഴിൽ മുഴവീങ്ങിപ്പൊട്ടും, ശരീരം വീക്കും, മൂക്കു തരിക്കും, ദേഹം തളരും, സ്വസ്ഥമായി കിടക്കുകയില്ല, വിരണ്ടു് ഉരുണ്ടു് ഓടും, കിടക്കും ഉടനേ എഴുന്നേല്ക്കും, പകച്ചുനോക്കും, ചുണ്ടുമലരും, തല ഉരുട്ടും, തണുത്ത സാധനങ്ങൾക്ക് പരാക്രമങ്ങൾ കാണിക്കും, കയ്യും കാലും എറിയും, ഉള്ളിൽ ദുഃഖം കാട്ടും, ഭ്രാന്തുപറയും, ഉടനേ എഴുന്നേററുകരയും, കറുത്തചോര കടിസ്ഥലത്തുനിന്നു വരും, ആ സ്ഥലം വീണ്ടും ചോരയില്ലാതെവരും, നവദ്വാരങ്ങളിൽക്കൂടിയും രോമകൂപങ്ങളിൽക്കൂടിയും രക്തം ചാടും, കണ്ണും തലയും ചുററും. വയറിളക്കമുണ്ടാകും, അതിനു ദുർഗന്ധമുണ്ടാകും. വസ്ത്രങ്ങൾ ഉരിഞ്ഞുകളയും, ലിംഗം ചുരുങ്ങും, മലമൂത്രം തടയും. ഈവക ലക്ഷണങ്ങൾ കണ്ടാൽ അസാദ്ധ്യമെന്നറിയുക. എങ്കിലും മരിക്കും എന്നു തീർത്തു പറയാവുന്നതല്ല

മുൻപറഞ്ഞ അസാദ്ധ്യലക്ഷണങ്ങൾ മുഴവനായോ ഭാഗികമായോ കണ്ടാലും ആ രോഗി മരിക്കുമെന്നു തീർത്തുപറയാൻ ചില കാരണങ്ങളാൽ സാധിക്കുകയില്ല. ഈവിധ സന്ദർഭങ്ങളിൽ ചില പരീക്ഷണങ്ങൾ നടത്തിയശേഷമേ ആ രോഗി മരിക്കുമോ ജീവിക്കുമോ എന്നു് തീർച്ച പറയാൻ പാടുള്ളു എന്നാണു് വിഷവൈദ്യശാസ്ത്രജ്ഞന്മാർ നിർദ്ദേശിക്കുന്നതു്.

## അതിനുള്ള പരീക്ഷകഠം

1) അമരിവേരു്, അമരിയിലനീരിൽ അരച്ചു് താന്നിക്കാ വലിപ്പത്തിൽ ഉരുട്ടി ഉണക്കിയതു് പശുവിൻപാലിൽ അരച്ചു് കൊടുക്കുക. ഛർദ്ദിച്ചാൽ വിഷാത്തൻ ജീവിക്കും. ഇല്ലെങ്കിൽ മരിക്കും.

2) പച്ചമഞ്ഞൾ, കുടുക്കമൂലി, ഇവ അരച്ചു് കോഴിച്ചോരയിൽ ഭേദിച്ചു് ലേപനം ചെയ്യുക. ദേഹം വിയക്കുന്നു എങ്കിൽ രോഗി ജീവിക്കും. തണുത്തിരിക്കുന്നു എങ്കിൽ മരിക്കും.

3) കാട്ടുജീരകം പൊടിച്ചു് കാഞ്ഞവെള്ളത്തിൽ കൊടുക്കുക. ഛർദ്ദിച്ചാൽ മരിക്കും. ഛർദ്ദിച്ചില്ലങ്കിൽ ജീവിക്കും.

4) കായം, കറപ്പു് ഇവ ഓരോ പണമിടവീതം അരച്ചു കാഞ്ഞവെള്ളത്തിൽ കൊടുക്കുക. ഛർദ്ദിച്ചാൽ മരിക്കും. ഇല്ലെങ്കിൽ ജീവിക്കും.

## മരണപരീക്ഷ

നെററി കീറിനോക്കുമ്പോൾ രക്തം കാണുകയില്ല. അഥവാ കണ്ടാൽ വളരെക്കുറവു്. കണ്ണിൽ ചാരം ഇട്ടു് ഊതിയാൽ പററാതിരിക്കുക, തലയിൽനിന്നും രോമം പറിച്ചു നോക്കിയാൽ പാടേ പറിഞ്ഞുപോരുക, മൂത്രനാഡികളിൽ പിടിച്ചാൽ ശുക്ലം വരുക, കണ്ണും വായും ഗുദവും തുറന്നിരിക്കുക, വടികൊണ്ടടിച്ചാൽ പാടുകാണാതിരിക്കുക, വെള്ളത്തിലിട്ടാൽ പൊങ്ങിക്കിടക്കുക, നനയുമ്പോൾ രോമം പററിക്കിടക്കുക, പുല്ലുകൊണ്ടു കുത്തിയാൽ കണ്ണു ചിമ്മാതെ താണുപോകുക, ഇവയെല്ലാം മരിച്ചാലുള്ള ലക്ഷണങ്ങളാണു്.

## പത്ഥ്യാചരണം

എണ്ണ, തേങ്ങ, പുളി, ഉപ്പു്, മോരു്, കടച്ചക്ക, ശക്കര, കരിമ്പു്, മുതിര, തൈരു്, മാംസം, തുവര, അവൽ, വെററില, കള്ളു്, വിയക്കുക, കാമിനിമാരോടുല്ലസിക്കൽ, പുക ഏൽക്കുക, പകൽ ഉറക്കം, ദേഷ്യപ്പെടുക, ഭയപ്പെടുക, ഉറക്കെ സംസാരിക്കുക, ചിരിക്കുക, ഇവയെല്ലാം വജ്ജിക്കേണ്ടതാണു്.

## പ്രഥമ ശുശ്രൂഷാചികിത്സകൾ

പാമ്പിൻെറ ഒരു കടിയാൽതന്നെ വിഷം മുഴുവനും ഒരാളിൽ കയറുന്നതായാൽ രക്ഷയുടെ കാര്യം അസാദ്ധ്യമാണു്. വിഷഹാരികൾ അടുത്തില്ലാത്തതിനാലും പരിഭ്രമംനിമിത്തവും, ചികിത്സ നടത്തുന്നതിനു് താമസം നേരിടുന്നു. ആ അവസരത്തിൽ പ്രാഥമിക ചികിത്സ നടത്താവുന്നതാണു്.

1) കടിസ്ഥലത്തിനു അല്പം മുകളിലായി അരയിൽ കെട്ടുന്ന ചരടിൻെറ ഘനത്തിലുള്ള ചരടുകൊണ്ടു് മൂന്നുകെട്ടു് കെട്ടണം. കെട്ടു നല്ലതുപോലെ മുറുകുന്നതിലേയ്ക്കു അല്പം വെള്ളത്തിൽ നനച്ചാൽ നന്നായിരിക്കും. കെട്ടിക്കഴിഞ്ഞശേഷം രോഗിയെ നടത്തരുതു്. കെട്ടുന്ന ചരടു് വണ്ണംകൂടിയാൽ കെട്ടു മുറുകുന്നതല്ല. വണ്ണം കുറഞ്ഞാൽ മാംസത്തിൽ പൂണ്ടുകയറുകയും അതുനിമിത്തം പല ഉപദ്രവങ്ങളും വന്നുകൂടുകയും ചെയ്യും.

2) കോൾവാ കീറി രക്തം കളയുക.

3) വെള്ളമോ മണ്ണെണ്ണയോ ഒഴിച്ചു് കോൾവായ് തിരുമ്മി കഴുകുക.

4) പൊട്ടാസിയം പെർമാംഗനേററുലായനി ഉപയോഗിച്ചു് മുറിപാടു കഴുകുക.

5) കോൾവായിൽ മൂത്രം വീഴ്ത്തുക.

6) ചെവിയിലെ മലം തുപ്പൽകൂട്ടി കോൾവായിൽ തേക്കുക.

7) ചാണകനീരു്, നെയ്യു്, തുളസിയിലനീരു്, ഇവ സമംചേർത്തു ആദ്യമേ കൊടുത്താൽ വിഷം സ്തംഭിക്കും. ഹൃദയത്തെ ബാധിക്കയില്ല.

8) അരുത സമൂലം അരച്ചു് ഒരു നെല്ലിക്കായോളം എടുത്തു് മനുഷ്യമൂത്രത്തിൽ കലക്കി ഉള്ളിൽ കൊടുക്കുക.

9) കരളകത്തിൻെറ വേരു് മൂത്രത്തിൽ അരച്ചു് നെല്ലിക്കാപ്രമാണം ഗുളികയുരുട്ടി നിഴലിൽ ഉണക്കി സൂക്ഷിച്ചതു് ഒന്നെടുത്തു് മൂത്രത്തിൽ കൊടുക്കുക. ഒന്നെടുത്തു് അരിക്കാടിയിൽ അരച്ചു് കോൾവായിൽ തേക്കുക.

10) കാട്ടുകിരിയാത്തു് സമൂലം അരച്ചു് അതു ഒരു നെല്ലിക്കായോളം മൂത്രത്തിൽ കലക്കി കൊടുക്കുക. അതുതന്നെ കോൾവായിൽ തേക്കുക. വിഷവും തരിപ്പും കടച്ചിലും തീർന്നു പോകും.

11) മാതളനാരകത്തിൻെറ വടക്കോട്ടുപോയ വേരു് അരച്ചു് പാലിൽ കലക്കി കൊടുക്കുക. അതുതന്നെ കോൾവായിലും പുരട്ടുക.

12) വെളുത്ത കിഴാനെല്ലി സമൂലം അരച്ചു് ഒരു നെല്ലിക്കായോളം മൂത്രത്തിൽ കലക്കി കൊടുക്കുക.

13) കാത്തോട്ടിയുടെ വേരു് അരച്ചു് ഒരു നെല്ലിക്കായോളം മൂത്രത്തിൽ കലക്കികൊടുക്കുക. അതുതന്നെ കോൾവായിൽ പുരട്ടുക.

14) കുടുക്കമൂലി (ഗരുഡക്കൊടി) വേരരച്ചു് പാലിൽ കുടിക്കുക.

## വിയന്തിര (സങ്കരജാതി) വിഷചികിത്സ

1) ഇന്തുപ്പു്, കായം, കർപ്പൂരം, വേപ്പരി, മുന്തിരിങ്ങാപ്പഴം, കാഞ്ഞിരക്കുരുവു്, രസം, മാഞ്ചി, മഞ്ചട്ടി ഇവ സമം പാടത്താളിക്കഷായത്തിൽ അരച്ചു ഗുളികയാക്കി നിഴലിലുണക്കി ശുദ്ധ ജലത്തിലരച്ചുകൊടുത്താൽ സങ്കരജാതി വിഷം ശമിക്കും.

2) ചെമ്പകം, പിച്ചകം, കോടാശ്ശാരി ഇവയുടെ വേരു് ചുണ്ണാമ്പുവെള്ളത്തിലരച്ചു മൂത്രവും ശക്കരയും ചേർത്തു് കൊടുത്താൽ വിയന്തിരവിഷം ശമിക്കും.

3) ത്രികടുക് അരച്ചു് മുലപ്പാലിൽ നസ്യാഞ്ജനങ്ങൾ ചെയ്യുക.

4) വയമ്പു്, കായം, കരളകം ഇവ കയ്യുന്ന്യനീരിലോ മൂത്രത്തിലോ അരച്ചു് നിറുകയിൽ തളംവെക്കുക. സങ്കരജാതിവിഷത്തിനു് മിശ്രദോഷകോപം ഉണ്ടാകുന്നതിനാൽ ദോഷകോപമനുസരിച്ചു് യുക്ത്യാനുസാരം ചികിത്സകൾ ചെയ്യേണ്ടതാകുന്നു. അതിനു് വൈദ്യപരിചയം ഉണ്ടായിരിക്കണം.

## പേപ്പട്ടി കടിച്ചാലുള്ള ലക്ഷണം

കടിച്ച സ്ഥലത്തുനിന്നും കരിഞ്ചോര ഒഴുകും. അസ്ഥലം വീങ്ങും, പനിക്കും, ഭയം കാണും. എന്നാൽ ആറുമാസത്തിനുള്ളിൽ മരുന്നു കഴിച്ചില്ലെങ്കിൽ പേയ് ഇളകി ഭ്രാന്തുകാട്ടും. പട്ടി കുരയ്ക്കുന്നതുപോലെ കുരയ്ക്കും, പട്ടിയേപ്പോലെ ഇരിക്കും, പല്ലിളിക്കും, വിറയ്ക്കും, പല്ലു കടിക്കും, ഉറങ്ങുന്ന മാതിരി കിടക്കും, ചാ

ടി എഴുന്നേല്ക്കും, ഓട്ടം, പേടിക്കും, വസ്ത്രം അഴിച്ചുകളയും, ലിംഗം ചുററിപ്പിടിക്കും, രാത്രിയായാൽ സുഖം കിട്ടും. വിളക്കും നിഴലും കണ്ടാൽ പേടിക്കും. വെള്ളത്തിൽ നിഴൽ കണ്ടാലും പേടിക്കും. എന്നാൽ പേയ് ഇളകിയാൽ മുറിവുള്ളവർ തൊടരുതു്. രോഗിയുടെ തുപ്പൽ ശരീരത്തിൽ പററരുതു്. മേൽ ലക്ഷണങ്ങൾ കണ്ടാൽ വിഷഹാരിയെ കണ്ടുകൊള്ളണം.

ചികിത്സിക്കണമെങ്കിൽ സൂക്ഷിച്ചു ചെയ്യണം. ഉങ്ങിൻ തൊലി, ഇല, പൂവു്, കായ്, വേരു്, ഇവ ചതച്ചു കഷായം വെച്ചു സേവിക്കാം.

പട്ടി കടിച്ചാലുടനേ അങ്കോലത്തിൻെറ വേരു്, തൊലി ഇവ സമം അരിക്കാടിയിൽ അരച്ചുപുരട്ടുക. സേവിക്കുക.

**മരുന്നു്** ആദ്യദിവസം ഒരു കുന്നിപ്രമാണം "ശരളഭേദി" വെററിലനീരിൽ സേവിപ്പിച്ചു ശോധനവരുത്തുക. 4 മണിക്കൂർ കഴിഞ്ഞാൽ "വിഷകുഠാരം" ഒരു കുന്നിപ്രമാണം വീതം ഒരൗൺസ് വെററിലനീരിൽ സേവിപ്പിക്കുക. ദിവസത്തിൽ മൂന്നുനേരം എന്ന കണക്കിൽ ഏഴു ദിവസം ഇരുപത്തിയൊന്നു നേരം സേവിപ്പിക്കുക.

ആപൽഘട്ടങ്ങളിൽ മൂന്നുമണിക്കൂർ ഇടവിട്ടു വിഷകുഠാരം സേവിപ്പിക്കണം. അങ്കോലത്തില, വെററില, ഇവയുടെ നീരിൽ വിഷകുഠാരം സേവിപ്പിച്ചാൽ അധികം നന്നു്. മഞ്ഞൾ, നീലഉമ്മം, ഇവയുടെ നീരിൽ വിഷകുഠാരം ചാലിച്ചു കടിവായിൽ ലേപനം ചെയ്യുക. പത്ഥ്യം മരുന്നു സേവിക്കുന്ന ദിവസങ്ങളിൽ (കാലങ്ങളിൽ) പശുവിൻപാലും ചോറുംമാത്രം ഭക്ഷിക്കുക. ഉപ്പു്, പുളി, മുളകു്, മത്സ്യം, മാംസവർഗ്ഗങ്ങൾ, പച്ചവെള്ളം, കാപ്പി, ചായ, ലഹരിസാധനങ്ങൾ, ബീഡി, പുകയില, മുതലായവ ഉപേക്ഷിക്കണം. ഔഷധസേവ കഴിഞ്ഞാൽ രോഗിയെ പശുവിൻപാലിൽ കുളിപ്പിക്കുന്നതും വളരെ നന്നായിരിക്കും. അതിനു സൗകര്യപ്പെടാത്തപ്പോൾ താടിതല്ലി വിറയ്ക്കുന്നതുവരെ ജലധാര ചെയ്യുക. നാരങ്ങ, കുമ്പളങ്ങ, മാങ്ങ, തേങ്ങ, മത്തങ്ങ, പാവയ്ക്ക, കിഴങ്ങുവർഗ്ഗങ്ങൾ, ഗോമാംസം, പന്നിമാംസം, കോഴിമാംസം, കോഴിമുട്ട മുതലായവ കടിപെട്ട ദിവസം മുതൽ 90 ദിവസത്തേയ്ക്കു പരിപൂർണ്ണമായി വർജ്ജിക്കുന്നതു ആരോഗ്യത്തിനു ന

ന്നായിരിക്കും. രോഗിയുടെ ശരീരാരോഗ്യത്തിനു് അനുസരിച്ച് 90 ദിവസംവരെ പത്ഥ്യം ആചരിക്കുന്നതുത്തമം.

ഈ കാലങ്ങളിൽ ഇടയ്ക്കിടയ്ക്ക് "ശരളഭേദി" സേവിച്ച് ശോധനവരുത്തുന്നതും ഉപകാരപ്രദമാണു്.

## എലിവിഷധാതുവേഗം

1) തൊലിയിൽ എത്തിയാൽ ചൊറിച്ചിൽ, കുത്തിനൊമ്പരം ഇവ ശരീരത്തിനുണ്ടാകും.

2) രക്തത്തിൽ വിഷം നിന്നാൽ ചുട്ടുപുകച്ചിൽ ഉണ്ടാകും.

3) മാംസത്തിൽ വിഷം നിന്നാൽ മൂത്രം മഞ്ഞനിറമാകും. തലനൊമ്പരവും ഉണ്ടാകും.

4) മേദസ്സിൽ വിഷം നിന്നാൽ വട്ടപ്പുണ്ണ്, സന്ധിനിറപ്പ കർച്ച ഇവ ഉണ്ടാകും.

5) അസ്ഥിയിൽ വിഷം നിന്നാൽ നോവും ദാഹവും ഛർദ്ദിയും മോഹാലസ്യവും ഉണ്ടാകും. എന്നാൽ ആ സമയത്തു് ശക്തികൂടിയ മരുന്നു് സേവിക്കുകയും ശക്തിയുള്ള തൈലങ്ങൾ കൊണ്ടു് നസ്യങ്ങൾ നടത്തുകയും വേണം. അല്ലെങ്കിൽ ചിലപ്പോൾ മരണം സംഭവിക്കും.

ആറിലും ഏഴിലും മുഴ ശരീരം മുഴുവനും പുറപ്പെടും. അതിനു് വമനവിരേചനങ്ങൾ നടത്തി ചികിത്സിക്കണം.

## എലിവിഷത്തിനു ചികിത്സ

1) ചുക്കു്, മുളകു്, തിപ്പലി, കായം ഇവ 4 കഴഞ്ചുവീതം ഒരിടങ്ങഴിവെള്ളത്തിൽ വെന്തു് നാഴിയാക്കി കുറുക്കി 2 തുടം എടുത്തു് മുക്കാൽ തുടമാക്കി രണ്ടു നേരവും സേവിക്കുക. ഇങ്ങനെ ആറു കഷായം കുടിക്കുക.

2) കുരുപ്പത്തുത്തിന്നീരിൽ ഗരുഡക്കൊടിവേരു ഉണക്കിപ്പൊടിച്ചു പാലുചേർത്തു കുടിച്ചശേഷം വിറക്കുന്നതുവരെ മുങ്ങിക്കുളിക്കുക. ഇങ്ങനെ മൂന്നുദിവസം ചെയ്താൽ എലിവിഷം ശമിക്കും.

3) വെള്ളെരിക്കിൻപാലിൽ ഏഴുതുള്ളി ശക്കരചേർത്തു സേവിക്കുക.

4) അങ്കോലവേരരച്ചു താന്നിക്കാപ്രമാണം പാലിൽ കുടിക്കുക.

5) നെന്മേനിവാക പഞ്ചാംഗം കാടിയിലരച്ചു കുടിക്കുക.

വേദനയുണ്ടെങ്കിൽ സൎവ്വാംഗം തേക്കുന്നതിന് കുഴമ്പിന് 1) ഇന്തുപ്പ്, ചന്ദനം, ഇരുവേലി ഇവ കുരുപ്പരുത്തി നീരിൽ അരച്ചുപുരട്ടുക.

2) ഉമ്മത്തില, പഴുത്ത എരിക്കില, വേലിപ്പരുത്തിയില, ചന്ദനം, ഇന്തുപ്പ്, കായം, ഇവകൾ വേലിപ്പരുത്തി നീരിൽ അരച്ചു സൎവ്വാംഗം പൂശുക.

പഴക്കം ചെന്നതിന് ഒരു ദിവസം രണ്ടുനേരം വീതം പതിന്നാല് ദിവസം ഇരുപത്തിയെട്ടു നേരം ഓരോ കുന്നി പ്രമാണം "വിഷസംഹാരി" യുക്തമായ കഷായങ്ങളിൽ സേവിപ്പിക്കുക. ഈ ദിവസങ്ങളിൽ ഒന്നിടവിട്ടു ഏഴു ദിവസം രാവിലെ "ശരളഭേദി" ഓരോ കുന്നിപ്രമാണം വെററിലനീരിൽ സേവിപ്പിച്ച് ഉദരശുദ്ധി വരുത്തുക.

നീലയമരിവേരു്, നെന്മേനിവാകത്തൊലി, മുരിങ്ങവേരിന്മേൽത്തൊലി, മുത്തങ്ങാ, വയമ്പ്, ചുക്ക് തുളസിക്കുരുമ്പ്, ചന്ദനം ഇവകൊണ്ടുള്ള കഷായത്തിലും "വിഷസംഹാരി" സേവിപ്പിക്കാം.

മരുന്നുസേവ കഴിഞ്ഞാൽ ശിരസ്സിൽ എണ്ണതേച്ചു വിയൎക്കുന്നതുവരെ മുങ്ങിക്കുളിക്കുക. മരുന്നു സേവിക്കുന്ന കാലങ്ങളിൽ എരുവ്, പുളി, മത്സ്യം, ഉപ്പ്, ഗോമാംസം, കോഴിമാംസം, കോഴിമുട്ട, പച്ചവെള്ളം, മദ്യം മററു ലഹരിപദാൎത്ഥങ്ങൾ ഇവ വൎജ്ജിക്കേണ്ടതാണ്. ഇന്തുപ്പ് ഉപയോഗിക്കാം.

## തേൾവിഷം

തേൾ പുച്ഛാഗ്രംകൊണ്ടു കുത്തിയാണ് വിഷം ഏല്പിക്കുന്നതു്. തേൾവിഷം ഏററാൽ കടിച്ചസ്ഥലത്തു് തീകൊണ്ടു കുത്തുന്നതുപോലെയുള്ള വേദന ഉണ്ടായിരിക്കും. അല്പസമയം കഴിയുമ്പോൾ സ്വല്പം വേദന കുറയും, ഉടനേ കൂടും. മുകളിൽ ഉടനേ കയറി വേദനിപ്പിക്കും, ഉടനേ പുൺവായിൽ വേദന വരും. തലയ്ക്കു ഭാരം തോന്നും. നാക്കു തരിക്കും. പുൺവാഭ്രമം, വിയൎപ്പ്, പനി, രുചിക്കുറവ്, ഛൎദ്ദി, പുൺവാ കഠക്കുക, കഠിന വേദന ഈവക ലക്ഷണങ്ങൾ ഉണ്ടാകും. വാതം, പിത്തം, കഫം, സന്നിപാതം, ഇവകൾ കോപിക്കും. തേൾ മൂന്നു ജാതികളാണുള്ളതു്. (1) മന്ദവിഷം (2) മദ്ധ്യമവിഷം (3) മഹാവിഷം.

ചാണകത്തിലും ചവർ ചീഞ്ഞതിലും മുട്ടയിട്ടുണ്ടാകുന്ന തു് മന്ദവീര്യത്തിൽപെട്ട തേൾ. അതിൻെറ നിറം മഞ്ഞ, വെളുപ്പു്, കറുപ്പു് ഇവ കൂടിയതായിരിക്കും.

വിഷസാധനങ്ങൾ ചീഞ്ഞു അളിഞ്ഞതിൽനിന്നു് ഉണ്ടാകുന്ന തേൾ മധ്യമ വിഷത്തിൽ പെട്ടതാകുന്നു. ഇവയ്ക്കു് തേൻ, ചുമപ്പു്, ചെമ്പു, ഇവയുടെ നിറം. ഉദരഭാഗം പുകഞ്ഞ ചെമ്പിൻ നിറത്തോടുകൂടിയിരിക്കും. വാലിനു മൂന്നു കൊമ്പുകളും കാണും.

പാമ്പിൻെറ ശരീരം അഴുകിയതിൽനിന്നുത്ഭവിക്കുന്ന തേൾ മഹാ വിഷമുള്ളതാകുന്നു. ചുമപ്പു്, കടുംചുമപ്പു്, മഞ്ഞ ഈ നിറങ്ങൾ ഇവയ്ക്കുണ്ടാകും. ഉദരഭാഗം പലവിധ വർണ്ണങ്ങൾ കാണും. വാലിൻെറ അററത്തു ഒന്നോ രണ്ടോ കൊമ്പുകളും കാണും. തേൾവിഷത്തിനു പാമ്പിൻ വിഷത്തിൻെറ ശക്തിയുണ്ടു്.

## തേളിൻെറ ധാതുവേഗം

തേൾവിഷം ഒന്നാം ധാതുവിൽ കടന്നാൽ പുൺവായ് നൊമ്പരം കാണും.

രണ്ടിൽകടന്നാൽ ചുടിച്ചിലും പുകച്ചിലും ഉണ്ടാകും.

മൂന്നിൽകടന്നാൽ എക്കിൾ, സന്ധിവേദന, മുഴകൾ ഇവയുണ്ടാകും.

നാലിൽകടന്നാൽ കഴുത്തു ശോഷിക്കും, സർവ്വാംഗം വേദനയും ഉണ്ടായിരിക്കും.

അഞ്ചാം ധാതുവിൽ കടന്നാൽ സന്ധികഴപ്പും പനിയും ഉണ്ടാകും.

ആറാം ധാതുവിൽ കടന്നാൽ മൂർഖൻെറ ലക്ഷണങ്ങൾ.

1) വാതപ്രധാനമായ തേൾ കുത്തിയാൽ പുൺവാ കരിവാളിപ്പുനിറം, ഹൃദ്രോഗം, ശ്വാസതടസ്സം, തലവേദന, സന്ധിവേദന ഈ വക ലക്ഷണങ്ങളാകുന്നു.

ചികിത്സകൾ (1) നെയ്യിൽ ഇന്തുപ്പിട്ടു തിളപ്പിച്ചു് നേരിയ ചൂടിൽ ധാര കോരുക.

2) കോവലിലനീരിൽ കായം അരച്ചുചേർത്തു സേവിക്കുക.

3) പുത്തുമ്പനീരിൽ മഞ്ഞൾ അരച്ചു തേക്കുക.

4) ആടിൻെറ മൂത്രത്തിൽ കായം അരച്ചുതേക്കുക.

5) കരിവേപ്പിലയും കുരുമുളകും സമം മോരിൽ അരച്ചിടുക.

6) പച്ചമഞ്ഞളും കൃഷ്ണതുളസിയും സമം കാടിയിൽ അരച്ചു സേവിക്കുകയും പുരട്ടുകയും ചെയ്യുന്നതു നല്ലതാകുന്നു.

7) ചുട്ടുപുകച്ചിലുണ്ടായാൽ രാമച്ചം, ചന്ദനം, ഇരട്ടിമധുരം ഇവ പച്ചവെള്ളത്തിലരച്ചു പുരട്ടുകയും സേവിക്കുകയും ചെയ്യുക.

8) നീലയമരിവേരു്, ചെറുചീരവേരു്, നറുനീണ്ടിക്കിഴങ്ങു് ഇവ സമം പാലിലരച്ചു് സേവിച്ചാൽ എല്ലാവിധ തേൾവിഷവും തീരും.

9) അരയാൽതൊലി, താന്നിക്ക, നറുവരി ഇവ സമം അരച്ചു പുരട്ടുക. അതുതന്നെ കഷായംവെച്ചു കടിവായിൽ ധാര കോരുന്നതും നല്ലതാകുന്നു.

2) പിത്തപ്രധാനമായ തേൾവിഷമേററാൽ രക്തമൊലിക്കും, പുകച്ചിൽ, വിയപ്പു്, നിറപ്പകർച്ച, പുൺവാ ഈന്തപ്പഴംപോലെ ചുമക്കുക, രക്തപിത്തം, ശ്വാസതടസ്സം എന്നിവ ലക്ഷണങ്ങൾ.

ചികിത്സ. വ്രണം ഉണ്ടായാൽ കായം, പച്ചമഞ്ഞൾ വെളുത്തുള്ളി ഇവ ചതച്ചു നീരു കളഞ്ഞു് തുളസിയില, കാട്ടുത്താതാവില, കയ്യുണ്യം, വെററില ഇവകൾ ഇടിച്ചുപിഴിഞ്ഞ നീരെടുത്തു് അതിൽ മേൽ പറഞ്ഞവ ഇട്ടു പുഴുങ്ങി അരച്ചു കുഴമ്പാക്കി വ്രണത്തിലും നീരുള്ള ഭാഗങ്ങളിലും ഇടുക. വ്രണം ഉണങ്ങും; നീരും പോകും.

3) ശ്ലേഷ്മപ്രധാനമായ തേൾവിഷം ബാധിച്ചാൽ കോൽവായിൽ കൊഴുത്ത രക്തം ഒലിക്കും. അതിയായ വേദന, ഛർദ്ദി, അരുചി, ശ്വാസതടസ്സം, മൂക്കടപ്പു്, സർവ്വാംഗം മരവിക്കുക, വായിൽനിന്നും വെള്ളം വന്നുകൊണ്ടിരിക്കുക, പുൺവാ പഴുത്തു് അത്തിക്കായ് പോലിരിക്കുക ഈ ലക്ഷണങ്ങൾ ഉണ്ടാകും.

ചികിത്സ. കടുക്കാത്തോട്, തകരം, ചുക്ക്, മാടപ്രാവിന്റെ കാഷ്ഠം ഇവ താളിമാതളത്തിന്റെ നീരിൽ അരച്ചു ഗുളികയാക്കി വച്ചിരുന്നു കൊടുത്താൽ ശ്ലേഷ്മപ്രധാനമായ തേൾവിഷം ശമിക്കും. ഇതുകൊണ്ടു നസ്യാഞ്ജനങ്ങൾ ചെയ്യാം. അസഹ്യമായ വേദനയുണ്ടെങ്കിൽ വത്സനാഭിയരച്ചു കോളവായിൽ തേച്ചാൽ അത്ഭുതഫലം ലഭിക്കും.

## ചിലന്തി (എട്ടുകാലി) വിഷം

എട്ടുകാലിവിഷമേററാൽ കടിവായിൽ പുളകം, വീക്കം, വിസ്ഫോടം, വിസർപ്പം, കഠിനവേദന, ചൊറിച്ചിൽ, പുകച്ചിൽ, കഠിനമായ ശിരോരോഗം (തലവേദന) നിറപ്പകർച്ച, പനി ഇവ ഉണ്ടാകും. ചിലപ്പോൾ ചൊറിയുന്നിടത്തു കുരുക്കുരെ ചൊറി പൊട്ടും.

1) തുളസിയിലയും മഞ്ഞളും അരച്ചു പുരട്ടുക.

2) ഇരട്ടിമധുരം, രാമച്ചം, ചന്ദനം ഇവ അരച്ചു പശുവിൻപാലിൽ കലക്കി കുടിക്കുക. പുരട്ടുക.

3) ചന്ദനം, നീലയമരിവേരു്, വേങ്ങക്കാതൽ ഇവ സമം പശുവിൻപാലിലരച്ചു കുടിക്കുക. പുരട്ടുക.

4) പച്ചമഞ്ഞൾ, വയമ്പു്, ചുക്കു്, കായം ഇവ ഗോമൂത്രത്തിൽ പുഴുങ്ങി അരച്ചുപുരട്ടുക.

5) വെററിലനീരിൽ കായം പൊടിച്ചിട്ടു ഓട്ടുപാത്രത്തിലാക്കി ഉരസി കടിപാട്ടിൽ തേച്ചാൽ തരിന്തനെ (തരിതരിയായി) പൊട്ടുന്നതു ശമിക്കും.

6) കാട്ടുപാവലില, തുളസിയില ഇവയുടെ നീരുകൊണ്ടു നസ്യാഞ്ജനങ്ങൾ ചെയ്യുക.

7) പശുവിൻപല്ലു്, എരുമക്കള്ളിയില, മാടപ്രാവിൻ കാഷ്ഠം, ത്രികോല്പക്കൊന്ന, നാഗദന്തിവേർ, ഇന്തുപ്പു് ഇവ കാടിയിലരച്ചുതേച്ചാൽ (ആണികൾ) കണ്ണികൾ പിഴുതുപോകും.

8) വെണ്ണനെയ്യു്, ഇന്തുപ്പു്, പശുവിൻപാലു് ഇവ സർവ്വാംഗം തേക്കുക.

9) പാച്ചോററിത്തൊലി, രാമച്ചം, പതിമുഖം, താമരവളയം രക്തചന്ദനം, താമരക്കുരു, ഞാവൽപ്പൂവു് ഇവ ചിലന്തി വിഷത്തിനു മുഖ്യൗഷധമാകുന്നു.

## അരണ വിഷം

അരണ കടിച്ചാൽ കടിവായിൽ പുകച്ചിൽ, സർവ്വാംഗം കറുപ്പും ചുമപ്പും നിറത്തിൽ വട്ടത്തിൽ തടിപ്പ്, പനി, ക്ഷീണം, തലവേദന, വിയർപ്പ്, മരപ്പ് മുതലായവ ഉണ്ടാകും.

1) വെള്ളിലാവിൻെറ (വെള്ളില) തളിരു് അരച്ച് പുരട്ടുക. പാലിൽ സേവിക്കുക.

2) അങ്കോലത്തിൻെറ തൊലി ഒരു കഴഞ്ച് അരച്ച് പാലിൽ സേവിക്കുക.

3) വെളുത്തശംഖുപുഷ്പത്തിൻെറ വേരു് അരച്ചു പച്ചവെള്ളത്തിൽ കലക്കി കൊടുക്കുക.

4) മുരിങ്ങത്തൊലി, വേപ്പിൻതൊലി, വാകത്തൊലി, എരിക്കിൻവേരു്, പലകപ്പയ്യാനിവേരു് ഇവ അരച്ചു സർവ്വാംഗം പുരട്ടുക.

## ഗൗളി (പല്ലി) വിഷം

ഗൗളി കടിച്ച സ്ഥാനത്തു് ചൊറിച്ചിൽ, വ്രണങ്ങൾ, വയറുനോവ് എന്നിവ ഉണ്ടാകും. ഇതിൻെറ വായിലെവെള്ളം വീണാലും വിഷമുണ്ട്.

1) കരളകത്തിൻെറ വേരു്, നറുനീണ്ടിക്കിഴങ്ങ്, നീലയമരിവേരു് ഇവ സമം പച്ചമഞ്ഞൽനീററിലരച്ചു പുരട്ടുക.

2) കുടകപ്പാലവേരു്, നറുനീണ്ടിക്കിഴങ്ങ്, അമരിവേരു് ഇവ സമം അരച്ചു പാലിൽ സേവിക്കുക.

## പൂച്ചവിഷം

പൂച്ചയുടെ നഖം, പല്ല്, ഇവകൊണ്ടു മുറിവുണ്ടായാൽ രോമാഞ്ചം, ചൊറിച്ചിൽ, കരിവാളിപ്പ്, നിറഭേദം, വേദന, തൊണ്ടവരൾച്ച, ഛർദ്ദി, പനി, വിയർപ്പ് മുതലായ ഉപദ്രവങ്ങൾ ഉണ്ടാകും.

1) കയ്യുണ്യനീരിൽ കായം ചേർത്തു കുടിക്കുകയും കോളവായിൽ പുരട്ടുകയും ചെയ്യുക.

2) ആവണക്കിൻെറ വേരു്, കട്ടക്കാത്തൊണ്ടു്, പൊൻകാരം പൊരിച്ചതു് ഇവ സമം തേനിൽ ചാലിച്ചു പലവട്ടം സേവിക്കുക.

3) നെന്മേനിവാകയുടെ വേരു്, പൂവു്, കായ്, തൊലി, ഇല ഇവ നെല്ലിക്കാപ്രമാണം അരച്ചു കയ്യുണ്യനീരിൽ സേവിക്കുക.

4) കുടകപ്പാലയരി, ചന്ദനം, താമരക്കുരുവു്, വേപ്പുംതൊലി, അഞ്ജനക്കല്ലു് ഇവയരച്ചു് ലേപനം ചെയ്യുക.

5) കുപ്പമഞ്ഞൾവേരരച്ചു് പാലിൽ സേവിക്കുക.

6) ത്രികടുകു്, ഇന്തുപ്പു് ഇവ അരച്ചു് തേൻ ചേർത്തു സേവിക്കുക.

## കീരിവിഷം

കീരി കടിച്ചാൽ കണ്ണുചുമക്കുക, ഛർദ്ദി, പനി, സംസാരശക്തി ക്ഷയിക്കുക, കഴുത്തുലയുക, തണുപ്പു്, തൊണ്ട പല്ലു് അധരം ഇവ കറക്കുക ഈ ഉപദ്രവങ്ങൾ ഉണ്ടാകും.

ചികിത്സ. 1) നീലയമരിവേരും ഇലയുംകൂട്ടി അരച്ചു് പാലിൽ കലക്കി സേവിക്കുക. കടിവായിൽ പുരട്ടുകയും ചെയ്യുക.

2) വേലിപ്പരുത്തി സമൂലം പാലിൽ അരച്ചു് സേവിക്കുകയും പുരട്ടുകയും ചെയ്യുക.

3) തകരയില അരച്ചു ലേപനം ചെയ്യുക.

4) കരിനൊച്ചിവേരും ഇലയും അരച്ചുസേവിക്കുകയും പുരട്ടുകയും ചെയ്യുക.

5) വേലിപ്പരുത്തിയിലനീരു്, കയ്യുണ്യനീരു്, അമരിനീരു് ഇവകൊണ്ടു നസ്യം ചെയ്യുക.

## കുരങ്ങു വിഷം

പുൺവായിൽനിന്നും കറുത്ത രക്തം ചാടും. അധരം, പല്ലു്, തൊലി ഇവ കറുക്കും, ശരീരം വേദനിയ്ക്കും, രോമാഞ്ചം, തളർച്ച ഈവക ലക്ഷണങ്ങളാകുന്നു.

ചികിത്സ. നെന്മേനിവാകപ്പഞ്ചാംഗം കാടിയിൽ അരച്ചു കുടിക്കുക. (വേരു്, ഇല, തൊലി, പൂവു്, കായ്)

2) വയമ്പു്, അമുക്കുരം, പാച്ചോററിവേരു് ഇവ സമം പൊടിച്ചു് പാലിൽ കുടിക്കുക.

3) നെന്മേനിവാകപഞ്ചാംഗകഷായത്തിൽ "വിഷസംഹാരിഗുളിക" അരച്ചു സേവിക്കുക.

## കുതിരവിഷം

കുതിരകടിച്ചാൽ വലുതായ മുറിവുണ്ടാകും, കടിവായിൽ നിന്നും രക്തം കട്ടയായി ഒലിക്കും, അധികമായ വേദന, കണ്ണിൽ നിന്നും വെള്ളം വരുക, പനി, തലവേദന ഈവക ലക്ഷണങ്ങ ളാകുന്നു.

ചികിത്സ. വയമ്പു്, അമുക്കുരം, പാച്ചോററിത്തൊലി ഇവ സമം പാലിൽ അരച്ചു് സേവിക്കുക.

പാച്ചോററിത്തൊലി കഷായത്തിൽ "വിഷസംഹാരിഗുളിക" അരച്ചുസേവിക്കാം.

## മത്സ്യവിഷം

പുൺവായിൽ കഠിനവേദന, ചുട്ടുകത്തൽ, പനി, രോമാഞ്ചം, വീക്കം, ബോധക്ഷയം, എന്നീ ഉപദ്രവങ്ങൾ ഉണ്ടാകും.

1) മത്സ്യം കുത്തിയാൽ കോളവാ കീറി പച്ചകശ്ശുവണ്ടിയുടെ നെയ്യു് പുരട്ടുക.

2) കാട്ടുകടുകു് സമൂലം അരച്ചിടുക. അതുതന്നെ ചൂടുവെള്ളത്തിൽ കുടിക്കുക.

3) മത്സ്യം കുത്തിയാൽ ഉടൻതന്നെ കോളവായിൽ മൂത്രം വീഴ്ത്തുക.

4) വെട്ടിയുടെ ക്രുമ്പു് അരച്ചിടുക.

5) വേള സമൂലം കഷായംവെച്ചു കുടിക്കുക.

6) വലിയ വേദനയും കടച്ചിലും പനിയും ഉണ്ടെങ്കിൽ ചുക്കും, മുളകും, തിപ്പലിയും, കായവും കൂട്ടി പൊടിച്ചു് അമൃതിൻനീരിൽ അരച്ചിടുക.

7) ചിററമൃതും, ദശപുഷ്പവും പാലിൽ വെന്തു് അരച്ചു് പുരട്ടുക.

8) കാഞ്ഞിരത്തിൻെറ വേരു വെന്തു് ധാരകോരുക. കാഞ്ഞിരത്തിൻെറവേരു് അരച്ചുതേക്കുക. തഴുതാമവേരു്, മരുതിൻതൊലി ഇവയരച്ചു തേക്കുക.

## അട്ടവിഷം

പുൺവായിൽ ചൊറിച്ചിൽ, രക്തം ഒഴുകുക ഇവ കാണും.

1) നറുനീണ്ടിയും മഞ്ഞളും നെയ്യുംകൂട്ടി അരച്ചിടുക.

2) രക്തം നില്ക്കുന്നതിനു് പടിക്കാരമോ തുരിശോ നേമ്മയായി പൊടിച്ചു് വെച്ചുകെട്ടിയാൽ ചോര നില്ക്കും.

3) ചിലന്തിവല എടുത്തു് അമർത്തിപ്പിടിച്ചാലും ചോര നില്ക്കും.

4) മഞ്ഞൾ അരച്ചു തേക്കുക.

5) മഞ്ഞൾ, ഉങ്ങിന്റെ തൊലി, നെയ്യുംകൂട്ടി അരച്ചു പുരട്ടുക. ചൊറിച്ചിലും പഴുപ്പും വരുന്നതിനു് നന്നു്.

## തേരട്ടവിഷം

പുൺവായിലെ തൊലി ഇളകും. ചൊറിച്ചിൽ ഉണ്ടാകുകയും ചെയ്യും.

1) പുത്തരിച്ചുണ്ടയിലയും കൈതക്കുമ്പും കൂടി വെളിച്ചെണ്ണയിൽ വറുത്തു് അരച്ചു കുഴമ്പാക്കി പുരട്ടിയാൽ തേരട്ടതട്ടി പൊള്ളിയുണ്ടാകുന്ന വ്രണം ശമിക്കും.

2) മഞ്ഞൾപ്പൊടി ഗോമൂത്രത്തിലരച്ചു് ലേപനം ചെയ്യാൽ സുഖം കിട്ടും.

3) മുള്ളൻചീരയുടെ വേരു് കഷായം വെച്ചു കുടിച്ചാലും വിഷം തീരും.

## കടന്നൽ, വണ്ടു്, തേനീച്ച വിഷങ്ങൾ.

അതിയായ വേദന, ചുട്ടുകത്തൽ, രോമാഞ്ചം പുൺവായിൽനിന്നും രക്തം വരുക, വെള്ളം ഒലിക്കുക, ഭയങ്കരദാഹം, വിയപ്പു് എന്നീ ലക്ഷണങ്ങളാകുന്നു.

ചികിത്സ. 1) തുളസിവേരു് അരച്ചു ചൊറുക്കയിൽ കൊടുക്കുക.

2) എള്ളു് പാലിൽ അരച്ചിടുക.

3) ചുമന്ന മുക്കുററി സമൂലം അരച്ചു് നെയ്യിൽ ചാലിച്ചു പുരട്ടുക.

4) തൈരോ മോരോ കോളപാട്ടിൽ ഒഴിച്ചുകൊണ്ട് പച്ചീക്കിലികൊണ്ട വടിക്കുക.

5) തകര ഇടിച്ചുപിഴിഞ്ഞ നീരുകൊണ്ട് ധാരകോരിയാൽ വേദന ശമിക്കുന്നതാണ്.

6) കറുകനീരിൽ പച്ചമഞ്ഞൾ അരച്ചു തേക്കുക.

7) ചെറുനാരങ്ങാ നീരിൽ പഞ്ചസാര ചാലിച്ചു പുരട്ടുക.

8) നറുനീണ്ടിക്കിഴങ്ങോ പുലിച്ചുവടിയോ കരിക്കുംവെള്ളത്തിലരച്ചു സേവിക്കുക. കുമ്പിളിൻെറ കുരുന്നും പച്ചമഞ്ഞളും കൂട്ടിഅരച്ചു പുരട്ടുക.

## പഴുതാരവിഷം

പുൺവായിൽനിന്നു രക്തം പൊടിക്കും, കറുത്ത ചോര ഒലിക്കും, പുൺവാ വിയക്കും, വേദന, പുകച്ചിൽ, ചൂട്, ഇടയ്ക്കിടയ്ക്ക് വേദന കുറയും ഇവ ലക്ഷണമാകുന്നു.

ചികിത്സ. 1) പൂത്തുമ്പനീരിൽ പഴുത്ത പ്ലാവിലഞെട്ട് അല്പം ചുണ്ണാമ്പുകൂട്ടി അരച്ചു കോളവായിൽ തേക്കുക.

2) പൊന്നാരവീരത്തിൻെറ നീരു കുടിക്കുക.

3) പഴുത്ത പ്ലാവിലഞെട്ട് എണ്ണയിൽ വറുത്ത് അരച്ചു ചൂടോടുകൂടി പുരട്ടുക.

4) പച്ചീക്കിലിയേൽ നെയ്യു പുരട്ടി പഴുപ്പിച്ച് കടിസ്ഥലത്തു വലിക്കുക.

5) പാലുകാച്ചുന്ന തവിയേൽ ഉണങ്ങിപ്പിടിച്ചിരിക്കുന്നതു ചുരണ്ടിഎടുത്ത് കാടിയിൽ ചാലിച്ചിടുക.

## ചൊറിയൻപുഴ

1) ചാണകം മോരിൽ കലക്കി തേക്കുക.

2) വാളൻപുളി മോരിൽകലക്കി തേക്കുക.

3) മഞ്ഞളും തുളസിയിലയുംകൂടി അരച്ചിടുക.

4) കാവിമണ്ണിൽ വെണ്ണകൂട്ടി ഇടുക.

5) വെററിലനീരിൽ മഞ്ഞൾ ചേർത്തിടുക.

## വെററിലപ്പാമ്പുവിഷം

1) തലമുടി കഴുകിയശേഷം ആ വെള്ളം കൊടുക്കുക.
2) പേരയിലനീരിൽ കായം ചേർത്തു കൊടുക്കുക.
3) പേരയില പിഴിഞ്ഞ നീരു കൊടുക്കുക.
4) കദളിവാഴപ്പിണ്ടിനീരിൽ ഇന്തുപ്പു ചേർത്തു കുടിക്കുക.

## പുലിവിഷം

പുലിയുടെ വിഷത്തിനു് പനി, വിറയൽ, പുകച്ചിൽ, സർവ്വാംഗ സന്താപം ഇവയുണ്ടാകുന്നു.

1) വെള്ളടമ്പിൻെറ നീരുകൊണ്ടു ധാര കോരുക.
2) ചന്ദനം അരച്ചു് സർവ്വാംഗം തേക്കുക.

## ചെവിപ്പാമ്പുവിഷം

1) മുള്ളൻചീരയുടെ നീരിൽ അതുതന്നെ കല്ക്കൻ അരച്ചു ചേർത്തു കലക്കി വെളിച്ചെണ്ണയൊഴിച്ചു് കാച്ചി കുടിക്കുകയും പുരട്ടുകയും ചെയ്യുക.

2) മഞ്ഞൾ ഇടിച്ചുപിഴിഞ്ഞ നീർ സേവിക്കുക.

3) പുളിച്ച മദ്യം സേവിക്കുന്നതും നല്ലതാണു്.

4) "വിഷസംഹാരി" ഗുളിക തുളസിനീരിൽ പുരട്ടുക.

## പട്ടികടിച്ചാൽ പഴക്കാതിരിക്കുന്നതിനു്

1) പഴപ്പൻതേങ്ങയുടെ തൊണ്ടിൻപുറത്തു് വേപ്പെണ്ണ പുരട്ടി ചൂടുപിടിപ്പിച്ചു് കടിച്ചഭാഗത്തും കഴപ്പും വേദനയും ഉള്ള സ്ഥലത്തും ചൂടു പിടിക്കുക.

2) പട്ടിച്ചെവിയൻ അരച്ചിടുക.

3) പേരയുടെ ഇല ഇടിച്ചുപിഴിഞ്ഞ നീരു കൊടുക്കുക.

4) മൂത്ത വട്ടയുടെ തൊലിയും ഉമ്മത്തിലയും വെള്ളം വെന്തു ധാരകോരുക. അനുഭവഫലം.

5) സാധാരണ പട്ടികടിച്ചാലുടനേ കത്തിനില്ക്കുന്ന തീക്കൊള്ളി കടിച്ചസ്ഥാനത്തു കാണിച്ചു് വെള്ളം ഒഴിക്കുക.

6) പട്ടിവേള, പുത്തുമ്പ ഇവയിൽ ഏതെങ്കിലും ചുണ്ണാമ്പുകൂട്ടി അരച്ചു വച്ചുകെട്ടുക.

7) പയറു ചവച്ചു വ്രണത്തിൽ വെച്ചുകെട്ടുക.

72580

## മൃഗങ്ങൾക്കു വിഷമേററാൽ ലക്ഷണവും ചികിത്സയും

തലയാട്ടം, രോമം എഴുന്നുനില്ക്കുക, കൊഴിയുക, കടിച്ച സ്ഥലം വീങ്ങൽ, നടക്കാൻ പാടില്ലാതെയാകുക, വായിൽനിന്നും മൂക്കിൽനിന്നും നുരയും പതയും വരുക, ദഹനമില്ലാതിരിക്കുക, മലമൂത്രതടസ്സം, വാ തുറക്കാതിരിക്കുക ഈവക ലക്ഷണങ്ങളുണ്ടായിരിക്കും.

ചികിത്സകൾ. 1) ഇന്തുപ്പ്, നെയ്യ് ഇവയരച്ചു ദേഹംമുഴുവനും പുരട്ടുക.

2) ത്രികടുക്, ഇന്തുപ്പ്, വയമ്പ്, ഇവ കാടിചേർത്തരച്ച് കുടിപ്പിക്കുകയും തേക്കുകയും ചെയ്യുക.

3) കുടുക്കമൂലിവേരു് ഒരു നെല്ലിക്കാവലിപ്പത്തിൽ അരച്ച് മൂത്രത്തിൽ ഭേദിച്ച് കൊടുക്കുക.

4) ടി മരുന്നുകൾ കഷായം വെച്ചതിൽ പാണൽവേരു് അരച്ചുചേർത്ത് കൊടുക്കുക. വയർവീക്കന്നതു് ദഹനമില്ലായ്മ ഇവ ശമിക്കും.

5) വാകപ്പഞ്ചാംഗം, അമരിവേരു്, ചെറുചീരവേരു്, മഞ്ഞൾ, മരമഞ്ഞൾ, ഇവയരച്ച് പാനലേപനാദികൾ ചെയ്യുക. വിഷം, പനി, വയർകമ്പം, മുതലായ ദോഷങ്ങൾ ശമിക്കും.

6) അടുപ്പിലെ ചാരം മുന്നാഴി വാരി വെള്ളത്തിൽ കലക്കി തെളിയുമ്പോൾ ആ വെള്ളം കൊടുക്കുക.

7) ഉപ്പ്, വെളിച്ചെണ്ണ ഇവ സമമായി കൊടുക്കുക.

8) റബറിലതിന്നാൽ ശക്കര കലക്കിക്കൊടുക്കുക. മരച്ചീനിയോ ഇലയോ തിന്നാൽ കുമ്പളങ്ങാനീരു കൊടുക്കുക. നീലം കലക്കിക്കൊടുക്കുക. പന്നിനെയ്യ് കൊടുക്കുക. പേരയുടെ ഇല ഇടിച്ചുപിഴിഞ്ഞ നീരു കൊടുക്കുക.

### കഷായത്തിനു്

9) ചുക്കു്, കുരുമുളകു്, നീലയമരി, കണ്ണിവെററില, വയമ്പു്, രാമച്ചം, ചന്ദനം, വെളുത്തുള്ളി, കരളകത്തിൻവേരു്, ഇരുവേലി, ചെറുചീരവേരു് ഇവ 3–3 കഴഞ്ചുവീതം ചതച്ചു 2 ഇടങ്ങഴി വെള്ളത്തിൽ വെന്തു് 2 നാഴിയാക്കി, നാഴി പിഴിഞ്ഞരിച്ച് "വിഷസംഹാരി" ഗുളിക 3 എണ്ണം അരച്ചുകലക്കി കൊ

ട്ടുക. രണ്ടു ഗുളിക തുളസിനീരിൽ അരച്ച് മൂക്കിലും കണ്ണിലും നസ്യംചെയ്യുക. കടിച്ച സ്ഥലത്തു കോൾവായിൽ നെയ്യ്, വേപ്പെണ്ണ ഇവ സമംകൂട്ടി മുളകുകൊടിയില, നീലയമരിയില, എരിക്കില, തുളസിയില, വെററില, പുല്ലാന്നിയില, കരിമുരിക്കില, മുരിങ്ങയില, വേപ്പില, ഇവ സമം എടുത്തു് നല്ലവണ്ണം ചതച്ചു കിഴികെട്ടി ടി നെയ്യ് തിളപ്പിച്ച് കിഴിമുക്കി നേരിയ ചൂടിൽ അരമണിക്കൂർനേരം പിടിക്കുക. (2 നേരം) കഷായം രാവിലെയും വൈകിട്ടും കൊടുക്കണം. 7 ദിവസത്തേയ്ക്കു് പച്ചപ്പുല്ലും പിണ്ണാക്കുവെള്ളവും കൊടുക്കരുതു്. മരുന്നു് തീരുന്നതുവരെ ഉണക്കവയ്ക്കോൽ കൊടുക്കാം കുളിപ്പിക്കുക, വെയിൽകൊള്ളിക്കുക ഇവ പാടില്ല. കിഴികഴിഞ്ഞതിനുശേഷം കോൾവായിൽ വിഷസംഹാരി ഗുളിക തുളസിനീരിൽ അരച്ചുപുരട്ടുക രോമംകൊഴിച്ചിൽ, വിറയൽ, കണ്ണിൽനിന്നും വെള്ളം ഒഴുകുക വായിൽക്കൂടി പതവരുക ഈവക ലക്ഷണംകണ്ടാൽ മുടിക്കുത്തു്, പന്നിക്കുളമ്പ്, മയിൽപീലി, രാമച്ചം, ഇരുവേലി, സാമ്പ്രാണി, വിഷ്ണുക്രാന്തി, പൂവൻകുരുന്തൽ ഇവ എല്ലാംകൂട്ടി കരിച്ചു പുക ഏല്പിക്കുക.

## കൈവിഷലക്ഷണങ്ങൾ

1) കൈവിഷം ഉള്ളിൽ ഉണ്ടെങ്കിൽ പല്ല തരിപ്പ്, അല്ലമായ ചൊറിച്ചിൽ, വായിൽനിന്നും വെള്ളംവരുക.

2) കുറച്ചുനാൾ കഴിയുമ്പോൾ വായ്ക്കു് രുചിക്കുറവ്, സർവ്വാംഗം ക്ഷീണം.

3) വീണ്ടും ഒരു മാസം കഴിയുമ്പോൾ ദഹനക്കുറവ് ദേഹം വിളറുക, ഉറക്കംകൂടുതൽ, ക്ഷീണം, മൗനം.

4) പിന്നെ ഒരുമാസം കഴിയുമ്പോൾ വയർവീക്കുക, രോമംകൊഴിയും, ശ്രവണശക്തിക്ഷയം, കാസം, ശ്വാസം, പനി, ക്ഷോഭം, കരചരണങ്ങൾ, നെഞ്ചു്, വിലാപ്പുറം ഈ ഭാഗങ്ങൾ പ്രത്യേകമായി ശോഷിക്കുക. വയററിൽ തീ എരിയുന്നതുപോലെ ഒരു വിചാരം എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുക, ഭയം, തലമന്ദം, സംശയം, മൂത്രം കൂടുതലായിപ്പോകുക, ചിലപ്പോൾ വിരേചനകൾ ഉണ്ടാകുകയും ചെയ്യും. അതിനു നീലനിറമുണ്ടാകുകയും ചെയ്യും. ഈവക ലക്ഷണങ്ങളാകുന്നു.

## കൈവിഷം ഉണ്ടോ എന്നറിയുന്നതിനു്

1) നീലയമരി സമൂലം പുഴക്കലരികാടിവെള്ളത്തിൽ അരച്ചു ഒരു നെൽമണിഘനത്തിൽ വയറുമുഴുവനും ഇടുക. കൈവിഷം ഉണ്ടെങ്കിൽ അവിടം ഉണങ്ങുകയില്ല. ഉണങ്ങാത്ത ഭാഗം അടിവയററിലെങ്കിൽ വയറു് ഇളക്കണം. മേൽവയററിലെങ്കിൽ ഛർദ്ദിപ്പിക്കണം.

2) മേൽപ്രകാരം വെളുത്ത ശംഖുപുഷ്പത്തിൻെറയില അരച്ചു വയററത്തിടുക. മരുന്നുണങ്ങാതെയിരിക്കുന്ന ഭാഗത്തു് വിഷം നില്ക്കുന്നു എന്നറിയുക.

## കൈവിഷം കളയുവാൻ ഛർദ്ദിപ്പിക്കുന്നതിനു്

1) പുതിയുണർത്തി (അപ്പൂപ്പൻതാടി) അരച്ചുകുടിക്കുക. 2) എരിക്കിൻവേരു് വയമ്പു് ഇവ 3–3 കഴഞ്ചു അരച്ചു് പശുവിൻപാലിൽകൊടുത്തു ഛർദ്ദിപ്പിക്കണം. (വെറുംവയററിൽ കൊടുത്തു ഛർദ്ദിപ്പിക്കണം.) 3) നിലനാരകത്തിൻെറ വേരു് 6 കഴഞ്ചു് അരച്ചു് പാലിൽ കൊടുത്താൽ ഛർദ്ദിക്കും. ഇതിൽ രണ്ടും മൂന്നും ചികിത്സകൾ കഴിഞ്ഞു് 3 ദിവസം കഴിഞ്ഞു് വയറിളക്കണം. അതിനുശേഷം പഞ്ചകല്ല്യമോ, പഞ്ചഗവ്യമോ നെയ്യു് സേവിക്കണം.

പത്ഥ്യം— മാംസം, മത്സ്യം, ശരീരപത്ഥ്യം ഇവ പ്രത്യേകം ശ്രദ്ധിക്കണം. കുളികഴിഞ്ഞശേഷമേ നെയ്യു് സേവിക്കാവൂ. മാനസ്സമിത്രഗുളിക കൈവിഷം, അപസ്മാരം, സ്ഥിരബുദ്ധിയില്ലായ്ക, വികല്പം മുതലായ രോഗങ്ങൾക്കുനന്നു്. ജീരകവെള്ളത്തിലോ യുക്തമെന്നു തോന്നുന്ന കഷായത്തിലോ കൊടുക്കാം.

## മനുഷ്യവിഷം

സംസാരശക്തി ക്ഷയിക്കുക, സന്ധിവേദന, പനി, കണ്ണു ചുമക്കുക, വായിൽനിന്നും വെള്ളം വരുക, മുഖത്തിനു നിറപ്പകർച്ചയുണ്ടാകുക, അരുചി, പുൺവാ വിങ്ങുക, വട്ടത്തിൽ ചൊറിപോലെ ചെറിയ കുരുക്കൾ ഉണ്ടാകുക ഇൗവക ലക്ഷണങ്ങളാകുന്നു.

ചികിത്സ. 1) നീലയമരിവേരു് പാലിൽ അരച്ചു കുടിക്കുക.

2) ചെറുചീരവേരു് പാലിൽ അരച്ചു കുടിക്കുക.

3) എള്ളിലെ വേള കഷായംവെച്ചു വില്വാദി ഗുളിക മേമ്പൊടി ചേർത്തു് കുടിക്കുക.

4) വേള സമൂലം ചതച്ചിട്ടു അതിൻെറ പുക കോളവായിൽ ഏല്പിക്കുക.

5) വെളുത്ത ശംഖുപുഷ്പത്തിൻെറ വേരു് പച്ചവെള്ളത്തിൽ അരച്ചുകുടിക്കുക.

6) വയമ്പു് അരച്ചു് പാലിൽ സേവിക്കുക.

7) നെന്മേനിവാകപ്പഞ്ചാംഗം കഷായത്തിൽ "വില്വാദി ഗുളിക മേമ്പൊടിചേർത്തു കഴിക്കുക.

# സ്ഥാവരവിഷചികിത്സ

വിഷശക്തിയുള്ള വൃക്ഷങ്ങൾ, വള്ളികൾ, ചെടികൾ ഇവകളുടെ മൂലം, ഇല, പൂവു്, കായ്, തൊലി, പാലു്, സാരം, രസം (പശ), കിഴങ്ങു് ഇവയുടെ വിഷത്തിനു് മൂലാദിവിഷങ്ങൾ എന്നു പറയുന്നു. ഇവ പത്തും ധാതുക്കൾ, ലോഹങ്ങൾ തുടങ്ങിയ ധാതുവിഷങ്ങളും അറിഞ്ഞോ, അറിയാതെയോ വിധിപ്പൂർവ്വമല്ലാതെയോ സ്പർശിക്കുക, സേവിക്കുക, മുതലായവ വഴിയായി വിഷബാധയേല്ക്കുന്നതിനിടയുണ്ടു്. ചില പ്രത്യേക ഭക്ഷ്യവസ്തുക്കൾ ചില പ്രത്യേക സാധനങ്ങളുമായി ചേരുമ്പോഴും വിഷമായിത്തീരുന്നു. ഇതിനു് യോഗവിഷമെന്നു പറയുന്നു.

മൂലാദിവിഷങ്ങളിൽ മൂലവിഷങ്ങൾ 8, പത്രവിഷങ്ങൾ 5, ഫലവിഷങ്ങൾ 12, പുഷ്പവിഷങ്ങൾ 5, തൊലിവിഷങ്ങൾ 7, ക്ഷീരവിഷങ്ങൾ 3, ധാതുവിഷങ്ങൾ 2, കന്ദവിഷങ്ങൾ 13, ഇങ്ങനെ അൻപത്തഞ്ചു (55) സ്ഥാവരവിഷങ്ങളുണ്ടു്. ഇവയെല്ലാം വിസ്തരിച്ചു് ഈ ചെറുപുസ്തകത്തിൽ ഉൾക്കൊള്ളിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ ഏതാനും പ്രധാനപ്പെട്ടവയെമാത്രം പറഞ്ഞുകൊള്ളട്ടെ.

സ്ഥാവരവിഷമേററാൽ ഛർദ്ദി, അതിസാരം, ജ്വരം, ദുഃഖം, രോദനം, മോഹാലസ്യം, ചടപ്പു്, ജാഡ്യത, മലമൂത്രബന്ധനം, തളർച്ച, ദാഹം, വീക്കം, ഉഷ്ണം, എക്കിൾ, പല്ലുപുളിപ്പു്, കഴുത്തിനു ഉളുക്കു്, വായിൽക്കൂടി നുരയും പതയും വരുക, വെള്ളം ഒലിക്കുക, ശ്വാസം, കാസം, ഇന്ദ്രിയസാദം, എന്നി

വകൾ സംഭവിക്കും. പഴക്കത്തിന് രക്തത്തേയും മററു ധാതുക്കളേയും ദൂഷിപ്പിച്ച് കുരുക്കൾ, വ്രണങ്ങൾ, ഉദരരോഗങ്ങൾ, അഗ്നിമാന്ദ്യം, ഉന്മാദം മുതലായ ദോഷങ്ങളെ ഉണ്ടാക്കുന്നതുമാകുന്നു.

1) മൂലവിഷം ഹേതുവായി കിടന്നുരുളുകയും പിച്ചുപറയുകയും മോഹാലസ്യപ്പെടുകയും ചെയ്യും.

2) പത്രവിഷം മൂലം കോട്ടുവായും വിറയലും ശ്വാസകാസങ്ങളുമുണ്ടാകുന്നു.

3) ഫലവിഷം മൂലം വൃഷണത്തിൽ കുത്തിനോവും ദാഹവും അന്നത്തിൽ വെറുപ്പും ഉണ്ടാകും.

4) പുഷ്പവിഷം പെട്ടാൽ ഛർദ്ദി, വയർവീർപ്പ്, ശ്വാസതടസ്സം ഇവ ഉണ്ടാകും.

5) തൊലിവിഷം വായിൽ ദുർഗ്ഗന്ധവും ശരീരത്തിന് പരുപരുപ്പുമുണ്ടാകും.

6) കാതൽവിഷവും പശവിഷവും മൂലം തലവേദനയും കഫസ്രാവവുമുണ്ടാകും.

7) ക്ഷീരവിഷം ഹേതുവായി വായിൽനിന്നു നുരയും പതയും വരുകയും മലമിളകിപ്പോകുകയും ശരീരത്തിന് കനമുണ്ടാകുകയും ചെയ്യും.

8) ധാതുവിഷം മൂലം നെഞ്ചുനോവ്, ഇന്ദ്രിയസാദം അല്ലെങ്കിൽ ചൂട് ഇവയുണ്ടാകും. ഈ വിഷങ്ങൾ കാലാന്തരത്തിൽ പ്രാണഹാനികരങ്ങളാകുന്നു. സ്ഥാവരവിഷസ്പർശനമേററാൽ ആ ഭാഗത്തു് വീക്കം, തൊലിവിള്ളൽ, പഴുപ്പ് എന്നിവയുണ്ടാകുന്നു.

9) വിഷം കുടിച്ചവൻെറ ലക്ഷണം പുകയിറപോലെ മലത്തെ അതിസരിക്കും, നുര ഛർദ്ദിക്കും.

## സ്ഥാവരവിഷ പ്രഥമ ശുശ്രൂഷകളും പ്രതിവിധികളും

സ്ഥാവരവിഷദ്രവ്യങ്ങൾ അറിഞ്ഞോ അറിയാതെയോ ഒരുവൻ ഭക്ഷിച്ചാൽ ഉടനെ അവനെ തണുത്ത വെള്ളംകൊണ്ടു് ധാരകഴിക്കുക. അതിനുശേഷം ഛർദ്ദിപ്പിക്കുകയും വിരേചിപ്പിക്കുകയും വസ്തിവെച്ചു് വയറുകഴുകുകയും ചെയ്യുക. വിഷംകുടിച്ചാൽ ഉടനെ ഛർദ്ദിപ്പിക്കുക. വിഷം തൊക്കിലായാൽ ശീതളമായ ലേപനങ്ങളും ധാരയും, കുഴഞ്ഞിലായാൽ പച്ചവു്ളാങ്ക (ളാങ്ക)യുടെ മജ്ജ പഞ്ചസാരയും തേനും ചേർത്തു് സേവിപ്പിക്കുകയും, പക്വാശയത്തിലായാൽ തിപ്പലി, മഞ്ഞൾ, മരമഞ്ഞൾ മഞ്ചട്ടി ഇവ തുല്യമായി എടുത്തു് ഗോപിത്തത്തിൽ അരച്ചു സേവിക്കുകയും, ആമാശയത്തിലായാൽ ഛർദ്ദിപ്പിച്ചശേഷം ഒരു പലം തകരം പൊടിച്ചു് പഞ്ചസാരയും തേനും ചേർത്തു് സേവിപ്പിക്കുകയും ചെയ്യുക.

ഛർദ്ദിപ്പിക്കാൻ 1) നെയ്യിൽ തുരിശു കലത്തി സേവിപ്പിക്കുക. 2) അമരിയിലനീരിൽ കഞ്ഞിവെച്ചു കുടിക്കുക. 3) അങ്കോലവേർ അരച്ചു് താന്നിക്കാവലിപ്പത്തിൽ പാലിൽ കുടിപ്പിക്കുക. 4) മലങ്കാരയ്ക്കാ ചുട്ടു പരിപ്പെടുത്തു് അരച്ചു് ചൂടുവെള്ളത്തിൽ കുടിപ്പിക്കുക. 5) കടുകരച്ചു നെയ്യും ചേർത്തു് ചൂടുവെള്ളത്തിൽ കുടിക്കുക.

വിരേചിപ്പിക്കാൻ 1) ത്രികോല്പക്കൊന്ന കഷായം, ത്രിഫലകഷായം, പടവലകഷായം ഇവ വെച്ചു് സേവിപ്പിക്കുക. 2) കള്ളിപ്പാൽ നാലിരട്ടി പശുവിൻപാലും ചേർത്തു് ഉറവീഴ്ത്തി കടഞ്ഞെടുത്ത വെണ്ണ സേവിച്ചാൽ വമനവിരേചനങ്ങൾ രണ്ടും സാധിക്കും. ഇവ അധികരിച്ചാൽ നിറുത്തുവാൻ ഉപ്പു ചേർത്തു കഞ്ഞി കൊടുക്കുകയോ ചന്ദനം ശുദ്ധജലത്തിൽ അരച്ചു് കൊടുക്കുകയോ ചെയ്യുക.

### സാമാന്യചികിത്സ

വമനവിരേചനങ്ങൾക്കുശേഷം ഉടൻതന്നെ നെയ്യും തേനും ചേർത്തു സേവിപ്പിക്കുക. മഞ്ഞൾ, ഇന്തുപ്പു്, ഇവ പൊടിച്ചു് തേനും നെയ്യും ചേർത്തു സേവിപ്പിക്കാം. ഇതു് വിഷം പററിയ

ആയുധംകൊണ്ടു മുറിഞ്ഞ പീഡയും ശമിപ്പിക്കുന്നതാണ്. അതിനുശേഷം ചെറുചീര, അമരിവേർ, ഇന്തുപ്പ് ഇവ കാടിയിലരച്ച് സേവിപ്പിക്കുകയും ലേപനം ചെയ്യുകയും ചെയ്ക.

പുട്ടൽപീരം, കടുക്കാത്തോട്, പാടക്കിഴങ്ങ്, ചിററമൃത്, നെന്മേനിവാകത്തൊലി, കുപ്പമഞ്ഞൾ, കമിഴിൻവേര്, നറുവരി, മഞ്ഞൾ, മരമഞ്ഞൾതൊലി, തഴുതാമവേര്, പാൽവള്ളിക്കിഴങ്ങ്, നറുനീണ്ടിക്കിഴങ്ങ്, ചെറുവഴുതനവേര്, ത്രികടുക്, വേമ്പാടപ്പട്ട, കൊട്ടുവേലിക്കിഴങ്ങ് ശുദ്ധിചെയ്തത്, വെൺവഴുതനവേര് ഇവ കഷായംവെച്ച് അതിൽ കഞ്ഞിവെച്ചും കഷായംതന്നെ നയ്യും തേനും ചേർത്തും കൊടുത്തുകൊണ്ടിരിക്കുക. സ്ഥാവരവിഷം വേഗം ശമിക്കും.

സ്ഥാവരവിഷങ്ങൾക്ക് വിശേഷമായ "ശതധൗതഘൃതം" നാല്പാമരകഷായത്തിൽ സമം നെയ്യ ചേർത്ത ആറു് നാഴികനേരം കടയുമ്പോൾ ചുവന്നാവരും. ഈഘൃതം സേവിച്ചാൽ എല്ലാ സ്ഥാവരവിഷങ്ങളും ശമിക്കുന്നതാണ്.

## I ധാതുവർഗ്ഗം

**1.** രസം ഭക്ഷിച്ചാൽ. 1) നെയ്കുമ്പളങ്ങാനീററിൽ പഞ്ചസാരചേർത്ത സേവിക്കുക.

2) നാരങ്ങാനീര് പഞ്ചസാര ചേർത്ത കുടിക്കുക.
3) കോഴിമുട്ടയുടെ വെള്ള ധാരാളം കഴിക്കുക.
4) കുമ്പളങ്ങാ ഏതുവിധമെങ്കിലും പാകംചെയ്ത ഭക്ഷിക്കുക.
5) പഴയ ശക്കര മോരിൽ ചേർത്തുകൊടുക്കുക.
6) കടുക്ക, മഞ്ഞൾ ഇവ പൊടിച്ച മോരിൽ സേവിക്കുക.
7) പരുത്തിയിലനീർ കാടിചേർത്ത സേവിക്കുക.

**2.** പാഷാണം. (ശംഖപാഷാണം, ഗൗരീപാഷാണം.)

1) കടുക്, കുരുമുളക് ഇവ അരച്ച സേവിക്കുക.

2) നീലയമരിവേരും താമരവളയവും സമം അരച്ച് പച്ചവെള്ളത്തിൽ സേവിക്കുക.

3) നീലയമരിവേരുകൊണ്ടോ ത്രിഫലകൊണ്ടോ കഷായം വെച്ച കഴിക്കുകയും നെയ്യും പാലും കുടിക്കുകയും ചെയ്യുക.

4) കുരുമുളക പൊടിച്ച് നെയ്യ് ചേർത്ത സേവിക്കുക.

5) പാവലിൻെറ ഇലപിഴിഞ്ഞ നീരു് സമം മുലപ്പാലും ചേൎത്തു കുടിക്കുക.

6) പാണലിൻെറ നീർ സേവിക്കുക.

7) പാവയ്ക്കാ ഇടിച്ചുപിഴിഞ്ഞ രസം കൊടുക്കുക.

8) പാലു്, കുമ്പളങ്ങാനീരു്, ചെറുനാരങ്ങാനീരു ഇവ സമം സേവിക്കുക.

3. ഗന്ധകം. 1) എരുമമോരു സേവിക്കുക.

2) ചന്ദനം മോരിൽ അരച്ചുകുടിക്കുക.

3) നെല്ലിക്കാനീരിൽ രാമച്ചം അരച്ചുചേൎത്തു് സേവിക്കുക.

4. ചുണ്ണാമ്പു്. 1) ആവണക്കെണ്ണയിൽ സമം മുലപ്പാൽ ചേൎത്തുസേവിക്കുക.

2) വെളിച്ചെണ്ണ വായിൽ പുരട്ടുക.

5. അരിതാരത്തിൻെറ വികാരശാന്തിക്കു്.

1) പഴുത്ത താളിമാതളക്കായുടെ നീരുകുടിക്കുക.

2) ഇഞ്ചി, ത്രിഫലത്തോടു്, ഇലിപ്പത്തൊലി, ഇവ സമം കഷായം വെച്ചു സേവിക്കുക. ഒരു പലം മരുന്നു് ഒരിടങ്ങഴി വെള്ളം. രണ്ടു നേരമായി മൂന്നു ദിവസം കഴിക്കുക.

6. ചായില്യം. 1) പടവലനീരു്, ഇഞ്ചിനീരു്, ഇവ സമം മുലപ്പാലും ചേൎത്തു സേവിക്കുക.

2) കരിനൊച്ചിനീരു് സമം മുലപ്പാലും ചേർത്തു സേവിക്കുക.

7. മനയോലയ്ക്കു്. 1) പെണ്ണാടിൻെറ മൂത്രത്തിൽ ത്രിഫലത്തോടു അരച്ചുകലക്കി സേവിക്കുക. എല്ലാംകൂടി ഒരു കഴഞ്ചു്. ഏഴുദിവസം രാവിലെ മാത്രം സേവിക്കുക.

8. ഇരുമ്പിൻെറ വികാരത്തിനു്. ഏലത്തരി പൊടിച്ചു് കൽക്കണ്ടവും തേനും ചേൎത്തു മൂന്നു ദിവസം സേവിക്കുക.

9. കാരീയത്തിനു്. വെൺവായമ്പും കടുക്കയും പൊടിച്ചു് സമം പഞ്ചസാരചേൎത്തു മൂന്നു ദിവസം സേവിക്കുക.

10. വെളുത്തീയത്തിനു്. ആട്ടുകൊട്ടപ്പാലയരച്ചു ചൂടുവെള്ളത്തിൽ കലക്കി മൂന്നുദിവസം കുടിക്കുക.

11. അഭ്രവികാരത്തിന്. 1) നെല്ലിക്കാത്തോട്ട ശുദ്ധജലത്തിൽ അരച്ച് പഞ്ചസാരചേർത്തു മൂന്നു ദിവസം മുടങ്ങാതെ സേവിക്കുക.

2) നെല്ലിയുടെ തൊലി അരച്ചുകുടിക്കുന്നതും നന്ന്.

3) പാലിൽ പഞ്ചസാരയിട്ടു കൂടെക്കൂടെ കുടിക്കുക.

12. അന്നഭേദി ശുദ്ധിചെയ്യാതെ ഭക്ഷിച്ചാൽ ചെറുനാരങ്ങാനീരു സേവിക്കണം.

13. നവരത്നങ്ങളുടെ വികാരത്തിന്. 1) മുത്ത്, പവിഴം, ഉപരത്നങ്ങൾ എന്നിവ ശുദ്ധിചെയ്യാതെ സേവിച്ചാൽ തേനിൽ പഞ്ചസാരചേർത്തു കുടിക്കുക; എന്നാൽ തീരും.

2) പാലിൽ തേൻ നെയ്യ് പഞ്ചസാര ഇവ സമം ചേർത്ത് സേവിക്കുന്നതും ഫലപ്രദം.

## II. മൂലവർഗ്ഗം

1. ഉപവിഷങ്ങൾക്ക്. എരിക്കിൻപാൽ, കള്ളിപ്പാൽ, മേന്തോന്നി, കണവീരം, കറപ്പ്, കുന്നി, ഉമ്മത്ത് ഇങ്ങനെ ഉപവിഷങ്ങളേഴാകുന്നു. ഈ ഉപവിഷങ്ങളിൽ ഏതെങ്കിലും ഉള്ളിൽപ്പെട്ടാൽ കുരുപ്പരുത്തിപ്പൂവ് പിഴിഞ്ഞു നീരെടുത്ത് പഞ്ചസാര ചേർത്തു തുടരെ തുടരെ കൊടുത്തുകൊണ്ടിരിക്കണം. പശുവിൻപാലും പഞ്ചസാരയും ചേർത്ത് ആവശ്യംപോലെ കൊടുക്കാം.

2. വത്സനാഭി. 1) തൈരു് മോരു് ഇവ കുടിക്കുക.

2) ഗോമൂത്രത്തിൽ വെണ്ണചേർത്തു സേവിക്കുക.

3) പഴയ ഉപ്പുമാങ്ങയുടെ തോട്ട പൊട്ടിച്ച് അതിൻെറ പരിപ്പുപയോഗിക്കുക.

4) കുരുമുളകുകഷായം കുടിക്കുക.

5) എണ്ണ, ഉപ്പുവെള്ളം ഇവ ഉപയോഗിക്കുക.

3. മേന്തോന്നി. 1) ചുക്ക് അരച്ച് കഞ്ഞിവെള്ളത്തിൽ കുടിക്കുക.

2) നീലയമരിവേരും കുരുമുളകുംകൂടി അരച്ചുസേവിക്കുക.

3) മുരിങ്ങത്തൊലി ഇടിച്ചുപിഴിഞ്ഞ നീററിൽ തൈരു് സമംചേർത്തു സേവിക്കുക.

4. മരോട്ടിക്കുരു തിന്നാൽ 1) ഞാറവേരരച്ചു് വെണ്ണയിൽ ചാലിച്ചു സേവിക്കുക.

2) മോരു് ധാരാളം കുടിക്കുക.

3) ചന്ദനം അരച്ചു് വെണ്ണയിൽ ചാലിച്ചുതിന്നുക.

4) പടവലക്കഷായമോ ത്രിഫലക്കഷായമോ സേവിക്കുക. താന്നിയില ഇട്ടുവെന്തവെള്ളത്തിൽ കുളിക്കുക.

5. ചേരു പൊള്ളിയാൽ 1) താന്നിത്തൊലി അരച്ചുപുരട്ടുക.

2) ചെറുചീരയും കട്ടുകുംകൂടി അരച്ചുപുരട്ടുക.

3) ശതാവരിക്കിഴങ്ങു് കഷായംവെച്ചു കുടിക്കുക.

4) എള്ളു് പാലിലരച്ചു തേൻ വെണ്ണനെയ്യു് ഇവ കൂട്ടി പൂശുക.

5) പാൽ കുടിക്കുക.

6) ചേക്കുരുവു്, എള്ളു്, ഇവ ശക്കര കൂട്ടി ഇടിച്ചുതിന്നുക. താന്നിക്കാത്തൊട്ടു കഷായം കുടിക്കുക. ചേരുമരത്തിൻെറ ചുവട്ടിലുള്ള മണ്ണു് അരച്ചു് ദേഹത്തു പൂശുക. തേക്കുവൃക്ഷത്തിൻെറ ഇലയരച്ചു ദേഹത്തു പൂശുക.

6. നായ്ക്കുരുണ 1) പൂപ്പരുത്തിത്തൊലി അരച്ചുപുരട്ടുക.

2) നെയ്യു് പുരട്ടി ചൂടുവെള്ളത്തിൽ കുളിക്കുക.

3) പൊടിമണ്ണോ വെണ്ണീറോ ഇട്ടു തിരുമ്മുക.

4) തൈർ ധാരകോരുന്നതും കുടിക്കുന്നതും നന്നു്.

5) ചന്ദനം കർപ്പൂരം ഇവ അരച്ചുപുരട്ടുക.

7. ഉമ്മത്തിൻകുരു 1) താമരവളയനീരു കുടിക്കുക.

2) ചന്ദനം, കരിക്കിൻവെള്ളത്തിലരച്ചു കുടിക്കുക.

3) പാലിൽ പഞ്ചസാരചേർത്തു കുടിക്കുക.

4) പരുത്തിയില പിഴിഞ്ഞനീരിൽ മഞ്ഞൾപ്പൊടി ചേർത്തു സേവിക്കുക.

8. കാട്ടുചേന 1) കോൽപുളിയിലനീരു് കുടിക്കുക.

2) തൈരോ വെണ്ണയോ സേവിക്കുക.

3) ത്രികട്ടുക കഷായത്തിൽ കായം മേമ്പൊടിചേൎത്തു സേവിക്കുക.

9. ഗഞ്ചാവു് 1) പാലുകുടിക്കുക.
2) കരിക്കിൻവെള്ളം കുടിക്കുക.
3) പച്ചമഞ്ഞൾനീരു കുടിക്കുക.
4) തേററാമ്പരൽ മോരിൽ അരച്ചുകുടിക്കുക.
5) ഉമ്മിച്ചാമ്പൽ കലക്കി തെളിഞ്ഞ വെള്ളം കുടിക്കുക.
6) ചുമന്നുള്ളി രണ്ടോ മൂന്നോ ചുള തിന്നുക.
7) ചീഞ്ഞ വാഴപ്പിണ്ടി പിഴിഞ്ഞു് നീരു് കൊടുക്കുക.

10. കുന്നിക്കുരു തിന്നാൽ 1) കുരുപ്പരുത്തിപ്പൂവു് പിഴിഞ്ഞ നീരു് പഞ്ചസാരചേൎത്തു പല പ്രാവശ്യമായി കുടിക്കുക.
2) പശുവിൻപാൽ പഞ്ചസാരചേൎത്തു സേവിക്കുക.
3) മുത്തങ്ങാ കഷായംവെച്ചു സേവിക്കുക.
4) ചന്ദനം, ഇരട്ടിമധുരം, അമൃതു് ഇവ കഷായംവെച്ചു സേവിക്കുക.

11. നീൎവാളക്കുരു തിന്നാൽ 1) വാളൻപുളി വെള്ളത്തിൽ കലക്കി ചുക്കുപൊടിയും ചേൎത്തു കുടിക്കുക.
2) മല്ലി പൊടിച്ചു് പഞ്ചസാരചേൎത്തു് തൈരിൽ കലക്കി കുടിക്കുക.

12. ഒതളങ്ങാ ഭക്ഷിച്ചാൽ 1) പട്ടിക്കാഷ്ഠം ശീതജലത്തിൽ കലക്കി സേവിക്കുക.
2) ദേവതാരം കഷായംവെച്ചു സേവിക്കുക.
3) പാണലില ഉപ്പുനീരിൽ അരച്ചു സേവിക്കുക.
4) കരിക്കുംവെള്ളത്തിൽ നെയ്യും ഇന്തുപ്പും ചേൎത്തു സേവിക്കുക.

13. പുകയില തിന്നാൽ 1) പച്ചവെള്ളം കുടിക്കുക.
2) കുരുമുളകു് കടിച്ചുതിന്നുക.
3) പുളിച്ചമോരോ തേങ്ങാപ്പാലോ കുടിക്കുക.
4) കരിക്കിൻവെള്ളം കുടിക്കുക.
5) ഈറൻതുണികൊണ്ടു വീശി കാററേല്പിക്കുക.

14. നഞ്ചിൻകുരു തിന്നാൽ 1) മുത്തങ്ങാക്കിഴങ്ങ് കൂവളത്തിൻവേർ ഇവ പാലിലരച്ചുകലക്കി സേവിക്കുക.

2) തൈർ, നാരങ്ങാനീർ, ഇവയിൽ ശക്കരചേൎത്തു സേവിക്കുക.

3) മല്ലിപൊടിച്ചു് പഞ്ചസാരയിൽ ചേൎത്തു തൈരിൽ ഭേദിച്ചു് സേവിക്കുക.

15. പാമ്പിൻകൂണു് ഭക്ഷിച്ചാൽ 1) അമരിവേരരച്ചു് പാലിൽ കലക്കി സേവിക്കുക.

2) മഞ്ഞൾനീരു കുടിക്കുകയും ദേഹത്തു പുരട്ടുകയും ചെയ്യുക.

16. അടയ്ക്കായുടെ ലഹരിയ്ക്കു് 1) തണുത്തവെള്ളം കുടിക്കുക.

2) ഉപ്പുതിന്നുക. 3) പാലു കുടിക്കുക.
4) പഞ്ചസാരതിന്നുക. 5) ശംഖുപൊടി മണപ്പിക്കുക.
6) മഞ്ഞൾനീരിൽ ഇന്തുപ്പു് സേവിക്കുക.

17. കള്ളിപ്പാൽ കുടിച്ചാൽ 1) പൊന്നാരവീരത്തിന്റെ ഇല ചതച്ചുപിഴിഞ്ഞ നീരു് കുടിക്കുകയും ദേഹത്തിൽ പുരട്ടുകയും ചെയ്യുക.

2) കുരുപ്പരുത്തിപ്പൂവു് പിഴിഞ്ഞ നീരു് പഞ്ചസാരചേൎത്തു് പലപ്രാവശ്യമായി കുടിക്കുക.

3) ആവീരക്കുരുവു്, എള്ളു് ഇവ പൊടിച്ചു് പഞ്ചസാരചേൎത്തു് സേവിക്കുക.

18. കൊട്ടവേലിക്കിഴങ്ങ് 1) ശതാവരിക്കിഴങ്ങു് അരച്ചു് വെണ്ണയിൽ സേവിക്കുക.

2) എള്ളു് നെയ്യിലരച്ചു് തേക്കുകയും തിന്നുകയും ചെയ്യാം.
3) നല്ലെണ്ണ നെയ്യു് ചേൎത്തു സേവിക്കുക.

19. കാഞ്ഞിരം 1) കൂവക്കിഴങ്ങ് പിഴിഞ്ഞു് നീർ സേവിക്കുക.

2) ഉമ്മിക്കരി വെള്ളത്തിൽ കലക്കി ആ വെള്ളം നാലുനേരം സേവിക്കുക.

3) ചുക്ക്, കുരുമുളക് ഇവ കഷായംവെച്ച് കന്മദം മേമ്പൊടിചേർത്തുകൂടെക്കൂടെ സേവിക്കുക.

4) ധാരാളം പാലു കുടിക്കുക.

5) കുന്നിത്തളിർ അരച്ച് സേവിക്കുകയും ദേഹത്തു മുഴുവൻ പൂശുകയും ചെയ്യുക.

6) കൊട്ടവേലിത്തളിർ വെണ്ണയിൽ സേവിക്കുക.

7) ഞാറത്തൊലിനീർ സേവിക്കുക.

8) കൂവനൂറ് തേൻചേർത്തു സേവിക്കുക.

## 20. ആവണക്കിൻകുരു തിന്നാൽ

ഞാവൽക്കുമ്പ് ചതച്ചു പിഴിഞ്ഞ നീരോ അതുകൊണ്ടുള്ള കഷായമോ പലവട്ടം സേവിക്കുക.

## 21. ചക്കപ്പഴം

1) ചുക്കോ തേങ്ങയോ ഉപയോഗിക്കുക.

2) തേക്കടവേരു് കഷായംവെച്ചു സേവിക്കുക.

3) തേക്കടവേരു്, ചുക്ക്, ഇവ കഷായം വെച്ചതിൽ ഇന്തുപ്പ്, ചവക്കാരം ഇവ അനുപാനമിട്ടു സേവിക്കുക.

## 22. പന്നിയിറച്ചി ദഹിക്കാഞ്ഞാൽ

ഞെരിഞ്ഞാംപുളിവേരു് (കിഴങ്ങ്) പിഴിഞ്ഞ നീരു കുടിപ്പിക്കുക.

## 23. മദ്യം സേവിച്ചാൽ

1) ചെറുനാരങ്ങാ നീരു കുടിക്കുക.

2) കൊട്ടത്തേങ്ങാപ്പാൽ കുടിക്കുക.

3) കൂവനൂറ് പച്ചവെള്ളത്തിൽ കൊടുക്കുക.

4) പുളിച്ച മോരു കുടിക്കുക.

5) ഇഞ്ചിനീർ കുടിക്കുക.

## 24. കറപ്പിൻെറ ലഹരിക്ക്

1) അമരിവേർ കഷായംവെച്ചു കുടിക്കുക.

2) കുറുന്തോട്ടിവേരിന്മേൽ തൊലി മോരിൽ അരച്ചുകലക്കി സേവിക്കുക.

3) മോരും ചെറുനാരങ്ങാ നീരും സേവിക്കുക.

4) ഇഞ്ചി ഇടിച്ചുപിഴിഞ്ഞ നീരു സേവിക്കുക.
5) ചുക്ക് അരച്ച് വെള്ളത്തിൽ കലക്കി കൊടുക്കുക.

## 25. കറപ്പുതീററി മാററുവാൻ

1) വിളഞ്ഞതായ ഒരു ഉമ്മത്തിൻെറ കായെടുത്തു് അതിൻെറ എല്ലാവശങ്ങളും സൂചികൊണ്ടു് കുത്തി ഒരുപണവിട കറപ്പ് അതിനകത്താക്കി ഏഴുദിവസം വെള്ളത്തിലിടുക. എട്ടാം ദിവസം എടുത്തു് അരച്ച് ഒരുപണവിട കറപ്പുംകൂട്ടി മർദ്ദിച്ചു വച്ചിരുന്നു് കറപ്പു തിന്നുന്നതിൻെറ ഇരട്ടി സേവിക്കുക. എന്നാൽ കറപ്പുതീററി മാറും.

2) ഇഞ്ചി ഇടിച്ചുപിഴിഞ്ഞനീർ സേവിക്കുക.

## 26. വിഷസാധനം ഉള്ളിൽപെട്ടാൽ

1) ജലധാര കഴിക്കുക.
2) തേനും നെയ്യും ചേർത്തു സേവിക്കുക.
3) "വിഷസംഹാരിഗുളിക" തുളസിനീരിൽ, വെററില നീരിൽ, നീലയമരി നീരിൽ ഏതെങ്കിലും ഒന്നിൽ കഴിക്കാം.

## 27. വിഷമുള്ളു കൊണ്ടാൽ

1) കല്ലുപ്പു വെച്ചുകെട്ടുക.
2) എരിക്കിൻപാൽ പുരട്ടുക.
3) കള്ളിപ്പാൽ കോളുവായിൽ പുരട്ടുക.
4) ചെറുപുള്ളടി അരച്ചു പുരട്ടുക.
5) വിഷസംഹാരിഗുളിക വിന്നാഗിരിയിലോ, മൂത്രത്തിലൊ അരച്ചു പുരട്ടുക.

## 28. വിഷക്കല്ലു ചവുട്ടിയാൽ

1) കാട്ടുള്ളി ചാണകനീററിൽ പുഴുങ്ങി സഹിക്കാവുന്ന ചൂടോടെ ചവിട്ടുക.
2) തുളസിനീരിൽ വിഷസംഹാരിഗുളികയരച്ചു പുരട്ടുക.
3) ആര്യവേപ്പില, മഞ്ഞൾ, കറുകനീരിൽ അരച്ചുപുരട്ടുക.

## 29. വെറും തോന്നൽ

രോഗം, വിഷം ഉണ്ടെന്നുള്ള അനാവശ്യതോന്നൽ. കുറച്ചു പഞ്ചസാര രണ്ടൗൺസ് വെള്ളത്തിൽ കലക്കി അരഔൺസ്

വെണ്ണയും ചേർത്തു് പതിവായിട്ടു കൊടുത്താൽ രോഗം ഉണ്ടെന്നുള്ള അനാവശ്യതോന്നൽ മാറും.

സ്വർണ്ണം നെയ്യിൽ ഉരച്ചു് സേവിക്കുന്നതും നന്നു്. വിഷസംഹാരി ഗുളിക മുലപ്പാലിൽ കണ്ണിലെഴുതുക.

## യോഗവിഷം

നാം നിത്യം ഉപയോഗിക്കുന്നവതന്നെ ചിലപ്പോൾ തമ്മിൽ ചേരുമ്പോൾ യോഗംകൊണ്ടു് വിരുദ്ധമായിട്ടു് ഭവിക്കുകയും ചിലപ്പോൾ മരണംതന്നെയുമുണ്ടാകുന്നവകളെപ്പററി എല്ലാവരും അറിഞ്ഞിരിക്കേണ്ടതാകയാൽ താഴെ വിവരിച്ചുകൊള്ളുന്നു.

അമ്പഴത്തിൻെറ കായും പാലും വിരുദ്ധം.

അയനിച്ചക്കയും പാലും വിരുദ്ധം.

ഉഴുന്നു്, ശക്കര, നെയ്യു്, തേൻ, തൈരു് ഇവയിൽ ഏതെങ്കിലും ഒന്നിനോടുകൂടി അയനിച്ചക്ക തിന്നാൽ വിരുദ്ധമായിത്തീരുന്നു.

തേൻ, എള്ളു്, ശക്കര, പാൽ, ഉഴുന്നു് ഇതിലൊന്നിനോടുകൂടി ആട്ടിൻമാംസം ഭക്ഷിച്ചാൽ അതും വിരുദ്ധമാണു്.

പുളിവർഗ്ഗങ്ങൾ എല്ലാം പാലിനോടു ചേർത്തുപയോഗിച്ചാൽ വിരുദ്ധമായിത്തീരുന്നു.

തൈരും കോഴിമാംസവും വിരുദ്ധമാണു്.

തേനും ചൂടുള്ള പദാർത്ഥങ്ങളും അതുപോലെ വിരുദ്ധങ്ങളാകുന്നു.

മുതിര, വരകു്, പയറു്, തുടങ്ങിയവ ഉപയോഗിച്ചു് ഉടൻ പാലു കുടിക്കുന്നതും വിരുദ്ധമാകുന്നു. മാമ്പഴവും പാലും വിരുദ്ധം. മത്സ്യവും പാലും വിശേഷിച്ചു ചെമ്മീനും വിരുദ്ധം തന്നെ. ഇവ ഒന്നിച്ചുപയോഗിക്കണമെന്നില്ല. ഒന്നുപയോഗിച്ചു് അതു ദഹിക്കുന്നതിനുമുമ്പു് വിരുദ്ധതയുള്ളതുപയോഗിച്ചാലും മതി. കരിമ്പിൻനീരു്, അരിക്കാടി, എള്ളണ്ട ഇവ ഉഴുന്നിനോടുകൂടി ഭക്ഷിച്ചാൽ വിരുദ്ധം. കർപ്പൂരം, തേങ്ങാവെള്ളത്തോടുചേർന്നാലും വിരുദ്ധം. അരിക്കാടി പാലുചേർത്താൽ വിരുദ്ധമായിത്തീരും.

തൈരും, കോഴിമാംസവും, തേനും, പാലും, വാസ്സുചീരയും, പച്ചക്കിളിയുടെ മാംസവും, ഉപ്പും, മഞ്ഞളുംചേർത്തു സേവി

ച്ചതും, മത്സ്യംവറുത്ത ശേഷിച്ച എണ്ണയിൽ തിപ്പലിയരച്ചതും വിരുദ്ധാശനമാകുന്നു.

നെയ്യും തേനും കുടിച്ചിട്ടുടനേ മഴവെള്ളം കുടിക്കുന്നതും വിരുദ്ധവിഷമാകുന്നു.

പത്തുദിവസം ഓട്ടുപാത്രത്തിലിരുന്ന നെയ്യ് കൊടിയ വിഷമാകുന്നു. പന്നിമാംസം കടുകെണ്ണയിൽ വറുത്തതും മുളപൊട്ടിയ ധാന്യങ്ങൾ, എള്ള്, തേൻ, എന്നിവയോടുചേർന്ന ഗോമാംസവും വിരുദ്ധം.

ആവണക്കെണ്ണയും പോത്തുമാംസവും, കടുകെണ്ണയും പ്രാവിൻമാംസവും, ചക്കപ്പഴവും, പാലും, മാംസങ്ങൾ പലതും കൂട്ടിച്ചേർത്തുവച്ചതും വിരുദ്ധമായിട്ടും. വരകും പാലും വാഴയ്ക്കയോടു കരിവനപ്പഴം പാല് മോരു തൈരെന്നിവയും വിരുദ്ധ വിഷം ഉണ്ടാക്കുന്നു.

വിരുദ്ധാഹാരം കഴിച്ചാൽ ഛർദ്ദിപ്പിക്കുകയും വയറിളക്കുകയും ചെയ്യുക. വികാരശാന്തിക്കുതകുന്ന അനുകൂലമായ ഭക്ഷ്യവസ്തുക്കളും ഔഷധങ്ങളും പ്രതിവിധിയായുപയോഗിക്കാം.

വിരുദ്ധഭക്ഷണം പണ്ടേ ശീലിച്ചിട്ടുള്ളവക്ക് എല്ലാം വിരുദ്ധമായി ഭവിച്ചില്ലെന്നും വരാം.

സ്നിഗ്ദ്ധാഹാരികൾക്കും അഗ്നിദീപ്തിയുള്ളവർക്കും യുവത്വമുള്ളവർക്കും വിരുദ്ധാശനങ്ങൾ ദോഷമാകുകയില്ല. ജന്മനാ ശീലിച്ചവർക്കും മാത്രകുറച്ചു ഭക്ഷിക്കുന്നവർക്കും ദോഷമൊന്നും ഭവിക്കില്ല.

## കറപ്പും എണ്ണയുംകൂടി ഭക്ഷിച്ചാൽ

1) നീലയമരിവേരു് പാലിൽ അരച്ച് കുടിക്കുക. അതു തന്നെ ദേഹം മുഴുവനും പുരട്ടുക.

2) 12 കഴഞ്ചുചുക്ക് $1\frac{1}{2}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് ഉരിയാക്കി രണ്ടുനേരം കുടിക്കുക.

3) മലംകാരയ്ക്ക, ഇന്തുപ്പ്, വയമ്പ്, തിപ്പലി ഇവ സമം അരച്ച് ചൂടുവെള്ളത്തിൽ കഴിച്ചാൽ ഛർദ്ദിച്ചു പോകും.

4) കരിക്കിൻവെള്ളം കുടിക്കുക.

5) കോവലിലയും വേരും കാടിയിൽ അരച്ചു സേവിക്കുക.

6) അമരിവേർ കഷായംവെച്ചു കുടിക്കുക.

7) കുറുന്തോട്ടിവേരിന്മേൽതൊലി മോരിൽ അരച്ചു സേവിക്കുക.

8) മോരും ചെറുനാരങ്ങാനീരും കുടിക്കുക.

## പാല്യം മീനുംകൂടിയുപയോഗിച്ചാൽ

1) ഛർദ്ദിയതിസാരങ്ങൾ, അജീർണ്ണം, ഉദരാമയം എന്നിവയുണ്ടാകുന്നു. അതിന്നു് ജാതിക്കായരച്ചു് ചൂടുവെള്ളത്തിൽ കുടിക്കുക.

2) ചന്ദനം, മഞ്ഞൾ, മല്ലി, മലർപൊടി ഇവ വെന്തു് കുടിക്കുക.

## എല്ലാവിഷത്തിനും കിഴിക്കു്

കുട്ടക്കമ്മലിയില, നീലഉമ്മത്തില, കറിമഞ്ഞൾ, ഇവ എല്ലാംകൂടി ചതച്ചു് തുണിയിൽകെട്ടി ആവിയിൽ ചൂടാക്കി വിഷനീരുകൾക്കു കിഴികുത്തുക.

ഒരുപിടി എരിക്കിൻെറ ഇലകെട്ടി കുറുകെ മുറിച്ചു് കുരുമുളകു് പൊടിയും മഞ്ഞപ്പൊടിയും ചേർത്തു നെയ്യു് തിളപ്പിച്ചതിൽമുക്കി കിഴി വലിക്കുക. ദംശനമേററാലുടനെചെയ്യുക.

## വിഷനീരുകൾക്കു കുഴമ്പു്

1) കാഞ്ഞിരത്തിൻെറ കുരുന്നും കറിമഞ്ഞളും കൂട്ടിയരച്ചു് കാടിയിൽ കുറുക്കി പൂശിയാൽ ഏതു വിഷനീരുകളും ശമിക്കും.

2) മരോട്ടിയെണ്ണയിൽ കസ്തൂരിമഞ്ഞൾ അരച്ചുകാച്ചി മണൽപാകത്തിൽ അരിച്ചു പുരട്ടിയാൽ ഏതു വിഷത്തിൽനിന്നും ഉണ്ടാകുന്ന ചൊറിച്ചിൽ മാറും.

3) അഘോരിവേരു്, ചന്ദനം, രാമച്ചം ഇവ അരിക്കാടിയിൽ അരച്ചു പുരട്ടുക. വിങ്ങലും നൊമ്പരവും മാറും.

ധാരയ്ക്കു് 4) വരിക്കമാവിൻതൊലി, കട്ടുകു്, പച്ചമഞ്ഞൾ ഇവ കാടിവെള്ളം തളിച്ചു ചതച്ചുപിഴിഞ്ഞ നീരു് എടുത്തു ധാരഇടുക· പുകച്ചിലും വേദനയും കഴപ്പും ഉടനെ മാറും. നെ

ന്മേനിവാക പഞ്ചാംഗം കാടി തളിച്ചു ഇടിച്ചുപിഴിഞ്ഞനീരു് കോൽവായിൽ ധാരകോരുക. വേദനയും വീക്കവും മാറും.

കുഴമ്പിനു് 5) ഈശ്വരമൂല, ചതകുപ്പ, വരട്ടുമഞ്ഞൾ, ദേവതാരം, ത്രിഫല, ഇരട്ടിമധുരം, മുരിങ്ങത്തൊലി, ചെന്നിനായകം ഇവസമം വാളൻപുളിയില കാടിവെള്ളം തളിച്ചു് ഇടിച്ചു പിഴിഞ്ഞനീരിൽ അരച്ചുകലക്കി തിളപ്പിച്ചു് ആറിയശേഷം നേരിയ ചൂടിൽ ഇടുക.

## എല്ലാ വിഷങ്ങൾക്കും പററിയ

## എരിക്കില കിഴി

1) എരിക്കിൻെറ ഒരുപിടിയില നീളെതെറുത്തു് രണ്ടററവും കെട്ടി നട്ടുമറിച്ചു് ഇന്തുപ്പും നെയ്യും ഒരു പാത്രത്തിലിട്ടു തിളപ്പിച്ചു് മേൽപ്പറഞ്ഞ കിഴികൊണ്ടു ഇളക്കി ചൂടുപാകത്തിനു് കോൽവായിലും അതിനു ചുററിലും നീരുള്ളിടത്തും പലവട്ടം കിഴികുത്തുക.

2) ദംശനമേററാൽ ഉടൻ ചെയ്യേണ്ട കിഴി. ഒരുപിടി എരിക്കില ചുരുട്ടികെട്ടി ഞെട്ടുഭാഗം അരിഞ്ഞു് നെയ്യ് തിളപ്പിച്ചു് അതിൽ മുക്കി നേരിയ ചൂടിൽ പുകച്ചിലും മരവിപ്പും ഉള്ള സ്ഥലത്തു് മാറുന്നസമയംവരെ കിഴി പിടിക്കുക. (3) മഞ്ഞളും കുരുമുളകും സമംപൊടിച്ചു കിഴികെട്ടി നെയ്യും വേപ്പെണ്ണയും സമംകൂട്ടി തിളപ്പിച്ചു കിഴിമുക്കി നേരിയ ചൂടിൽ പിടിക്കുക.

## എല്ലാ വിഷങ്ങൾക്കും പററിയ

## സിദ്ധയോഗങ്ങൾ

1) വേലിപ്പരുത്തിയുടെ ഇലയും പൂവും വേരും സമം പാലിലരച്ചു കുടിച്ചാൽ ഏതു വിഷവും തീരും.

2) അമരിവേർ അരച്ചു് പാലിൽ പാനലേപനാദികൾ ചെയ്യാൽ സർവ്വവിഷനാശനമാണു്.

3) അമുക്കുരം, മഞ്ഞൾ, മരമഞ്ഞൾത്തൊലി, ചെറുചീര സമൂലം ഇവ സമം പാലിലോ ശുദ്ധജലത്തിലോ അരച്ചുകുടിക്കുക, ലേപനം ചെയ്യുക.

4) അമുക്കുരം, ത്രികടുകു്, വയമ്പു്, നെന്മേനിവാകവേരു് ഇവ സമം അരച്ചു് കദളിവാഴക്കുടം ഇടിച്ചുപിഴിഞ്ഞ നീരിൽ സേവിക്കുന്നതു് സർപ്പവിഷഹരം.

5) കരളകം, ചുക്കു് ഇവ സമം അരച്ചു് പാനനസ്യാഞ്ജന ലേപനാദികൾക്കും മൂർദ്ധാവിൽ തളംവെയ്ക്കുവാനും ഉപയോഗിക്കാം.

6) എരിക്കിലയിൽ കായമോ ഇന്തുപ്പോ സമംചേർത്തു മൂത്രത്തിൽ കലക്കി സേവിക്കുക. സർപ്പവിഷഹരം.

7) ത്രികട്ടുകു്, അമുക്കുരം, പാടക്കിഴങ്ങു്, അമരിവേരു്, പെരുംകുരുമ്പവേരു്, വയമ്പു് ഇവ കഷായംവെച്ചോ അരച്ചു മൂത്രത്തിൽ കലക്കിയോ കുടിക്കുക.

8) നെന്മേനിവാകയുടെ പൂവിൻെറ നീരിൽ തൊലികളഞ്ഞ കുരുമുളകിട്ടു വെയിലത്തുവെച്ചു് അതുകൊണ്ടു് നസ്യാഞ്ജനങ്ങൾ ചെയ്യാം.

9) കുപ്പമഞ്ഞളിൻെറ ഇല, പൂവു്, കായ്, വേരു്, തൊലി ഇവ പൊടിച്ചു് കായവും ചേർത്തു തുമ്പനീരിൽ നസ്യം ചെയ്യുക.

10) വയമ്പു, കൊട്ടം, തകരം, ചന്ദനം, താമരയല്ലി, ഉമ്മത്തിൻകുരു, ഇവ സമം കാടിയിലരച്ചുതേച്ചാൽ വിഷംകൊണ്ടുണ്ടാകുന്ന പൊളകങ്ങളും മററും ശമിക്കും.

11) നാല്പാമരത്തൊലി, ഇരട്ടിമധുരം, രാമച്ചം, ചന്ദനം, കറുക, അമരിവേരു് ഇവകൊണ്ടും മേൽപ്രകാരം ചെയ്യുക.

12) ഈശ്വരമുല്ലയിലയും കായവുംകൂട്ടി വെള്ളംതൊട്ടു കൈയിലിട്ടു തിരുമ്മി മൂക്കിൽ മണപ്പിക്കുക. ഇങ്ങനെ മൂന്നു പ്രാവശ്യം ചെയ്യാൽ ഏതു വിഷവും ശമിക്കും.

13) കുരുമുളകുപൊടിയും കൊന്നയില അരച്ചതും എരുമച്ചാണകവും കൂട്ടിക്കുഴച്ചു ചൂടാക്കി ചെറുചൂടോടെ ദംശത്തിൽ ഘനത്തിൽ പൊതിയുക. വീക്കമെല്ലാം പോകും.

14) ഏലഞ്ഞിമേലിത്തിക്കണ്ണിയും കാഞ്ഞിരത്തിലിത്തിക്കണ്ണിയും സമം പാലിലരച്ചു കുടിക്കുക. സർവ്വവിഷഹരം.

15) ചന്ദനം, ഇരട്ടിമധുരം, രാമച്ചം, അമരിവേർ, നാല്പാമരത്തൊലി ഇവ സമം കറുകനീരിലരച്ചു പുരട്ടിയാൽ വീക്കവും, വ്രണവും (പഴുപ്പ്), വേദനയും, പൊള്ളലും ശമിക്കും.

## ദിവ്യൗഷധങ്ങൾ

**1) വില്വാദിഗുളിക.** കൂവളവേർ, ഉങ്ങിൻകുരുപരിപ്പ്, തുളസിക്കതിർ, ചരളം, ത്രിഫല, ത്രികടുക്, മഞ്ഞൾ, മരമഞ്ഞൾത്തൊലി ഇവ സമം ആട്ടിൻമൂത്രത്തിൽ ഏഴുദിവസം അരച്ചു പുത്തരിച്ചുണ്ടങ്ങാപ്രമാണമുരുട്ടി നിഴലുണക്കി സൂക്ഷിക്കുക. നസ്യാഞ്ജനപാനലേപനാദികൾ യുക്ത്യാനുസാരം അനുപാനങ്ങളിലായി ചെയ്താൽ മൂർഖൻ, മണ്ഡലി, രാജിലം, എലി, തേൾ, എട്ടുകാലി മുതലായ എല്ലാ വിഷങ്ങളും, വിഷൂചിക, അജീർണ്ണം, ജ്വരം, അപസ്മാരം, അരുചി ഇവയും ശമിക്കും.

2) കായം, അമുക്കുരം, ഇന്തുപ്പ്, ത്രികടുക്, എരുമക്കിടാവിട്ടന്ന കറവുചാണകം (പ്രസവിച്ച 90 നാഴികയ്ക്കകമിട്ടന്ന മഞ്ഞമലം) ഇവ സമം എരിക്കിൻപാലിൽ ഏഴുദിവസം അരച്ചു മുൻപറഞ്ഞ മാത്രയിൽ ഗുളികയുരുട്ടി നിഴലിലുണക്കി സൂക്ഷിക്കുക. ഇതും സർവ്വവിഷഹരമാണ്. ഇതു സേവിച്ചാലുടനേ ഛർദ്ദിച്ചാൽ മരിക്കുമെന്നാണ് ഉപദേശം.

### 3) ദശബീജാഞ്ജനം

അമരി, തുളസി, നാഗദന്തി, മുരിങ്ങ, വേപ്പ്, നെന്മേനിവാക ഇവയുടെ അരി (കുരു), കുരുമുളക്, കുന്നിക്കുരു, ഏലഞ്ഞിക്കുരു, ഉങ്ങിൻകുരു ഇവയുടെ പരിപ്പ് ഇവ ഓരോ കഴഞ്ചുവീതവും പാൽത്തുത്തം, പൊൻകാരം, ഇവ $2\frac{1}{2}$ കഴഞ്ചുവീതവും അഞ്ജനക്കല്ല്, ഇന്തുപ്പ് ഇവ $1\frac{1}{4}$ കഴഞ്ചുവീതവും (ആകെ $17\frac{1}{2}$ കഴഞ്ച്) ചെറുനാരങ്ങാനീരിലും തുളസിയിലനീരിലും വെവ്വേറെ 90 നാഴിക നേരം വീതം അരച്ച് കുന്നിപ്രമാണമുരുട്ടി നിഴലിലുണക്കി സൂക്ഷിക്കുക. കടിപെട്ടവൻ ബോധംകെട്ടാൽ ഇതു് വെററിലനീരിലരച്ച് കണ്ണിലെഴുതുക.

ഇതു് നേത്രരോഗങ്ങൾക്കും ഭൂതോപദ്രവങ്ങൾക്കും നല്ല താണു്. ഇവയുടെ ഉപദ്രവവും തീരും.

4) സർവ്വവിഷത്തിനും ഗുളികയ്ക്കു്:— അമുക്കുരം, എരുക്കിൻവേരു്, നീർവാളക്കുരു, ചേക്കുരു, ഉറുളഞ്ചിക്കുരു, കൊടുവേലിക്കിഴങ്ങു്, അമൽപൊരി, ചെറുകറുക, താളകം, ആനച്ചുവടിവേരു്, പീരപ്പെട്ടിവേരു്, പാവട്ടവേരു്, കാട്ടുപാവൽക്കിഴങ്ങു് ഇവ ഒരു കഴഞ്ചുവീതം എരിക്കിൻപാൽ, കുന്നിയിലനീരു്, വാകയിലനീർ, കുപ്പമഞ്ഞളിലനീരു് ഇതുകളിൽ 7 ദിവസംവീതം അരച്ചു മുളകു പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി അമരിടവേർ കഷായത്തിൽ സേവിക്കുക. ഇതു് എല്ലാവിഷങ്ങൾക്കും സിദ്ധൌഷധം. ഇതു് മൂർഖവിഷത്തിനു് അമരിവേർ കഷായത്തിലും മണ്ഡലിവിഷത്തിനു് ചുണ്ണാമ്പുകലക്കി തെളിഞ്ഞ വെള്ളത്തിലും രക്തമണ്ഡലിവിഷത്തിനു് തേങ്ങാപ്പാലിലും, രാജില (വളകഴപ്പൻ) വിഷത്തിനു് ചുക്കുകഷായത്തിലും സേവിപ്പിക്കുന്നതുത്തമം.

5) ഉങ്ങുമരം തുരന്നു് അതിൽ അമുക്കുരംവച്ചു് ഉങ്ങിൻതൊലികൊണ്ടു് അടച്ചു് കോലരക്കുകൊണ്ടു പഴുതടച്ചു് 30 ദിവസംകഴിഞ്ഞെടുത്തു് വേപ്പുമരം, കടമ്പുമരം എന്നിവയിലും മേൽപ്രകാരം ഓരോ മാസം വച്ചെടുത്തു് അമുക്കുരത്തിനുസമം വത്സനാഭി, വെള്ളെരുക്കിൻവേരു്, ചെറുചീരവേരു്, മരമഞ്ഞൾതൊലി, പൊന്നിൻപൊടി, ചെമ്പുപൊടി ഇവയുംചേർത്തു് അമരിയിലനീരു്, ചന്ദനകഷായം എന്നിവകളിൽ 5 ദിവസവും ചുക്കു കഷായത്തിൽ 3 ദിവസവും അരച്ചു കുന്നിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി ശുദ്ധ ജലത്തിൽ അരച്ചുകുടിക്കുക. സർവ്വവിഷവും ശമിക്കും.

6) കറുത്ത പക്ഷത്തിൽ അഷ്ടമിദിവസം നെന്മേനിവാകപ്പഞ്ചാംഗം (ഇല, തൊലി, വേരു്, കായ്, പൂവ്) സമം എടുത്തു് ഗോമൂത്രത്തിലോ ആട്ടിൻമൂത്രത്തിലോ അരച്ചു് ശുദ്ധജലത്തിൽ സേവിക്കുക. അപ്പോൾ ഛർദ്ദിക്കുന്നു എങ്കിൽ രോഗി മരിക്കുമെന്നും അല്ലാത്തപക്ഷം ജീവിക്കുമെന്നുമറിയണം.

### 7) ഗരളഘ്നതൈലം

40 പലം കരളകവേരു് 40 ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു നാലൊന്നാക്കി പിഴിഞ്ഞരിച്ചു് ഇടങ്ങഴി എണ്ണ ചേർത്തു് അതിൻെറ വേരുതന്നെ 16 കഴഞ്ചു കല്കം ചേർത്തു കാച്ചി മണൽപാകത്തിൽ അരിച്ചു സൂക്ഷിക്കുക. ഈ തൈലം വെററിലയിൽ തേച്ചു് ആ വെററില വിഷാർത്തനെ തീററുക. എല്ലാ വിഷവും ശമിക്കും.

ചെറുകടലാടിവേരും മയിൽപീലിക്കണ്ണും എരിക്കിൻപഞ്ഞിയും ശീലയിൽ തിരിതെറുത്തു് ഈ തൈലത്തിൽ മുക്കികത്തിച്ചു് ഊതി പുക വിഷാർത്തൻെറ മൂക്കിൽ ഊതിക്കയററിയാൽ വിഷം തീരും. കടിവായ്ക്കു സമീപമുള്ള രോമങ്ങളെ പറിച്ചു് ഈ തൈലം അവിടെ തൊട്ടുപുരട്ടുക. വിഷം ശമിക്കും.

മരമഞ്ഞത്തൊലി, ത്രികടുകു്, തുമ്പപ്പൂവു്, എലഞ്ഞിക്കുരുപരിപ്പു് ഇവ സമം ശീലയിൽ അരച്ചു തേച്ചു് ഉണക്കി തിരിയാക്കി ഈ തൈലത്തിൽ നനച്ചു് കത്തിച്ച മഷി എടുത്തു് കണ്ണിലെഴുതുകയും ടി ശീല ഈ തൈലത്തിൽ തിരുമ്മിപിഴിഞ്ഞു് അതുകൊണ്ടു് നസ്യവും ചെയ്യുക. ഏതു വിഷവും ഇറങ്ങും. ഇതു് അത്ഭുതകരമായ ഒരു രഹസ്യസിദ്ധൌഷധമാകുന്നു.

## വിഷത്തിനു പുക ഏല്പിക്കാൻ

1) മയിൽപീലി, വേപ്പില ഇവ പുകച്ചു് ആ പുക ഏല്പിക്കുക. വിഷം തീരും.

2) ഇന്തുപ്പു്, വെളുത്തുള്ളി, കുരുമുളകു് ഇവ ചതച്ചു ഉമ്മിയിൽചേർത്തു് അതിൽ കാട്ടുപന്നിനെയ്യു് തളിച്ചു മുയൽചെവിയൻ അരിഞ്ഞുചേർത്തു് പുകയ്ക്കുക. ഈ പുക ഏല്പിച്ചാൽ വിഷം ശമിക്കും.

3) മയിൽപീലി, കോഴിത്തൂവൽ, വിഷ്ണുക്രാന്തി, വേപ്പില, പൂവൻകുറുന്തൽ ഇവ ഉമ്മിയും കൂട്ടി പുകച്ചു പുക ഏല്പിക്കുക. വിഷം ശമിക്കും.

4) മയിൽപീലി, ഉപ്പൻതൂവൽ, കായം, തലമുടി, ഉങ്ങിൻെറ ഇല, വേപ്പില, വെററില ഇവ അരിഞ്ഞു് ഉമ്മിയുംകൂട്ടി വേപ്പെണ്ണതളിച്ചു പുകയ്ക്കുക. ഈ പുക ഏല്പിച്ചാൽ വിഷം ശമിക്കും.

## അണലികടിച്ച നീരിനു്

നാലുപലം നാല്പാമരത്തൊലി 4 ഇടങ്ങഴി വെള്ളത്തിൽ വെന്തു്, ഒരിടങ്ങഴിയാക്കി കറുകനീരു് തുടം 4, കദളിവാഴമാണനീരു് തുടം 2, പൊടിച്ചുചേർക്കാൻ അമുക്കിരം പലം അര, ചന്ദനം കഴഞ്ചു് 6, ഇവ ഒരുമിച്ചുചേർത്തു് കുറുക്കി കുഴമ്പു പരുവത്തിൽ വാങ്ങി തുകരെതുകരെ പുരട്ടണം. ഇതു് പൊള്ളൽ, പുകച്ചിൽ, കടച്ചിൽ ഇവയ്ക്കു ഫലപ്രദമാണു്.

കിഴിക്കു്:– എരിക്കില, മുരിക്കില, വാളൻപുളിയില, ഉമ്മത്തിൻെറ ഇല, വേപ്പില, പരുത്തിയില, കുപ്പമഞ്ഞൾ, കരിനൊച്ചിയില, മഞ്ഞൾ ഇവ ചതച്ചു് അത്രയും എരുമച്ചാണകവും ഇരുന്നാഴി ഗോമൂത്രവും ചേർത്തുകുഴച്ചു 2 കിഴികെട്ടി ഗോമൂത്രവും കാടിയും ഇരുന്നാഴിവീതം ചേർത്തു് അതിൽ പുഴുങ്ങി വേദനയുള്ള സ്ഥലത്തു നെയ്യു്പുരട്ടിയിട്ടു കിഴികുത്തുക.

## മണ്ഡലി ദംശിച്ചാൽ ദേഹം മുഴുവനും ദംശനഭാഗത്തും പാരം നീരുവരുന്നതിനു് കിഴിക്കു്

എരിക്കിൻെറയില, പിച്ചകത്തിൻെറ ഇല, പുല്ലാന്നിയില, വേപ്പില, മുരിങ്ങയില, നീലയമരിയില, വെററില, കരിമുരിക്കില, തുളസിയില ഇവ ഒരു പിടിവീതം ചതച്ചു രണ്ടു കിഴികെട്ടി 4 ഇടങ്ങഴി അരിക്കാടിയിൽഇട്ടു് ഇടങ്ങഴി കാടിവററിച്ചു ആവിപോകാതെ പുഴുങ്ങി നേരിയചൂടിൽ ശിരസ്സുമുതൽ പാദംവരെ കൈവിടാതെ അരമണിക്കൂർനേരം രണ്ടുആൾ കിഴി പിടിക്കുക. ദേഹത്തു വേദന ഉണ്ടെങ്കിലും പിടിക്കണം. കുറേനേരം പിടിച്ചാൽ ഉടനേ വേദന മാറും. ഇപ്രകാരം മൂന്നു ദിവസം ചെയ്യുക.

## മോഹാലസ്യം ഉണ്ടായാൽ

1) ചുക്ക്, മുളക്, തിപ്പലി ഇവസമം പൊടിച്ച് തുമ്പനീരിൽചേർത്ത് നസ്യം ചെയ്യുകയോ ഓരോ കുരുമുളക് പച്ചവെള്ളത്തിൽ അരച്ച് രണ്ടുകണ്ണിലും എഴുതുകയോ ചെയ്യുക.

2) നവസാരവും ചുണ്ണാമ്പുംകൂടി തിരുമ്മി മണപ്പിക്കുക, എന്നാൽ ബോധം തെളിയും.

## ഛർദ്ദിയുണ്ടായാൽ

1) കടുക്കാ, നെല്ലിക്കാ, താന്നിക്ക ഇവയുടെ തൊണ്ടും തിപ്പലിയും സമമായിട്ടെടുത്തു പൊടിച്ച് ഒരുകഴഞ്ചുപൊടി എടുത്ത് പച്ചവെള്ളത്തിൽ കലക്കി സേവിക്കുക.

2) കരളകം അരച്ചു നെഞ്ചിലും വയററത്തും കനത്തിൽ വലിയുംതോറും ഇട്ടാൽ ഛർദ്ദിമാറും.

3) സഹസ്രഭേദി പൊടിച്ചു മൂന്നുവിരൽകൂട്ടി ഒരു നുള്ളെടുത്തു വെണ്ണചേർത്തു ചെറുകടലാടി വാട്ടിപ്പിഴിഞ്ഞ നീർ ഒരൗൺസ് എടുത്തതിൽ കൊടുത്താലും ഛർദ്ദിയും, രക്തം ഛർദ്ദിക്കുന്നതും നില്ക്കും.

## ചോര ഛർദ്ദിക്കുന്നതായാൽ

1) രക്തമണ്ഡലിവിഷത്തിനു മൂക്കിൽനിന്നുമുള്ള രക്തസ്രാവത്തിന്:– പടിക്കാരം പൊടിച്ചു വെള്ളത്തിൽ കലക്കി തുണിയോ പഞ്ഞിയോ മുക്കി മൂക്കിനകത്തു വയ്ക്കുക. ഇതുതന്നെ മുലപ്പാലിൽ കലക്കി നിറുകയിൽ വെക്കുകയും ചെയ്യാൽ മൂക്കിൽനിന്നുള്ള രക്തസ്രാവം നില്ക്കും. മൂത്രത്തിൽകൂടി രക്തംപോയാൽ കരിക്കിൻവെള്ളത്തിൽ 1 കഴഞ്ചു മല്ലി അരച്ചു കലക്കിസേവിപ്പിക്കുക.

2) രണ്ടു കഴഞ്ച് വേപ്പില അരച്ച് ഒരുതുടം പാലിൽ കലക്കി കുടിപ്പിക്കുക. രക്തം ഛർദ്ദിക്കുന്നതു നില്ക്കും.

3) ഒരുതുടം പിച്ചകത്തിലനീരിൽ ആറുതുള്ളി നെയ്യും കുരുമുളകുപൊടിയും ചേർത്തുകൊടുക്കുക.

4) സ്ഫടികക്കാരം, തുവർച്ചിലക്കാരം, പൊൻകാരം, നവസാരം ഇവസമം മുലപ്പാലിലരച്ചു നിറുകയിൽ തളം വയ്ക്കുക.

## പനിയുണ്ടായാൽ

ഒന്നരക്കഴഞ്ചു വാളൻപുളിവേരിന്മേൽതൊലി പാലിൽ അരച്ചുകലക്കി പലവട്ടമായി സേവിപ്പിക്കുക.

## തലവേദനയുണ്ടായാൽ

നെല്ലിക്കാ പാലിൽ പുഴുങ്ങി അരച്ച് നെററിയിലും നെറുകയിലും ഇടുക. ചൊറുക്ക തുണിമുക്കിയിടുക.

## മേൽവയറു വീർത്താൽ

കടുക്ക, ചുക്ക്, ഇന്തുപ്പ് ഇവ സമം പൊടിച്ച് ഒന്നരക്കഴഞ്ചുപൊടി എടുത്ത് ചൂടുവെള്ളത്തിൽ കലക്കി സേവിപ്പിക്കുക.

## ബോധക്കേടിനു്

1) നസ്യം:- കരിമുരിക്കില, പെരുംകായം, നീലയമരിയില, വയമ്പ്, വെള്ളുള്ളി, കുരുമുളക് ഇവ ചതച്ചുപിഴിഞ്ഞ നീരെടുത്തു രണ്ടുമൂക്കിലും ചെവിയിലും ഒഴിക്കുക.

2) തുമ്പയില, അമരിയില, വയമ്പ്, പെരുങ്കായം, വെള്ളുള്ളി, കുരുമുളക് ഇവ സമം ചതച്ചു കുട്ടികളുടെ മൂത്രംകൂട്ടി തിരുമ്മി മൂക്കിൽ നസ്യം ചെയ്യുക.

3) കുപ്പമേനി (കുപ്പമഞ്ഞൾ), വെററില, നവസാരം ഇവ ചതച്ചു മൂത്രത്തിൽ മുക്കി പിഴിഞ്ഞു രണ്ടുമൂക്കിലും നസ്യം ചെയ്യുക.

4) വെള്ളുള്ളി, മുരിക്കില, തുമ്പയില, കുരുമുളക്, കരളകം വയമ്പ്, ഇവ സമം അരച്ച് കണ്ണിലും മൂക്കിലും നിത്തുക. രണ്ടാൾ വെള്ളുള്ളി ചവച്ചു രണ്ടു ചെവിയിലും ഒപ്പം 51 പ്രാവശ്യം ഊതുക.

തലയ്ക്കു ഭാരം തോന്നികണ്ടാൽ. വില്വാദിഗുളിക മുലപ്പാലിൽ കണ്ണിൽനിത്തുക.

നാവിന്ന വെള്ളം ഇല്ലാതെയുള്ള വരൾച്ചക്കു്. കുരുമുളകു്, തിപ്പലി, സമം പൊടിച്ചു് തേനിൽ സേവിക്കുക. പരവേശം ഉണ്ടെങ്കിൽ ചന്ദനം പച്ചവെള്ളത്തിൽ അരച്ചു കുടിക്കുക. തലവേദനയ്ക്കു്: മുലപ്പാലിൽ തുളസിയിലയും ചുക്കും അരച്ചു് തിളപ്പിച്ചാറിയിട്ടു് നെററിക്കും, നിറുകയിലും ഇടുക.

## കഷായത്തിന്നു്

1) അല്പത്തിൻവേരു്, അമൽപൊരിവേരു്, ഗരുഡക്കൊടിവേരു്, നാഗതാളിവേരു്, കോടാശാരിവേരു്, ശംഖ‚പുഷ്പത്തിൻവേരു്, (ക്രുവളത്തിൻവേരു്) ക്രുർമുള്ളിൻകിഴങ്ങു്, വെള്ളരിവേരു്, ആടലോടകത്തിൻവേരു്, ഞൊട്ടാഞൊടിയൻവേരു്, വിഴാലരിവേരു്, മുഞ്ഞവേരു്, നൊച്ചിവേരു്, കററടിനായകവേരു്, കൊഴപ്പ, ആമ്പൽകിഴങ്ങു്, കോവൽകിഴങ്ങു്, പാടക്കിഴങ്ങു്, കരുവിക്കിഴങ്ങു്, അടപൊതിയൻകിഴങ്ങു്, പാൽവള്ളിക്കിഴങ്ങു്, നറുനീണ്ടിക്കിഴങ്ങു്, കാട്ടുപാവൽക്കിഴങ്ങു് ഇവ ഒരു കഴഞ്ചുവീതം ചതച്ചു് 2 ഇടങ്ങഴി വെള്ളത്തിൽവെന്തു് 2 നാഴിയാക്കി ഒരു തുടം കഷായം എടുത്തു് ഇന്തുപ്പു്, ജീരകം മേമ്പൊടിചേത്തു സേവിക്കുക.

വിക്കം, പനി, വിറയൽ, സന്നി, പഴപ്പു്, കഴപ്പു്, വ്രണം, വേദന, മുതലായ എല്ലാവിധ വിഷവികാരങ്ങളും ശമിക്കും. ഇതു നിശ്ചയം.

2) നീലയമരിവേരു്, മുത്തങ്ങാ, വെററില, തുളസിക്കതിരു്, ചെറുചീരവേരു്, കുരുമുളകു് ഇവ രണ്ടു കഴഞ്ചുവീതം ചതച്ചു ഒരിടങ്ങഴി വെള്ളത്തിൽവെന്തു് നാഴിയാക്കി ഒരു തുടം കഷായത്തിൽ വില്വാദിഗുളികയോ ജീരകപ്പൊടിയോ ചേത്തു് രാവിലെയും വൈകുന്നേരവും മൂന്നുദിവസം സേവിക്കുക. ജംഗമവിഷവും സ്ഥാവരവിഷവും തീരും.

# അനുബന്ധം

## 1) പാമ്പിനെ ഓടിക്കുവാൻ

1) വെളുത്തുള്ളി, കായം, വററൽമുളകു്, നാരകത്തില ഇവ സമം ചതച്ചു പുകയ്ക്കുക.

2) അരിക്കാടിയിൽ ചിറേറലം അരച്ചുകലക്കി തളിക്കുക.

3) കാരുവള്ളിയുടെ വേരു് പാലിൽ അരച്ചുകലക്കി തളിക്കുക.

4) നിലനാരകവേരു്, വെളുത്തകുന്നിവേരു്, ഗരുഡക്കൊടിവേരു്, വയമ്പു് ഇവ സമം അരച്ചു ഗുളികയാക്കി ഉരുട്ടി ഉണക്കി സൂക്ഷിക്കുക. ഇതു് പൊടിച്ചു വിതറുക. പാമ്പു ഓടിപ്പോകും. രാത്രിയിൽ നടക്കുമ്പോൾ അരച്ചു കാലിൽ തേക്കുക. പാമ്പു കടിക്കുകയില്ല.

5) പാമ്പുള്ളിടത്തു് വെളുത്തുള്ളി ചതച്ചു് വെള്ളത്തിൽ കലക്കി തളിക്കുക.

6) പാൽക്കായം കലക്കി തളിക്കുക.

7) മുരിങ്ങവേരിന്മേൽതൊലി, സോമനാദികായം, വയമ്പു്, ത്രികടുകു്, അമരിവേർ ഇവ സമം കാടിയിലരച്ചു് കയ്യിൽ തേച്ചു് പാമ്പിനെ പിടിക്കാം; കടിക്കില്ല. ഇതു് പാനലേപനധൂമങ്ങൾക്കും നല്ലതാണു്.

8) ജലസംബന്ധമില്ലാത്ത ദിക്കിൽ മുളച്ചുനില്ക്കുന്ന കാരുവള്ളിയുടെ വേരു പറിച്ചു് എടുത്തു് പാമ്പിനെ കാണിച്ചാൽ ഓടിപ്പോകും. പാമ്പിരിക്കുന്ന പൊത്തിൻെറ വാതിക്കൽ ആ വേരിട്ടാൽ പിന്നെ ആ പാമ്പു് ആ പൊത്തിൽ കയറുകയില്ല. പാമ്പു് അകത്തുണ്ടെങ്കിൽ ചത്തുപോകും ഇതു് ദംശത്തിൽ തേക്കാനും സേവിക്കാനും നന്നു്.

9) ചതുരക്കള്ളിയുടെ വടക്കോട്ടുപോയ വേർ കർക്കടകമാസത്തിൽ ഞായറാഴ്ച ദിവസം ഇരുമ്പുതൊടാതെ പറിച്ചെടുത്തു് ഏല

സിലാക്കിയോ മോതിരത്തിലാക്കിയോ ധരിച്ചാൽ വിഷപ്പെടുകയില്ല.

10) അതുപോലെ മലയമുക്കിയുടെവേരു് ഇരുമ്പു തൊടാതെ പറിച്ചെടുത്തു് മോതിരത്തിലാക്കി വിരലിൽ ഇട്ടിരുന്നാൽ ചവിട്ടിയാലും പാമ്പുകടിക്കില്ലന്നാണു് പറയുന്നതു്.

2) വിഷരോഗികൾക്കു ഭക്ഷണം:- ദഹനശക്തിക്കനുയോജ്യമായ ഭക്ഷണസാധനങ്ങൾ മാത്രമേ വിഷരോഗികൾക്കു നൽകാവൂ. ഞവരയരി, വരകു്, തിന, മുളയരി, ചെന്നെല്ലു് മുതലായ ധാന്യങ്ങൾകൊണ്ടുള്ള ഭക്ഷണങ്ങൾ വിഷരോഗികൾക്കു പത്ഥ്യാഹാരമാണു്. ചോറിൽ തിപ്പലിയും ചുക്കും പൊടിച്ചു ചേർത്തു് ചെറുപയറുപരിപ്പും നെയ്യുംകൂട്ടി ഭക്ഷിക്കാം. ചോറുമാത്രം ഭക്ഷിച്ചിട്ടു പുറകെ ഇന്തുപ്പും ത്രികടുകം പൊടിച്ചിട്ട കാടി കുടിപ്പിക്കുക. ചുക്കു്, ചെറുചീര, തഴുതാമ, മുരിങ്ങ, കുടകൻ, ശതാവരി ഇവയുടെ കായു്, ഇല, പൂവു് എന്നിവ കറിക്കുപയോഗിക്കാം. കരിങ്കദളിക്കായു്, കുമ്പളങ്ങാ, വെള്ളരിക്കായു്, ഇവയും, കീരി, മയിൽ, കുയിൽ, ഉടുമ്പു് എന്നിവയുടെ മാംസം ഇവയെല്ലാം വിഷരോഗികൾക്കു ഹിതകരമാണു്. ഇഞ്ചി, ചെറുനാരങ്ങ, കണ്ണിമാങ്ങ, അമ്പഴങ്ങാ, കായം, ഇന്തുപ്പു്, കുരുമുളകു്, മഞ്ഞൾ ഇവ വിഷഹരങ്ങളായ പത്ഥ്യാഹാരമാണു്. പാലു കൂടങ്ങിയ ഗോപഞ്ചകവും വിഷാപഹമാണു്.

3) ശസ്ത്രപ്രയോഗം:- വിഷരോഗികൾക്കു ശസ്ത്രപ്രയോഗംവഴി രക്തമോക്ഷം ചെയ്യുന്നതു് സൂക്ഷിച്ചുവേണം. മർമ്മസ്ഥാനങ്ങളറിഞ്ഞു് ശസ്ത്രം പ്രയോഗിച്ചില്ലെങ്കിൽ അപകടകരമായിരിക്കും. അതികൃശൻ, അതിസ്ഥൂലൻ, രോഗി, ബാലൻ, വൃദ്ധൻ, ഗർഭിണി എന്നിവരുടെ നാഡിഞരമ്പുകൾ കീറി രക്തം കളയരുതു്. ദംശസ്ഥാനത്തിനു് അല്പം മുകളിൽ കീറി രക്തം കളയാം. കൈകാൽ പത്തികളിലും നെററിയിലുമുള്ള ഞരമ്പു മുറിച്ചു ചോര കളയുന്നതു നല്ലതാണെങ്കിലും പ്രായോഗികവിജ്ഞാനമില്ലാത്തവൻ അതു ചെയ്യരുതു്. സുഖികൾക്കു് (ആരോഗ്യവാനു) ശൃംഗജളൂകാദികളാൽ (കൊമ്പുവച്ചോ (സ്രിഞ്ചു്) അട്ടയിട്ടോ) രക്തമോക്ഷം ചെയ്യാം.

4) ഔഷധങ്ങൾ ഉപയോഗിക്കേണ്ടും ക്രമം:— ഔഷധങ്ങളിൽ ദ്രവദ്രവ്യങ്ങളുടെ പൂർണ്ണമാത്ര അര തുടവും ഒരു തുടവുമാകുന്നു. ജലത്തിൽ കലക്കി ഉപയോഗിക്കേണ്ടവ നെല്ലിക്കപ്രമാണവും, ലേപനങ്ങൾ നെല്ലിടയും അഞ്ജനങ്ങൾ യവത്തിൻെറ അളവിലും നസ്യങ്ങൾ പന്ത്രണ്ടു തുള്ളിവരെയും ഉത്തമമാത്രകളാകുന്നു. ജലധാരയ്ക്കു് മൂന്നേമുക്കാൽ നാഴികയും, അതിൽ പകുതിയെന്നും പക്ഷമുള്ളതിനാൽ വിറക്കുന്നതുവരെ ചെയ്യാൽ ഉത്തമമാത്രയാകുന്നു. ലേഹങ്ങൾ 3 കഴഞ്ചുവേണം.

5) **കുളിക്കുന്നതിനു്:**— രാമച്ചം വെളുത്തുള്ളി, കായം, വയമ്പു്, അഘോരിവേരു്, ത്രിഫല, ഇരുവേലി, ചന്ദനം ഇവ ഒരു പലംവീതം ചതച്ചു് കുളിക്കുവാനുള്ള വെള്ളത്തിലിട്ടു് ഒററ തീയാൽ തിളപ്പിച്ചു് ആറിയതിനുശേഷം നേരിയ ചൂടിൽ കുളിക്കുക. ഇപ്രകാരം മൂന്നുകുളി. അതു കഴിഞ്ഞാൽ നാഴിപാലിൽ 2 കഴഞ്ചു കുരുമുളകു് പൊടിച്ചിട്ടു് തിളപ്പിച്ചു് ശിരസ്സുമുതൽ പാദംവരെ പുരട്ടി അരമണിക്കൂർ കഴിഞ്ഞു് നേരിയ ചൂടുവെള്ളത്തിൽ കുളിക്കുക. കുളികഴിഞ്ഞു് 3 ദിവസം നീലയമരികഷായം കുടിക്കുക.

6) വിഷരോഗിയെ തേപ്പിക്കാനുള്ള തൈലയോഗങ്ങൾ:— 1) കറുകയും ചിററമൃതും സമം ഇടിച്ചുപിഴിഞ്ഞ നീരിൽ നാലൊന്നു എണ്ണചേർത്തു, ഇരട്ടിമധുരം, മഞ്ഞൾ, മരമഞ്ഞൾ, ചന്ദനം ഇവ അരച്ചുകലക്കി (നാഴിയെണ്ണയ്ക്കു് 4 കഴഞ്ചെന്നും 6 കഴഞ്ചെന്നും കൽക്കൻെറ കണക്കു്) കാച്ചി, മെഴുകു്, മണൽപാകങ്ങളിൽ (പ്രായംനോക്കി) അരിച്ചു് തേപ്പിക്കുന്നതു് വിഷരോഗികൾക്കു നല്ലതാണു്.

2) കയ്യുണ്യനീരിൽ, ഇരട്ടിമധുരം, അമുക്കുരം, വയമ്പു് ഇവ കൽക്കൻചേർത്തു എണ്ണകാച്ചിയും ഉപയോഗിക്കാം.

3) ദശപുഷ്പങ്ങൾ ഇടിച്ചുപിഴിഞ്ഞ നീരിൽ, ഇരട്ടിമധുരം, ചുക്കു്, മുളകു്, ദേവതാരം, തകരം, കൊട്ടം, ചന്ദനം എന്നിവ കൽക്കംചേർത്തു് എണ്ണകാച്ചി തേപ്പിക്കുന്നതു് സർവ്വവിഷഹരമാകുന്നു.

4) കാഞ്ഞിരക്കുരു ഇട്ടു മൂപ്പിച്ച എണ്ണ ഏതു വിഷത്തേയും ഹനിക്കുന്നു. സർവ്വവിഷരോഗികൾക്കും നന്ന്.

7) ഘൃതയോഗങ്ങൾ:- 1) അമരിയില, ചെറുചീര ഇവ സമൂലം ഇടിച്ചുപിഴിഞ്ഞ നീരിന്റെ നാലിലൊന്നു നെയ്യും ചേർത്ത് ഇവയുടെ വേരുതന്നെ (നാഴിക്കു 4 കഴഞ്ചു കണക്കു കണ്ട്) കൽക്കം അരച്ചുചേർത്തു കാച്ചിയരിച്ചു സേവിച്ചാൽ പിത്താധിക്യവിഷങ്ങളും രക്തദോഷങ്ങളും തീരും.

2) അമൽപൊരിവേരു്, കരളകം ഇവ കഷായംവച്ച് (ഇടങ്ങഴി വെള്ളത്തിനു 1 പലം മരുന്ന്) നാലൊന്നാക്കി കഷായത്തിന്റെ നാലിലൊന്നു നെയ്യുംചേർത്ത് ചുക്കു, മുളകു, തിപ്പലി ഇവ കൽക്കംചേർത്ത് നെയ്യു കാച്ചി സേവിക്കുക. വിഷം ശമിക്കും.

3) നീലീഘൃതം:- അമരിവേർ, ചങ്ങലംപരണ്ട, വേപ്പിൻതൊലി, ഉങ്ങിൻതൊലി ഇവ 4 പലംവീതം പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് നാലൊന്നാക്കി പിഴിഞ്ഞരിച്ച് അമരിവേർ, വയമ്പ്, ചുക്കു, മുളകു, തിപ്പലി, മഞ്ഞൾ, മരമഞ്ഞൾ, ഇരട്ടിമധുരം, കുടകപ്പാലയരി, ഇന്തുപ്പ്, അമുക്കുരം, തകരം, ചന്ദനം, മുത്തങ്ങാ, പാടക്കിഴങ്ങ്, വിഷവേഗം (കരളകം) ഇവ കൽക്കംചേർത്തു നെയ്യുകാച്ചി സേവിക്കുക. വിഷത്തിനു് അമൃതോപമമായ ഈ നീലീഘൃതം സർവ്വ വിഷാപഹമാകുന്നു.

8) വിഷം കലർന്ന ഭക്ഷണലക്ഷണങ്ങൾ:- ചോറിൽ വിഷം കലന്നാൽ വേകുന്നതിനു താമസം, കൊഴുപ്പ്, അതിൽനിന്നും വരുന്ന ആവിക്കു മയിൽകഴുത്തുപോലെ നിറം, സ്വാഭാവിക ഗന്ധവർണ്ണങ്ങൾക്കു വ്യത്യാസം ഇവ കാണാം. ഭക്ഷിച്ചാൽ വായിൽനിന്നും ജലസ്രവണം, മോഹം, മൂർഛ എന്നിവകൾ ഉണ്ടാകും. വ്യഞ്ജനങ്ങൾ അതിവേഗം വററിവരണ്ട് നുരയും പതയുമായിരിക്കും. ഇലക്കറികൾ, മാംസം മുതലായവ പരസ്പരം യോജിക്കാതെ രുചിവ്യത്യാസത്തോടുകൂടിയിരിക്കും. രസത്തിൽ നീലനിറവും, പാലിൽ ചെമ്പുനിറവും, തൈരിൽ

ശ്യാമനിറവും ഉള്ള രേഖകൾ കാണും. നെയ്യ് വെള്ളംപോലെയാകും. മദ്യം കറുത്തുപോകും. തേനിൽ പച്ചനിറവും. എണ്ണ വെള്ളത്തിനു തുല്യമായിരിക്കും.

വിഷസംസർഗ്ഗമുണ്ടെന്നു സംശയമുള്ള ഭക്ഷണസാധനം പക്ഷിമൃഗാദികൾക്കു കൊടുത്തുനോക്കിയാൽ അവയുടെ ഭാവ, വികാരവ്യത്യാസങ്ങൾ കണ്ടു് വിഷത്തിന്റെ ശക്തി മനസ്സിലാക്കാവുന്നതാണു്. ഈച്ചകൾ ഉടൻ ചത്തുവീഴും. കാക്ക അതു കാണുമ്പോൾതന്നെ ഒച്ച പതറുന്നു. മററു ചില പക്ഷികൾ ഉച്ചത്തിൽ കരഞ്ഞു് ശബ്ദമുണ്ടാക്കുന്നു.

വിഷസങ്കലിതമായ സാധനങ്ങൾ അഗ്നിയിലിട്ടാൽ അഗ്നി അചഞ്ചലമായി ആളിക്കത്തുകയും, അതിനു മയിൽ കഴുത്തിൻനിറവും, ചിലപ്പോൾ പുകഞ്ഞും ദുർഗ്ഗന്ധത്തോടുകൂടിയും ജ്വാലയില്ലാതെയും കാണപ്പെടുന്നതാണു്.

Printed at the St· Joseph's Press, Mannanam.
1967.

MARAM LIBRARY
ORE-560

D C H Library
*00072580*
Q64 ST53

# ആവശ്യപ്പെടുക

“വിഷവൈദ്യം– പ്രഥമ ചികിത്സയും പ്രത്യൗഷധങ്ങളും” എന്ന പുസ്തകവും, “വിഷവൈദ്യാമൃതം” എന്ന ചികിത്സാസഹായിയും താഴെപ്പറയുന്ന മരുന്നുകളും ആവശ്യക്കാർക്ക് സൗജന്യനിരക്കിൽ അടിയിൽ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

**ഗരളഭേദി**
**വിഷകുഠാരം**
**വിഷസംഹാരി**
**മൃതസഞ്ജീവനി**

റവ. ബ്രദർ സൈമൺ സി. എം. ഐ.
സെൻറ് ആൻറണീസ് മോണാസ്റ്ററി,
പുതുപ്പള്ളി P. O.
കോട്ടയം-11.

# വിഷവൈദ്യം

(പ്രഥമ ചികിത്സകളും പ്രത്യൗഷധങ്ങളും)

ഗ്രന്ഥകർത്താവ്

**ബ്രദർ സൈമൺ സി. എം. ഐ.**

DHARMARAM COLLEGE
LIBRARY
BANGALORE-29

R 64
ST 53

...വ. ...ed at the St. Joseph's Press, Mannanam.
1967.